# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.9/233/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 27/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.9/233/2022 തീയ്യതി: 27/03/2022

## ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-09-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 07-02-2022 | 18-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-02-2022 | 18-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സാബു പി, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ. രാജീവ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ശ്രീദേവി ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ലേഖ പി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.എം.എസ്.സന്തോഷ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ക്ലീറ്റസ് | സെക്രട്ടറി | 01-04-2019 | 14-07-2019 |
| ശ്രീ.ജോജോസ് ബൈജു | സെക്രട്ടറി | 15-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.രാജു | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| സ്വപ്ന സലിം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 30-11-2019 |
| ബിന്ദു ഡി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-12-2019 | 31-12-2019 |
| ലക്ഷ്മി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-01-2020 | 31-03-2020 |
| ഡോ.ജോമാർട്ടിൻ കുഞ്ചറിയ | മെഡിക്കൽ ഓഫീസർ,(പി എച്ച്.സി, മണ്ണഞ്ചേരി) | 01-04-2019 | 31-03-2020 |
| ഡോ.ജയേഷ് | മെഡിക്കൽ ഓഫീസർ,(ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ.രഞ്ജു | മെഡിക്കൽ ഓഫീസർ,(ഹോമിയോ) | 01-04-2019 | 31-03-2020 |
| സൂര്യ പി.എസ് | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2019 | 31-03-2020 |
| അജിത് കുമാർ വൈ | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| മുഹമ്മദ് കുഞ്ഞ് ആശാൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| എ.അബ്ദുൾസലാം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ബാബുമോൻ ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| സൗമ്യ എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| പി.ഷിബു | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഉഷാകുമാരി.എം | ഹെഡ്മിസ്ട്രസ്,ഗവ.യു.പി.എസ്. | 01-04-2019 | 31-03-2020 |
| ഡോ.ജീന | മെഡിക്കൽ ഓഫീസർ,(പി | 01-04-2019 | 11-03-2020 |

| | | | |
|---|---|---|---|
| | എച്ച്.സി,കലവൂർ) | | |
| രജി ജി .വി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.സഫീർ എ | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി.കലവൂർ)) | 12-03-2020 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sreedevi.R (Senior Grade Auditor, On 13-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 25-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sreedevi.R (Senior Grade Auditor, On 13-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 25-03-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: P.Sabu (Audit Officer (HG), On 18-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-02-2022) | 1-2-1 |
| 4 | വാർഷിക ധനകാര്യപത്രിക- മറ്റ് അപാകതകൾ<br>Written By: P.Sabu (Audit Officer (HG), On 18-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-02-2022) | 1-2-2 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sreedevi.R (Senior Grade Auditor, On 13-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 13-02-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)<br>Written By: Sreedevi.R (Senior Grade Auditor, On 13-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 24-03-2022) | 1-4 |
| 7 | പദ്ധതി അവലോകനം.<br>Written By: Sreedevi.R (Senior Grade Auditor, On 13-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 24-03-2022) | 1-5 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Sreedevi.R (Senior Grade Auditor, On 13-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 13-02-2022) | 1-6 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sreedevi.R (Senior Grade Auditor, On 13-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 24-03-2022) | 1-7 |
| 10 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Sreedevi.R (Senior Grade Auditor, On 13-02-2022)<br>Last Updated By: Lekha (Auditor, On 23-03-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: P.Sabu (Audit Officer (HG), On 20-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 20-02-2022) | 1-9 |
| 12 | ചെക്ക് പണമാക്കാത്തത് സംബന്ധിച്ച്<br>Written By: Lekha (Auditor, On 19-02-2022)<br>Last Updated By: Lekha (Auditor, On 19-02-2022) | 1-10 |
| 13 | വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത- നഷ്ടം-9915 രൂപ<br>Written By: Rajeev.R (Senior Grade Auditor, On 18-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 24-03-2022) | 1-11 |
| 14 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല<br>Written By: Lekha (Auditor, On 18-02-2022)<br>Last Updated By: Lekha (Auditor, On 25-03-2022) | 1-12 |
| 15 | ആവശ്യമായ ഫീസ് ഈടാക്കാതെ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകി<br>Written By: Lekha (Auditor, On 18-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 25-03-2022) | 1-13 |
| 16 | ഉപയോഗക്രമം മാറിയെങ്കിലും നികുതി പുനർ നിർണ്ണയിച്ചില്ല.<br>Written By: Rajeev.R (Senior Grade Auditor, On 18-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 25-03-2022) | 1-14 |
| 17 | ലേലതുക പൂർണ്ണമായും ഈടാക്കിയില്ല<br>Written By: Lekha (Auditor, On 18-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 24-03-2022) | 1-15 |

| | | |
|---|---|---|
| 18 | കുട്ടിച്ചേർക്കലുകൾക്കുശേഷം ബാധകമാകുന്ന വസ്തു നികുതി ഈടാക്കിയില്ല.<br>Written By: Rajeev.R (Senior Grade Auditor, On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 1-16 |
| 19 | വാടക കുടിശ്ശിക ഈടാക്കിയില്ല<br>Written By: Lekha (Auditor, On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 1-17 |
| 20 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: Lekha (Auditor, On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 1-18 |
| 21 | ഹോമിയോ ആശുപത്രി കെട്ടിടം നിർമ്മാണം-അപാകതകൾ ( എസ്സ് ഒ – 151/18)-നഷ്ടം-24820/-<br>Written By: P.Sabu (Audit Officer (HG), On 17-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 1-19 |
| 22 | പ്ലാസ്റ്റിക് കളക്ഷൻ സെന്റർ നിർമ്മാണം-അപാകതകൾ ( എസ്സ് ഒ – 146/19)-നഷ്ടം-21721/- രൂപ<br>Written By: P.Sabu (Audit Officer (HG), On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 1-20 |
| 23 | പഞ്ചായത്തിലെ ഘടകസ്ഥാപനങ്ങൾക്ക് സോളാർ പവർ ഗ്രിഡ് (Spill Over) – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: Sreedevi.R (Senior Grade Auditor, On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 20-02-2022) | 1-21 |
| 24 | പൈക ഫണ്ടുപയോഗിച്ച് വോളിബോൾ കോർട്ട് നിർമ്മാണം - നഷ്ടം -25341/-രൂപ-<br>Written By: P.Sabu (Audit Officer (HG), On 18-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 24-03-2022) | 1-22 |
| 25 | വക്കീലന്മാരുടെ ആദായത്തിൽ നിന്നും റ്റി.ഡി.എസ്. ഈടാക്കാത്തതിനാൽ കേന്ദ്ര സർക്കാരിന് 11515 രൂപ നഷ്ടം<br>Written By: Rajeev.R (Senior Grade Auditor, On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 1-23 |
| 26 | അനുവദനീയമായതിലും അധിക തുക നല്കി- നഷ്ടം 28600/-<br>Written By: Sreedevi.R (Senior Grade Auditor, On 26-03-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 26-03-2022) | 1-24 |
| 27 | കരാർ നിരക്കിലും അധിക തുക നൽകി-നഷ്ടം-1965/-രൂപ<br>Written By: Rajeev.R (Senior Grade Auditor, On 18-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 24-03-2022) | 1-25 |
| 28 | തെരുവ് വളക്കുകളുടെ അറ്റകുറ്റ പണികൾക്കുള്ള ചെലവുകൾ അനൌദ്യോഗിക രേഖകളെ ആസ്പദമാക്കി നൽകുന്നു.<br>Written By: Rajeev.R (Senior Grade Auditor, On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 1-26 |
| 29 | തെരുവ് വിളക്കുകൾ മീറ്റേഡ് വിഭാഗത്തിലേക്ക് മാറ്റാത്തതിനാൽ അധിക ചെലവ്<br>Written By: Rajeev.R (Senior Grade Auditor, On 18-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 24-03-2022) | 1-27 |
| 30 | പരസ്യ ചാർജ്ജിനത്തിൽ ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല-നഷ്ടം-9072/-രൂപ<br>Written By: Sreedevi.R (Senior Grade Auditor, On 18-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 20-02-2022) | 1-28 |
| 31 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രോജക്ട് -പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല<br>Written By: Sreedevi.R (Senior Grade Auditor, On 18-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 25-03-2022) | 1-29 |
| 32 | കാലിത്തീറ്റ സബ്സിഡി-മിൽമയുടെ ഇൻവോയ്സിൽ അധികരിച്ച തുക | 1-30 |

| | | |
|---|---|---|
| | നൽകി-അധികചെലവ്-34888/-രൂപ<br>Written By: Lekha (Auditor, On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 20-02-2022) | |
| 33 | ഫ്രണ്ട് ഓഫീസ് എ.സി.ആക്കൽ, പഞ്ചായത്ത് കോൺഫറൻസ് ഹാൾ എ.സി.ആക്കൽ എന്നീ പ്രോജക്ടുകൾ<br>Written By: Sreedevi.R (Senior Grade Auditor, On 18-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 24-03-2022) | 1-31 |
| 34 | കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ഇൻവോയ്സ് ഇല്ലാതെ തുക നൽകി, ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Rajeev.R (Senior Grade Auditor, On 18-02-2022)<br>Last Updated By: Lekha (Auditor, On 25-03-2022) | 1-32 |
| 35 | ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കുന്ന സേവനങ്ങൾക്ക് ജി.എസ്.റ്റി ഈടാക്കി-നഷ്ടം-46973/-<br>Written By: Sreedevi.R (Senior Grade Auditor, On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 20-02-2022) | 1-33 |
| 36 | പ്രിന്റർ വാങ്ങുന്നതിന് തുക ചെലവഴിച്ചു - നാളിതുവരെ പ്രിന്ററോ തുകയോ ലഭിച്ചില്ല<br>Written By: Lekha (Auditor, On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 1-34 |
| 37 | അങ്കണവാടികളിൽ പോഷകാഹാര വിതരണം- ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നില്ല.<br>Written By: Sreedevi.R (Senior Grade Auditor, On 18-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 25-03-2022) | 1-35 |
| 38 | സർക്കാർ നിർദ്ദേശത്തിനുവിരുദ്ധമായി തുകകൈമാറുന്നു<br>Written By: Lekha (Auditor, On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 1-36 |
| 39 | എ.ബി.സി.പ്രോഗ്രാം-ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Sreedevi.R (Senior Grade Auditor, On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 1-37 |
| 40 | ലൈവ് സ്റ്റോക്കിന്റെ വിതരണരേഖകൾ ലഭ്യമാക്കിയില്ല.582500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Rajeev.R (Senior Grade Auditor, On 18-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 24-03-2022) | 1-38 |
| 41 | വി.ഇ.ഒ. നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ പ്രോജക്ടിലെ അപാകതകൾ<br>Written By: Sreedevi.R (Senior Grade Auditor, On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 1-39 |
| 42 | സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം<br>Written By: Sreedevi.R (Senior Grade Auditor, On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 1-40 |
| 43 | ആലഞ്ചേരി - പറത്തറ അടിവാരം തോട് - നിർവ്വഹണത്തിലെ അപാകതകൾ- നഷ്ടം-39084/-<br>Written By: P.Sabu (Audit Officer (HG), On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 1-41 |
| 44 | മടയാം തോട് ആഴംകൂട്ടൽ - നിർവ്വഹണത്തിലെ അപാകതകൾ-<br>Written By: P.Sabu (Audit Officer (HG), On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 1-42 |

| | | |
|---|---|---|
| 45 | നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല- നഷ്ടം-5193/- രൂപ-<br>Written By: P.Sabu (Audit Officer (HG), On 17-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 1-43 |
| 46 | ഒഴിഞ്ഞ ടാർ വീപ്പയുടെ വില ഈടാക്കിയതിൽ കുറവ്-നഷ്ടം-3286/-<br>Written By: P.Sabu (Audit Officer (HG), On 17-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 1-44 |
| 47 | അധിക ഗുണഭോക്തൃ വിഹിതം ഈടാക്കുന്നു.<br>Written By: Rajeev.R (Senior Grade Auditor, On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 1-45 |
| 48 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു-<br>Written By: P.Sabu (Audit Officer (HG), On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 1-46 |
| 49 | കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല-ഈടാക്കാനുള്ളത്-14572/-രൂപ<br>Written By: P.Sabu (Audit Officer (HG), On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 1-47 |
| 50 | 7.5% വോയിഡ്സ് കുറവു ചെയ്യാതെ തുക നൽകി - നഷ്ടം-11867/-<br>Written By: P.Sabu (Audit Officer (HG), On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 1-48 |
| 51 | കോൺക്രീറ്റ് റോഡ് നിർമ്മാണം- പ്രവർത്തിക്ക് ഗുണനിലവാരമില്ല-<br>Written By: P.Sabu (Audit Officer (HG), On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 1-49 |
| 52 | ഉപകരണ വാടക,അനുബന്ധ ചെലവുകൾ-മേറ്റുമാർ ഹാജരാക്കിയിട്ടുള്ള വൌച്ചറുകൾ സുതാര്യമല്ല-<br>Written By: P.Sabu (Audit Officer (HG), On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 1-50 |
| 53 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - മരണപ്പെട്ടവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്നില്ല.<br>Written By: Sreedevi.R (Senior Grade Auditor, On 19-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 1-51 |
| 54 | ഓഡിറ്റ് ഇംപാക്ട് -ക്ഷീരകർഷകന് സബ്സിഡിയിൽ അധികരിച്ച് നൽകിയ തുക തിരികെ ഒടുക്കി<br>Written By: Lekha (Auditor, On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 1-52 |
| 55 | മഴക്കാലപൂർവ്വശുചീകരണം ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Lekha (Auditor, On 19-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-02-2022) | 1-53 |
| 56 | വാഹനം പരിപാലിക്കുന്നതിൽ അപാകത<br>Written By: Rajeev.R (Senior Grade Auditor, On 18-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-02-2022) | 1-54 |
| 57 | ആസ്തി രജിസ്റ്റർ സൂക്ഷിപ്പിലെ ന്യൂനതകൾ<br>Written By: P.Sabu (Audit Officer (HG), On 19-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 19-02-2022) | 1-55 |
| | ഭാഗം **2** | |
| 1 | വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾ മൂലം നഷ്ടം 9915 രൂപ<br>Written By: Rajeev.R (Senior Grade Auditor, On 18-02-2022)<br>Last Updated By: Rajeev.R (Senior Grade Auditor, On 18-02-2022) | 2-1 |
| 2 | ആവശ്യമായഫീസീടാക്കാതെ ലൈസൻസ് നൽകി<br>Written By: Lekha (Auditor, On 19-02-2022)<br>Last Updated By: Lekha (Auditor, On 23-03-2022) | 2-2 |
| 3 | ലേലതുക പൂർണ്ണമായും ഈടാക്കിയില്ല<br>Written By: Lekha (Auditor, On 19-02-2022) | 2-3 |

| | | |
|---|---|---|
| | Last Updated By: Sreedevi.R (Senior Grade Auditor, On 24-03-2022) | |
| | ഭാഗം **3** | |
| 1 | പൈക ഫണ്ടുപയോഗിച്ച് വോളിബോൾ കോർട്ട് നിർമ്മാണം - നഷ്ടം -25341/-രൂപ-<br>Written By: P.Sabu (Audit Officer (HG), On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 3-1 |
| 2 | ഹോമിയോ ആശുപത്രി കെട്ടിടം നിർമ്മാണം-അപാകതകൾ ( എസ്സ് ഒ – 151/18)-നഷ്ടം-24820/-<br>Written By: P.Sabu (Audit Officer (HG), On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 3-2 |
| 3 | ആലഞ്ചേരി - പറത്തറ അടിവാരം തോട് - നിർവ്വഹണത്തിലെ അപാകതകൾ- നഷ്ടം-39084/-<br>Written By: P.Sabu (Audit Officer (HG), On 18-02-2022)<br>Last Updated By: Lekha (Auditor, On 19-02-2022) | 3-3 |
| 4 | കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല-ഈടാക്കാനുള്ളത്-14572/-രൂപ<br>Written By: P.Sabu (Audit Officer (HG), On 18-02-2022)<br>Last Updated By: Lekha (Auditor, On 19-02-2022) | 3-4 |
| 5 | വക്കീലന്മാരുടെ ആദായത്തിൽ നിന്നും റ്റി.ഡി.എസ്. ഈടാക്കാത്തതിനാൽ കേന്ദ്ര സർക്കാരിന് 11515 രൂപ നഷ്ടം<br>Written By: P.Sabu (Audit Officer (HG), On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 3-5 |
| 6 | അനുവദനീയമായതിലും അധിക തുക നൽകി, നഷ്ടം-28600 രൂപ.<br>Written By: P.Sabu (Audit Officer (HG), On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 3-6 |
| 7 | 7.5% വോയിഡ്സ് കുറവ് ചെയ്യാതെ തുക നൽകി - നഷ്ടം-11867/-<br>Written By: P.Sabu (Audit Officer (HG), On 18-02-2022)<br>Last Updated By: Lekha (Auditor, On 19-02-2022) | 3-7 |
| 8 | ഒഴിഞ്ഞ ടാർ വീപ്പയുടെ വില ഈടാക്കിയതിൽ കുറവ്-നഷ്ടം-3286/-<br>Written By: P.Sabu (Audit Officer (HG), On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 3-8 |
| 9 | പ്ലാസ്റ്റിക് കളക്ഷൻ സെന്റർ നിർമ്മാണം-അപാകതകൾ ( എസ്സ് ഒ – 146/19)-നഷ്ടം-21721/- രൂപ<br>Written By: P.Sabu (Audit Officer (HG), On 18-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 19-02-2022) | 3-9 |
| 10 | നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല- നഷ്ടം-5193/- രൂപ-<br>Written By: P.Sabu (Audit Officer (HG), On 18-02-2022)<br>Last Updated By: Lekha (Auditor, On 19-02-2022) | 3-10 |
| 11 | കരാർ നിരക്കിലും അധിക തുക നൽകി-നഷ്ടം-1965/-രൂപ<br>Written By: P.Sabu (Audit Officer (HG), On 19-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 24-03-2022) | 3-11 |
| 12 | പരസ്യ ചാർജ്ജിനത്തിൽ ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല-നഷ്ടം-9072/-രൂപ<br>Written By: P.Sabu (Audit Officer (HG), On 20-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 20-02-2022) | 3-12 |
| 13 | ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കുന്ന സേവനങ്ങൾക്ക് ജി.എസ്.റ്റി ഈടാക്കി-നഷ്ടം-46973/-<br>Written By: P.Sabu (Audit Officer (HG), On 20-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 20-02-2022) | 3-13 |
| 14 | ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് മരണശേഷവും തുക ക്രഡിറ്റാകുന്ന - നഷ്ടം 38900/- | 3-14 |

| | | |
|---|---|---|
| | Written By: Sreedevi.R (Senior Grade Auditor, On 20-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 20-02-2022) | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sreedevi.R (Senior Grade Auditor, On 13-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 13-02-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം<br>Written By: Sreedevi.R (Senior Grade Auditor, On 13-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 13-02-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ .<br>Written By: Sreedevi.R (Senior Grade Auditor, On 13-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 13-02-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sreedevi.R (Senior Grade Auditor, On 13-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 24-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sreedevi.R (Senior Grade Auditor, On 13-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 13-02-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sreedevi.R (Senior Grade Auditor, On 13-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 13-02-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sreedevi.R (Senior Grade Auditor, On 13-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 13-02-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sreedevi.R (Senior Grade Auditor, On 13-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 13-02-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sreedevi.R (Senior Grade Auditor, On 17-02-2022)<br>Last Updated By: P.Sabu (Audit Officer (HG), On 25-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sreedevi.R (Senior Grade Auditor, On 13-02-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 24-03-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20വർഷത്തെ ബജറ്റ് 21.02.2019തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 427754487 | 393258298 |
| വാർഷിക കണക്ക് പ്രകാരം | 220438606 | 238663580 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.07.2020 | 05.06.2020 |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2019-20 ലെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ താഴെച്ചേർക്കുന്നു.

1. B18 ഷെഡ്യൂളിലെ കോഡ് നമ്പർ 460100102 Permanent Advance / Imprest- ലഭിക്കാനുള്ള തുക 4564 രൂപയാണ്. എന്നാൽ അനുവദനീയമായ Permanent Advance / Imprest- 1000 രൂപയാണ്.
2. കോഡ് നമ്പർ 450230101 കോ.ഒപ്പറേറ്റീവ് ബാങ്ക് തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുള്ള താഴെപ്പറയുന്നന ചെക്കുകൾ 18.06.20 ന് സ്റ്റെയിൽ ചെക്കുകളായെങ്കിലും 20.11.20 ൽ ഐ.എൽ.ജി.എം.എസ് നിലവിൽ വരുന്നതുവരെ ഇവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

| ക്രമ നം. | ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 49777 | 19.03.20 | 500 |
| 2 | 49777 | 19.03.20 | 5590 |
| 3 | 49777 | 19.03.20 | 1245 |
| 4 | 49778 | 19.03.20 | 472 |
| 5 | 49780 | 19.03.20 | 193 |
| 6 | 49741 | 19.03.20 | 169 |
| 7 | 49742 | 19.03.20 | 318 |

3. ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീയിനങ്ങളിൽ മൂന്ന വർഷത്തിലേറെയായി അവകാശമുന്നയിക്കാത്ത തുകകൾ അവശേഷിക്കുന്നു. 2016 ന ശേഷം ഇങ്ങനെയുള്ള തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

## 1-2-2 വാർഷിക ധനകാര്യപത്രിക- മറ്റ് അപാകതകൾ

1. B18 ഷെഡ്യൂളിലെ കോഡ് നമ്പർ 460500501 (അഡ്വാൻസ് റ്റു ഇംപ്ളിമെന്റിംഗ് ഓഫീസേഴ്സ് ) എന്ന ഹെഡ്ഡിൽ 330000 രൂപ ലഭിക്കാനുള്ളതായി കാണുന്നു. ഇന്നോവേറ്റീവ് ഫൈബർ പ്രോഡക്ട്സ് എന്ന സ്ഥാപനത്തിന് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ ശുചിത്വ മിഷനിൽ നിന്ന് തുക ലഭിക്കും വരെ അഡ്വാൻസായി തനത് ഫണ്ടിൽ നിന്ന് നൽകിയ തുകയാണിത്. ഈ തുക ശുചിത്വ മിഷനിൽ നിന്ന് ഇതു വരെ തിരികെ ലഭിച്ചിട്ടില്ല. ശുചിത്വ മിഷനിൽ നിന്ന് തുക ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചയത്തിൽ നിന്നും ജോയിന്റ് വെൻച്വർ പ്രോജക്ടിനായി ലഭിച്ച തുകയുടെ നീക്കിയിരിപ്പ് ബി-4 ഷെഡ്യൂള് പ്രകാരം യഥാക്രമം1160000, 104624,250000,356128,227575 രൂപയാണ്. ആകെ തുക 20,98,327 രൂപ.എന്നാൽ ബി-17 ഷെഡ്യൂളിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൌണ്ടിൽ (കോഡ് നം. 450650109)

നീക്കിയിരിപ്പ് 1955429 രൂപയാണ്. വ്യത്യാസം 142898 രൂപ.

ഇപ്പോൾ ജില്ലാ / ബ്ലോക്ക് പഞ്ചായത്തുകൾ വിഹിതം ട്രഷറി ബിൽ സിസ്റ്റത്തിൽകൂടി ലഭ്യമാക്കുന്നതിനാൽ വരും വർഷങ്ങളിൽ ഈ തുകയിൽ നിന്ന് (20,98,327 രൂപ)ചെലവുണ്ടാകില്ല. ആയതിനാൽ ഇപ്പോഴുള്ള സ്പിൽ ഓവർ പ്രോജക്ടുകൾക്കായുള്ള തുക നീക്കി വെച്ചതിനുശേഷം അവശേഷിക്കുന്ന തുക പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായിസർക്കാരിലേക്ക് തിരിച്ചടയ്ക്കാവുന്നതാണ്.

5. ബി-4 ഷെഡ്യൂളിലെ കോഡ് നമ്പർ 320800101- ബെനിഫ്യിഷ്യറി കോൺട്രിബ്യൂഷൻ എന്ന ഹെഡ്ഡിൽ അവശേഷിക്കുന്ന തുക 356128 രൂപയാണ്. ഇത് മുൻവർഷങ്ങളിലെ നീക്കിയിരിപ്പും നടപ്പു വർഷത്തെ നീക്കിയിരിപ്പും ചേർന്നതാണ്. ഇതിൽ നിന്നും സ്പിൽ ഓവർ പ്രോജക്ടുകൾക്കായി നൽകാനുള്ള തുകയ്ക്കുശേഷമുള്ള നീക്കിയിരിപ്പിൽ , മൂന്ന് വർഷത്തിലധികമായി അവശേഷിക്കുന്ന തുക ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രോജക്ടുകളിൽ അധിക തുക 2019-20 വർഷം ബെനിഫ്യിഷ്യറി കോൺട്രിബ്യൂഷനായി ഈടാക്കിയിട്ടുണ്ട്. ഇത്തരം പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 46727045 |
| വരവ് | 133591835 |
| ആകെ | 180318880 |
| ചെലവ് | 151816809 |
| നീക്കിയിരിപ്പ് | 28502071 |

## 1-4 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ക്രമനം. | ഫണ്ടിനം | മുൻബാക്കി | വരവ്(എ.സി.ആർ.പ്രകാരം) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട്-പൊതുവിഭാഗം | 0 | 31627471 | 31627471 | 19852048 | 11775423 |
| 2 | വികസനഫണ്ട്-എസ്.സി.പി | 0 | 9564471 | 9564471 | 3520476 | 6043995 |
| 3 | വികസനഫണ്ട്-ടി.എസ്.പി | 0 | 227000 | 227000 | 133552 | 93448 |
| 4 | സംരക്ഷണ ഗ്രാന്റ് -റോഡ് | 0 | 8218000 | 8218000 | 3905511 | 4312489 |
| 5 | സംരക്ഷണഗ്രാന്റ് -നോൺ റോഡ് | 0 | 7308000 | 7308000 | 5908712 | 1399288 |
| 6 | ധനകാര്യകമ്മീഷൻ ഗ്രാന്റ്- | 0 | 21959413 | 21959413 | 7374464 | 14584949 |
| 7 | ധനകാര്യകമ്മീഷൻ ഗ്രാന്റ്-performance Based | 0 | 3480600 | 380600 | 427597 | 3053003 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 276 | 302457095 | 87 | 106691007 | 43 | 146 | 32 |

## 1-6 ക്ഷേമ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 391800 | 419 |
| കർഷകതൊഴിലാളി പെൻഷൻ | 4638000 | 825 |
| വിധവാ പെൻഷൻ | 7662600 | 1101 |
| വാർദ്ധക്യകാല പെൻഷൻ | 20964300 | 2840 |
| വികലാംഗ പെൻഷൻ | 4278200 | 730 |
| അവിവാഹിത പെൻഷൻ | 583800 | 84 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 60000 | 2 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8070 | 1714257 | 1722327 | 1611745 | 110582 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 48719871 | 48719871 | 48719871 | 0 |
| | 8070 | 50434128 | 50442198 | 50331616 | 110582 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.02.2022ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10718/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു..അതിനോടൊപ്പം ഏർപ്പെടുത്തിയിട്ടുള്ള ഹെൽപ്പ് ഡെസ്ക് സംവിധാനം പഞ്ചായത്തിന്റെ സേവനങ്ങൾ വളരെ വേഗത്തിൽ പൊതുജനങ്ങൾക്ക് ലഭിക്കുന്നതിന് വളരെയധികം സഹായകരമാണ്.

2. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

3.വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല. തൻവർഷത്തെ പല വാങ്ങലുകളും യഥാർത്ഥ വിലയെക്കാൾ വളരെ അധികരിച്ചാണ് വാങ്ങിയിട്ടുള്ളതെന്ന് പരിശോധനയിൽ കണ്ടു.

4.തെരുവ് വിളക്കുകളുടെ വാങ്ങൽ വിവരങ്ങളും വിതരണ വിവരങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയ്ക്കായി വാങ്ങിയിട്ടുള്ള ഉപകരണങ്ങളുടെ വിനിയോഗ വിവരം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

5.ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

6.തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെയൊന്നും തന്നെ മോണിട്ടറിംഗ് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഒരു പ്രവർത്തിയിലും പൂർത്തീകരണ സർട്ടിഫിക്കറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

7. തുടർ നടപടികളുടെ സമയോചിതമായ അഭാവം മൂലം ലക്ഷങ്ങൾ ചെലവഴിച്ച പദ്ധതികൾ ലക്ഷ്യം കൈവരിക്കാതെ അവശേഷിക്കുന്നു.

8. വിവിധ സ്കീമുകളിൽപ്പെടുത്തി പഞ്ചായത്തിൽ നിരവധി ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷൻ നൽകിയിട്ടുണ്ടെങ്കിലും വാട്ടർ ടാപ്പുകളുടെ എണ്ണം കുറവ് ചെയ്യുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

9. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-04-AD-9000 എന്ന വാഹനത്തിന്റെ പരിപാലനം സംബന്ധിച്ച് ഫ്യൂവൽ രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ തുടങ്ങിയവ എഴുതി സൂക്ഷിച്ചിട്ടില്ല. ലോഗ് ബുക്ക് പരിശോധിച്ചതിൽ മാസാന്ത്യ സംക്ഷിപ്തവും

രേഖപ്പെടുത്തുന്നില്ല.
മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന - ക്ഷേമകാര്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 ചെക്ക് പണമാക്കാത്തത് സംബന്ധിച്ച്

പഞ്ചായത്തിലെ തനത്ഫണ്ട് പണമൊടുക്ക് പരിശോധനയിൽ താഴെപ്പറയുന്നഅപാകതകൾ ഉണ്ട്
1)എസ്.ഡി.ഫാർമസി ലിമിറ്റഡ് 31.3.2021 ൽ നൽകിയ ചെക്ക് നം 315307 Dt 31.3.2021 പ്രകാരമുള്ള 41517 /-രൂപ( 2020-21വസ്തുനികുതി)നാളിതുവരെ ലഭിച്ചിട്ടില്ല.

2)പഞ്ചായത്തിൽ ലഭിക്കുന്ന ചെക്ക്/ ഡിമാന്റ് ഡ്രാഫ്റ്റ് എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി ഓഡിറ്റ് കാലയളവിൽ ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3)ആലപ്പുഴ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിലെ തനതുഫണ്ട് അക്കൌണ്ടിന്റെ(A/c -40321001004310 )സ്റ്റേറ്റ്മെന്റിൽ ക്ലിയറൻസിനായി നൽകുന്ന ചെക്കുകളുടെ ചെക്ക് നമ്പർ രേഖപ്പെടുത്തുന്നില്ല. എല്ലാ ചെക്ക് ക്ലിയറൻസിനും ഒരേനമ്പർതന്നെയാണ് രേഖപ്പെടുത്തികാണുന്നത് .ഇത് ചെക്ക് പണമായിമാറുന്നത് പരിശോധിക്കുന്നത് പ്രയാസകരമാണ്.ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം(42/17.2.2022) നൽകിയതിന്റെ മറുപടിപ്രകാരം എസ്.ഡി.ഫാർമസി നൽകിയ ചെക്ക് ആലപ്പുഴ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് മണ്ണഞ്ചേരി ബ്രാഞ്ചിലെ തനതുഫണ്ട് അക്കൌണ്ടിലേക്ക് നൽകിയെങ്കിലും ക്യാഷ് ചെയ്തില്ല.ചെക്ക് കാലഹരണപ്പെട്ടതിനെ തുടർന്ന് ഉടമ മറ്റൊരുചെക്കുകൂടി 30.9.2021 ൽ നൽകിയതും മടങ്ങുകയുണ്ടായി .രണ്ടുപ്രാവശ്യം ചെക്ക് മടങ്ങിയതിനാൽഭരണസമിതി തീരുമാനപ്രകാരമം നിയമനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.പഞ്ചായത്തിനെ ഇത്തരത്തിൽ കബളിപ്പിക്കുന്നവർക്കതിരെ നിയമനടപടികൾ സ്വീകരിച്ച് തുക ഈടാക്കേണ്ടതാണ്.ചെക്കുകൾ ക്യാഷ് ആകുമ്പോൾ ചെക്കിന്റെ വിവരം കൂടി ബാങ്ക് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്താൻ രേഖാമൂലം ആവശ്യപ്പെടുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

## 1-11 വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത- നഷ്ടം-9915 രൂപ

താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം പരിശോധിച്ചപ്പോൾ, വസ്തു നികുതി നിർണ്ണയത്തിലെ ചില അപാകതകൾ മൂലം പഞ്ചായത്തിന് നഷ്ടമുണ്ടായതായി കണ്ടു. വിശദാംശം താഴെച്ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ/ ഉടമയുടെ പേര് | തറ വിസ്തീർണ്ണം | നിരക്ക് | ബാധകമായ വസ്തു നികുതി (വർദ്ധനവ്/ ഇളവുൾപ്പടെ | ഈടാക്കിയി അടിസ്ഥാന വസ്തു നികുതി | 2019-20 മുതൽ 2021-22 വരെയുള്ള നഷ്ടം |
|---|---|---|---|---|---|---|
| 1 | 19/295A-B മുംതാസ് , മാപ്പിളതൈയ്യിൽ | 101.6 M2 | 70 | (-10% മേൽക്കൂര) 7112-711 =6401 | A-1548<br>B-1548<br>-------------<br>3096 | 3305x3= 9915 രൂപ. |
| ആകെ | | | | | | 9915 |

2019-20 മുതലുള്ള നഷ്ടമായ 9915 രൂപ ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 1-12 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205,1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ,സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ്

ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയില്ല.

1)മണ്ണഞ്ചേരി സൌത്ത് ക്ഷീരോൽപ്പാദക സഹകരണസംഘം

2) നേതാജി ക്ഷീരോൽപ്പാദക സഹകരണസംഘം

3)മണ്ണഞ്ചേരി സെന്റർ ക്ഷീരോൽപ്പാദക സഹകരണസംഘം

4) രതീഷ്കുമാർ,ബഡ്സ് സ്കൂൾ ഡ്രൈവർ

5)ടൈനിടോട്ട്സ് ഇംഗ്ലീഷ് മീഡിയം സ്കൂൾ

6കോമളപുരം സ്പിന്നിംഗ് മിൽ

7)സി.ഡി.എസ്.അക്കൌണ്ടന്റ്

8) റേഷൻകട ലൈസൻസികൾ

9) താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷ പ്രകാരം നിരവധി തൊഴിലാളികൾ ജോലിചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

1)ഷിർദി സായികുമാർ മാറ്റ്സ് &മാറ്റിംഗ്സ് കമ്പനി (10 തൊഴിലാളികൾ)

2),ജോഷ് മോട്ടോഴ്സ് (വാഹന വിൽപ്പന & റിപ്പയറിംഗ്) (49 തൊഴിലാളികൾ )

ഇവരെ ഡിമാന്റിലുൾപ്പെടുത്തി തൊഴിൽ നികുതി ഈടാക്കാവുന്നതാണെങ്കിലും നികുതി ഈടാക്കിയിട്ടില്ല.
തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം(41/17.2.2022) നൽകിയതിന്ക്രമ നം 6 മുതൽ10 വരെയുള്ളവർക്ക് കത്ത് നൽകി തൊഴിൽ നികുതി അടയ്ക്കുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ക്രമ നം 1മുതൽ 5 വരെയുള്ളവർ 2020-21 വർഷത്തെ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിലും 2019-20 ലെ നകുതി ലഭിച്ചിട്ടില്ല .തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 ആവശ്യമായ ഫീസ് ഈടാക്കാതെ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകി

1) 1996 ലെ കേരള പഞ്ചായത്തിരാജ്(അപകടകരവും അസഹഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾക്ക് 31-10-17 ൽ വരുത്തിയ ഭേദഗതി ചട്ടങ്ങളിലെ പട്ടികII പ്രകാരമുള്ള മൂലധനനിക്ഷേപത്തിന്റ അടിസ്ഥാനത്തിലായിരിക്കണം വാർഷിക ലൈസൻസ് ഫീസീടാക്കേണ്ടത്. 2019-20 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് എടുത്തിട്ടുള്ള താഴെകൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ അപേക്ഷ പരിശോധിച്ചുപ്രകാരം ഇവയോടൊപ്പം ഹാജരാക്കിയിട്ടുള്ള മറ്റ് വകുപ്പുകളുടെ ക്ലിയറൻസിൽ രേഖപ്പെടുത്തിയിട്ടുള്ള മൂലധനനിക്ഷേം അടിസ്ഥാനപ്പെടുത്തി ഈടാക്കാമായിരുന്ന ലൈസൻസ് ഫീസിനേക്കാൾ വളരെ കുറഞ്ഞ തുകയാണ് ഈടാക്കികൊണ്ടിരിക്കുന്നത്.

| കര്മ നം | സ്ഥാപനം/വിലാസം | മറ്റ് വകുപ്പകളിൽ നിന്നുള്ള ക്ലിയറൻസ് | പട്ടിക II പ്രകാരം ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | രേഷ്മ ബേബി,ലേക്ക് കനോപ്പി റിസോർട്ട് 10/840A To L | PCB/ALP/ICO/5546 /19/22.1.2019<br>പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ലൈസൻസ് പ്രകാരം മൂലധന നിക്ഷേപം-600 ലക്ഷം | 10000/- | 4000/-<br>രസീത് നം-118010-106524/ 25.2.2019 |
| 2 | പാം ഫൈബർ ഇൻഡ്യ പ്രൈ.ലിമിറ്റഡ് | PCB/RO/ALPA/ICO-R/05/2018/ | 15000/- | 4000/-<br>രസീത് നം 118010500100/ |

| | | | | |
|---|---|---|---|---|
| | 13/53to63,66,66A, 13/1 | 13.12.2018പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ലൈസൻസ് പ്രകാരം മൂലധന നിക്ഷേപം-16.16 കോടി.(തൊഴിൽ നികുതി പത്രിക പ്രകാരം 552 തൊഴിലാളികളുടെ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട്.) | | 22.2.2019 |
| 3 | അലക്സ് ജോസഫ് എൻ.സി.ജോൺ@ സൺസ് പ്രൈ.ലിമിറ്റഡ്- ജോൺസൺ ഡൈ ഹൌസ് 12/54 To 58 | PCB/ALP/ICO-5178 /18dt06.10.2018 മൂലധനനിക്ഷേപം-184.4 ലക്ഷം | 5000/- | 4000/- രസീത്.നം118010107201/21.3.2019 |
| 4 | അലക്സ് ജോസഫ് എൻ.സി.ജോൺ@ സൺസ് പ്രൈ.ലിമിറ്റഡ്- 1/519,കയർ ബ്രഷ് മാറ്റ് നിർമ്മാണം | PCB/ALP /ICO-5288/188/ 28.6.2018പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ലൈസൻസ് പ്രകാരം മൂലധന നിക്ഷേപം- 248.84 ലക്ഷം. | 10000/- | 4000/- രസീത് നം 118010-106302/15.2.2019 |

2) യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് ഫീസ് പുതുക്കുമ്പോൾ പട്ടികII പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണെങ്കിലും താഴെകൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ അപേക്ഷയിലും അവയോടോപ്പം ഹാജരാക്കിയിരിക്കുന്ന മറ്റ് വകുപ്പുകളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റിലും രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രങ്ങളുടെ കുതിരശക്തിക്കാനുപാതികമായി മോട്ടോർറണ്ണിംഗ് ഫീസീടാക്കിയില്ല

| ക്രമ നം | സ്ഥാപനം/വിലാസം | മറ്റ് വകുപ്പുകളിൽ നിന്നുള്ള ക്ലിയറൻസ് | പട്ടിക II പ്രകാരം ഈടാക്കേണ്ട മോട്ടർറണ്ണിംഗ് ഫീസ് | ഈടാക്കിയ മോട്ടർറണ്ണിംഗ് ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | അലക്സ് ജോസഫ് ,ICM പവർലൂം, കയർ പായ നെയ്ത്ത് 12/59,60 | ഫാക്ടറീസ് @ ബോയ് ലേഴ്സ് ക്ലിയറൻസ് പ്രകാരം ഉപയോഗിക്കുന്ന യന്ത്രങ്ങളുടെ പവർ 67 KW | 1000/- | 500/- 118010107202 /21.3.19 | 500/- |
| 2 | പാം ഫൈബർ ഇൻഡ്യ ലിമിറ്റഡ് | ഫാക്ടറീസ് @ ബോയ് ലേഴ്സ് ക്ലിയറൻസ് പ്രകാരം ഉപയോഗിക്കുന്ന യന്ത്രങ്ങളുടെ പവർ 834.75 KW=1043 HP | 10043/- | 1000/- രസീത് നം 118010500100 /22.2.2019 | 9043/- |

| | | | | | |
|---|---|---|---|---|---|
| 3 | രാജീവ് ഭാസ്കരവാര്യർ, വെനീസ് ഇൻഡസ്ട്രീസ്, 19/67,68,69,70 | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നതു പ്രകാരം 40KW=50 HP | 500/- | 100/-രസീത് നം 118010107536 /30.3.2019 | 400/ |
| ആകെ | | | | | 9943/ |

ഇത് സമ്പന്ധിച്ച് ഓഡിറ്റ് എൻക്വയറി നം(21/15.2.2022) നൽകിയതിന് മറുപടിയായി കുറവു വന്ന മോട്ടോർറണ്ണിംഗ് ഫീസും ലൈസൻസ് ഫീസും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ചട്ടങ്ങളിൽ നിഷ്കർഷിക്കുംപ്രകാരമുള്ള ഫീസുകൾ ഈടാക്കികൊണ്ടുമാത്രം ലൈസൻസ് അനുവദിച്ച നൽകേണ്ടതാണ്.

## 1-14 ഉപയോഗക്രമം മാറിയെങ്കിലും നികുതി പുനർ നിർണ്ണയിച്ചില്ല.

2019-20 വർഷം പഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറി ശ്രീ. സോമൻ.റ്റി.കെ എന്നയാളിന്റെ കെട്ടിടത്തിൽ (8/530)വാടകയ്ക്കാണ്
പ്രവർത്തിച്ചിരുന്നത്. ശ്രീ സോമന് ചെക്ക് നമ്പർ 49699/29.02.20 പ്രകാരം വാടകയായി 15368 രൂപ നൽകിയിട്ടുണ്ട്. സഞ്ചയ പ്രകാരം
ഈ കെട്ടിടത്തിന്റെ ഉപയോഗ ക്രമം ഗാർഹികമാണ്. ഈ കെട്ടിടം വാടകയ്ക്ക നൽകിയ വർഷം മുതൽ ഇതിന്റെ ഉപയോഗ ക്രമം
വാണിജ്യമെന്ന് മാറ്റി അതിനു ബാധകമായ വസ്തു നികുതിയായിരുന്നു ഈടാക്കേണ്ടിയിരുന്നത് എന്നാൽ ഗാർഹിക നിരക്കാണ്
ഈടാക്കിയിരിക്കുന്നത്. നികുതി പുനർനിർണ്ണയിച്ച് പഞ്ചായത്തിനുണ്ടായ നഷ്ടം നികത്തേണ്ടതാണ്.

## 1-15 ലേലതുക പൂർണ്ണമായും ഈടാക്കിയില്ല

പഞ്ചായത്ത് ഓഫീസിന് സമീപമുള്ള പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ യൂസർഫീപിരിക്കുന്നതിനുള്ള അവകാശം 24.6.2019 ലെviii(i) -ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരം 1.6.2019 മുതൽ-31.3.2020 വരെയുള്ള കാലയളവിലേക്ക് നിസാർ,ഇല്ലത്തുവെളി എന്ന വ്യക്തിക്ക് 83250/- രൂപയ്ക്ക് ലേലത്തിലൂടെ സ്ഥിരപ്പെടുത്തി നൽകിയിട്ടുണ്ട്.കരാർ കാലാവധിക്കുള്ളിൽ തവണകളായി 60496/- രൂപ അടച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം(22/15.2.2022) നൽകിയതിന് 11.5.2020ലെ 17/1-ാം നമ്പർ തീരുമാനപ്രകാരം തുക 22754/-രൂപ ഇളവുചെയ്യണമെന്ന ടിയാളുടെ അപേക്ഷ പരിഗണിച്ച് ടിയാനെ നേരിൽകേട്ട് തുടർ നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിതായിഅറിയിച്ചിട്ടുണ്ട്. ഇതിനുശേഷം 22.6.2020ൽ 10000/-രൂപ ടിയാൾ അടവാക്കിയിട്ടുണ്ട് . ലേലതുകയുടെ ബാക്കി 12754/-രൂപ നികുതി ഉൾപ്പെടെപൂർണ്ണമായും ഈടാക്കിഅറിയിക്കേണ്ടതാണ്.

## 1-16 കൂട്ടിച്ചേർക്കലുകൾക്കുശേഷം ബാധകമാകുന്ന വസ്തു നികുതി ഈടാക്കിയില്ല.

സന്തോഷ് കുമാർ, പുളിമ്പറമ്പിൽ (14/706), നോർത്ത് ആര്യാട് , വാർഡ് 14 എന്നയാളുടെ വീടിന്റെ നിലവിലെ തറ വിസ്തീർണ്ണം നിലവിൽ 60 ചതുരശ്ര മീറ്ററാണ്. 2019-20 വർഷം വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിൽ പെടുത്തി നിലവിലുള്ള വീടിനോട് 120 ചതുരശ്ര അടിയുള്ള പഠനമുറി പണികഴിപ്പിച്ച് ചേർത്തിട്ടുണ്ട്. 60 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെയാണ് വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. ആയതിനാൽ ശ്രീ സന്തോഷ് കുമാറിന്റെ വീടിന് ഇപ്പോൾ വസ്തു നികുതി ബാധകമാണ്. 2019-20 വർഷം മുതൽ 14/706 എന്ന വീടിന്റെ വസ്തു നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിലവിൽ വീടിന്റെ തറ വിസ്തീർണ്ണം 71 ച.മീറ്ററുണ്ടെന്നും നോട്ടീസ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ബാധകമായ വസ്തു നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-17 വാടക കുടിശ്ശിക ഈടാക്കിയില്ല

2019-20 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ 19/16-ാം നം കടമുറി വാടകയ്ക്ക് എടുത്തിരുന്ന ജോസ്,അട്ടിവെളി എന്ന വ്യക്തി പ്രതിമാസ വാടകയായ 2420/- രൂപ 2019 ജൂലൈ മാസം വരെയേ അടവാക്കിയിട്ടുള്ളൂ. വാടകയിനത്തിൽ ബാക്കി നിൽക്കുന്ന 19360/- രൂപ നാളിതുവരെ ലഭിച്ചിട്ടില്ല.വാടക കുടിശ്ശിക പിഴ സഹിതം ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം (9/14.2.2022) നൽകിയതിന് മറുപടിയായി ടിയാൾക്കെതിരെ ഓൺലൈൻ റവന്യൂ റിക്കവറി നടത്തുന്നതിന് ലാൻഡ് ഡീറ്റെയിൽസ് പ്രസ്തുത വില്ലേജോഫീസിൽ നിന്നും

ലഭിക്കാത്തതിനാൽ 31.12.2020 ൽ അമ്പലപ്പുഴ താലൂക്ക് തഹസിൽദാർക്ക് കത്തുനൽകിയെങ്കിലും നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. വാടക കുടിശ്ശികസമയബന്ധിതമായി ഈടാക്കി തനതുവരുമാന നഷ്ടം ഒഴിവാക്കണ്ടതാണ്.

## 1-18 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് രജിസ്റ്ററുകൾ ,അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ വ്യാപാരം നടത്തുന്നവരിൽ താഴെപ്പറയുന്നവർ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിച്ചിട്ടുള്ളത്.

| ക്രമ നം | പേര് /മേൽവിലാസം | കടമുറി നമ്പർ |
|---|---|---|
| 1 | അബ്ദുൾകരീം,കുടത്തിങ്കിൽ | 6/94 |
| 2 | മുസ്തഫ,കണ്ടത്തിൽ | 6/91,92 |
| 3 | സജീന,ഇല്ലത്തുവെളി | 19/17 |
| 4 | അലിയാരുകുഞ്ഞ്,പരപ്പിൽ | 6/96 |
| 5 | ആനന്ദൻ,ആറ്റുപുറത്ത് | 6/97 |
| 6 | സതീശൻ ആറ്റുപുറത്ത് | 6/69,109 |
| 7 | നിസാർ,മണ്ണാരപ്പള്ളി | 6/102 |
| 8 | അബ്ദുൾ സമദ്,കരിമുറ്റം | 6/93 |
| 9 | അബ്ദുൾ മജീദ്,പുത്തൻപുരയ്ക്കൽ | 6/79 |
| 11 | പ്രകാശൻ,കമ്പിയകത്ത് | 6/101 |
| 12 | ലിബിദത്ത് ,തോപ്പിൽ | 6/99 |
| 13 | ഹാഷിം,കണ്ടത്തിൽ | 6/103,104 |
| 14 | രാജമ്മ,വെളിയിൽ | 19/17 |
| 15 | ബാബു,തോന്നല്ലൂർ | 6/68 |
| 16 | ശശി,നികർത്തിൽ | 6/67 |
| 17 | ഗോപി ,വട്ടപ്പറമ്പ് | 6/100 |
| 18 | അഫ്സൽ,നെയ്ശ്ശേരിയിൽ | 6/107 |
| 19 | ഹുസൈൻ ,തൈവെപ്പിൽ | 6/108 |

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി2019-20 സാമ്പത്തിക വർഷത്തിൽ അടച്ചിട്ടുണ്ടെങ്കിലും സ്ഥാപനം ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിച്ചത്.

1)വില്യംഗുഡേക്കർ & സൺസ് ,കലവൂർ

2) വീവൺ ഹോസ്പിറ്റൽ

3)സൂഫി ഹോസ്പിറ്റൽ

5) വാർഡ് അടിസ്ഥാനത്തിലുള്ള സമഗ്രമായ ട്രേഡേഴസ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

ഇത് സമ്പന്ധിച്ച് ഓഡിറ്റ് എൻക്വയറി നം(21/15.2.2022) നൽകിയതിന് മറുപടിയായിപഞ്ചായത്ത് അധീനതയിലുള്ള സ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-19 ഹോമിയോ ആശുപത്രി കെട്ടിടം നിർമ്മാണം-അപാകതകൾ ( എസ്സ് ഒ – 151/18)-നഷ്ടം- 24820/-

അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ആരംഭിച്ച് സ്പിൽ ഓവറായി 2019-20 വർഷം നടപ്പിലാക്കിയ പദ്ധതിയായിരുന്ന ഹോമിയോ ആശുപത്രി കെട്ടിടം നിർമ്മാണം .ഫയൽ പരിശോധിച്ചതിൽ ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. RCC ബെൽറ്റ് നിർമ്മാണം - അധിക അളവിൽ നിർവ്വഹിച്ചു-

ഈ പ്രവർത്തിയിൽ പേജ് 3 ൽ 13 ആയി ബേസ് മെന്റിന് മുകളിൽ 15 Cm. കനത്തിൽ 1:4:8 അനുപാതത്തിൽ ബെൽറ്റ് നിർമ്മിച്ചിട്ടുണ്ട്.4.65m3 അളവിൽ നിർവ്വഹിച്ച ഈ പ്രവർത്തിക്ക് 7068.31/m3 നിരക്കിൽ 32867/- രൂപ മൂല്യം

നിർണ്ണയിച്ച നൽകിയിട്ടുണ്ട്. ബെൽറ്റ് നിർമ്മാണത്തിന് 10 Cm. കനം നൽകിയാൽ മതിയെന്നിരിക്കെ, 15 Cm. കനം നൽകിയത് വഴി ചുവടെ ചേർക്കും പ്രകാരം അധിക ചെലവുണ്ടായി. തൻവർഷം പതിനാറ് ലക്ഷം രൂപ അടങ്കലിൽ നടപ്പിലാക്കിയ 18, 5 വാർഡുകളിലെ അംഗനവാടി നിർമ്മാണം എന്ന പ്രൊജക്ടിൽ ( SO-087/19) ഫൌണ്ടേഷനുള്ള തറ കോൺക്രീറ്റ് ചെയ്തിട്ടുള്ളത് 10 Cm. കനത്തിൽ ആണ്. (ആ പ്രവർത്തിയുടെ അളവുപുസ്തകം 32/18-19, പേജ് 1 ഇനം3)

1x2x10.75x 0.60x0.10 = 1.290m3

2x1x5.15x 0.60x0.10 = 0.618m3

1x1x2.25x 0.60x0.10 =0.135m3

1x1x4.65x 0.60x0.10 =0.279m3

1x1x7.75x 0.60x0.10 =0.465m3

1x1x3x 0.60x0.10 =0.180m3

1x1x2.20x 0.60x0.10 =0.132m3

അനുവദനീയമായ അളവ് =3.099m3

അധികം നൽകിയത് = 4.65m3 - 3.099m3 = 1.551m3 X7068.31/m3

= 10962/-രൂപ

2. കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിക്കാത്തത് സംബന്ധിച്ച്-

ഈ പ്രവർത്തിയുടെ അളവ് പുസ്തകം പേജ് 27 ൽ ഇനം 12 ആയി പ്ലിന്ത് നിർമ്മാണം നടത്തിയതിന്റെ വശങ്ങളിൽ ഫില്ലിംഗിന് നടത്തിയതിന് 3.999m3 മണ്ണും, പേജ് 15 ൽ ഇനം 12 പ്രകാരം ഫൌണ്ടേഷന്റെ ഉൾവശം മണ്ണിട്ട് നിറച്ചതിന് 25.40m3 മണ്ണും ഉൾപ്പെടെ ആകെ 29.239m3 മണ്ണ് ഉപയോഗിച്ചതായി രേഖപ്പെടുത്തി, എസ്റ്റിമേറ്റ് അളവായ 22.153m3 ൽ പരിമിതപ്പെടുത്തി, എം 3 ന് 1163.58 രൂപ നിരക്കിൽ 25776/- രൂപ മൂല്യം നിർണ്ണയിച്ച നൽകി.അളവ് പുസ്തകം33/17-18 , പേജ് 2 ൽ ഫൌണ്ടേഷന് വേണ്ടി 21.693 എം3 മണ്ണ് കുഴിച്ചടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ കുറഞ്ഞത് 60% എങ്കിലും പുനരുപയോഗ്യമാണ്.അതനുസരിച്ച് 13.17m3 ( 21.693 X 60/100) മണ്ണെങ്കിലും പുനരുപയോഗയോഗ്യമാണ്. ആയത് കുറവ് ചെയതതിന് ശേഷം മാത്രം അനുവദിക്കാവുന്ന മണ്ണിന്റെ അളവ് ചുവടെ ചേർക്കുന്നു.

ഫില്ലിംഗിന് ഉപയോഗിച്ച മണ്ണിന്റെ അളവ് = 29.239m3

(-) കുഴിച്ചെടുത്ത മണ്ണിന്റെ അളവ് = 13.17m3

അനുവദനീയമായ അളവ് = 16.06m3

പഞ്ചായത്തിൽ അസ്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മറ്റ് ഫില്ലിംഗ് പ്രവർത്തികൾക്ക് എം3ന് 1163/- രൂപ നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്.അതിൽ മണ്ണിന്റെ വില 400/-രൂപയും റോയൽറ്റി ചാർജ്ജ് 438/-രൂപയുമുൾപ്പെടെ ഒരു എം3ന് 838/- രൂപയാണ് അമുവദിച്ചിട്ടുള്ളത്. അതിൻപ്രകാരം 16.06m3 മണ്ണിന്റെ വിലയായി 13458/- രൂപ കുറവ് ചെയ്യേണ്ടതായിരുന്നു.എന്നാൽ ടിയിനത്തിൽ യാതൊരു കുറവും വരുത്താതെ കരാറുകാരന് മുഴുവൻ തുകയും അനുവദിച്ച നൽകി. .

3. എസ്റ്റിമേറ്റ് അകാരണമായി റിവൈസ് ചെയ്യുന്നു-

ഫയലിൽ സൂക്ഷിച്ചിട്ടുള്ള 27-02-18 ലെ 12(13) ന്റെയും, 02-02-19 ലെ 1(1) -ാംനമ്പർ തീരുമാനത്തിന്റെയും പകർപ്പിൽ2018-19 വർഷം അസ്സി.എൻജി. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള പ്രവർത്തികൾ സൈറ്റ് കണ്ടീഷൻ അനുസരിച്ച് എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടതായി അസ്സി.എൻജി. അറിയിച്ചിട്ടുള്ളതിനാൽ സൈറ്റ് കണ്ടീഷൻ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനായി അനുവാദം നൽകി തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ മാറ്റം വരുത്തുന്നതിനുള്ള കാരണങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.3/18 ൽ ഒന്നാം പാർട്ട് ബിൽ നൽകിയതിന് ശേഷമാണ് 2/19 ൽ വീണ്ടും റിവൈസ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളത്.സർക്കുലർ നമ്പർ ഇ-20/6689/2018/CE/തസ്വഭവ/21-06-18 ലെ നിർദ്ദേശപ്രകാരം പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥലസന്ദർശനം നടത്തി അതിനനുസൃതമായി നിർവ്വഹണം നടത്തേണ്ടതാണ്. ഈ സർക്കലറിന് വിരുദ്ധമായാണ് എസ്റ്റിമേറ്റ് പല തവണയായി നീട്ടി നൽകിയത്.

അനുബന്ധ കരാർ വെച്ചിട്ടില്ല-

റിവൈസ് ചെയ്ത എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും, കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥനുമായി നിശ്ചിത തുകയ്ക്കുള്ള കരാറിൽ ഏർപ്പെട്ടില്ല. ഹാജരാക്കിയ രേഖകൾ പ്രകാരം രണ്ടു പ്രാവശ്യം എസ്റ്റിമേറ്റിൽ മാറ്റം വരുത്തിയിട്ടുണ്ട്. എന്നാൽ രണ്ടു തവണയും 200/- രൂപ വീതമുള്ള മുദ്രപത്രത്തിൽ കരാർ വെയ്ക്കാത്തത് മൂലം സംസ്ഥാന സർക്കാരിന്

400/-രൂപയുടെ നഷ്ടം ഉണ്ടായി.നിർവ്വഹണത്തിലെ ഈ അപാകതകൾ ചൂണ്ടിക്കാട്ടിനൽകിയ എൻക്വയറിക്ക് ( 20) ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ച അപാകതകൾ ഒഴികെ ഉള്ളവയ്ക്കാണ് മറുപടി ലഭ്യമാക്കിയത്.മേൽ ഖണ്ഡികകൾ പ്രകാരം അധികം നൽകിയ 24820/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

അനുബന്ധ വിവരങ്ങൾ

അടങ്കൽ - 1420000/-

കരാറുകാരൻ - ഷാഹുൽ ഹമീദ് നൈന.

അളവു പുസ്തകം -1) 33/17-18, 2)33(A)/17-18, 3) 33(B)/17-18

ആകെ ചെലവ്- /-1283899/-

ചെലവ് വിവരം-1)Rs-925326/-ബിൽ നം.13/19-20 ,Dt.10-05-19

2)Rs-88573/-ബിൽ നം.14/19-20 ,Dt.11-06-19

## 1-20 പ്ലാസ്റ്റിക് കളക്ഷൻ സെന്റർ നിർമ്മാണം-അപാകതകൾ ( എസ്സ് ഒ – 146/19)-നഷ്ടം-21721/- രൂപ

അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ആരംഭിച്ച് സ്പിൽ ഓവറായി 2019-20 വർഷം നടപ്പിലാക്കിയ പദ്ധതിയായിരുന്ന പ്ലാസ്റ്റിക് കളക്ഷൻ സെന്റർ നിർമ്മാണം-അപാകതകൾ.ഫയൽ പരിശോധിച്ചതിൽ ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബേസ് മെന്റിന് RR മേസനറി - അധിക അളവിൽ നിർമ്മിച്ചത് മൂലം അധിക ചെലവ് -

ഈ പ്രവർത്തിയുടെ അളവ് പുസ്തകം പേജ് 1 ൽ ഇനം 1 ആയി ചുവടെ ചേർത്തിട്ടുള്ള അളവിൽ ഫൌണ്ടേഷൻ നിർമ്മാണത്തിനായി മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്.

Long Wall -1x 2x20.2x 0.60 X0.60 = 14.544m3

Intermediate Wall-1x3x4.8x 0.60+x0.60 = 5.184m3

1x2x2.53x 0.60x0.60 = 1.821m3

= 21.549m3

ഇനം 3 ആയി ഇതേ അളവിൽ ഫൌണ്ടേഷന് വേണ്ടി RR മേസനറിയും,അതിന് മുകളിൽ ചുവടെ ചേർത്തിട്ടുള്ള അളവിൽ ബേസ് മെന്റും നിർമ്മിച്ചിട്ടുണ്ട്.

1x 2x20x 0.45 X0.45 = 8.10m3

1x3x5.1x 0.45+x0.45 = 3.098m3

1x2x2.83x 0.45x0.45 =1.146m3

1x1x1.2x0.45x0.45 =0.243m3

12.582m3

(-)Bottom Post-2x8x0.45x0.45x0.45 = 1.458m3

11.129m3

ഫൌണ്ടേഷന് മുകളിൽ ബേസ് മെന്റ് നിർമ്മിക്കുമ്പോൾ ഓഫ് സെറ്റ് വീതി കുറവു ചെയ്യതിന് ശേഷമുള്ള അളവിൽ നിന്നുമാണ് ബേസ് മെന്റ് നിർമ്മാണം നടത്തേണ്ടത്.എന്നാൽ ഇപ്രകാരം ഓഫ് സെറ്റ് വീതി കുറവ് ചെയ്യാതിരുന്നാൽ പോലും ബേസ്മെന്റ് നിർമ്മാണത്തിന് പരമാവധി അനുവദിക്കാവുന്ന അളവ് ചുവടെ ചേർക്കും പ്രകാരമാണ്.

1x 2x20x 0.45 X0.45 = 8.10m3

1x3x4.8x 0.45x0.45 = 2.916m3

1x2x2.53x 0.45x0.45 =1.024m3

1x1x1.2x0.45x0.45 =0.243m3

12.283m3

(-)Bottom Post-2x8x0.45x0.45x0.45 = 1.458m3

10.82m3

അധികം - 11.129m3 – 10.82m3 = 0.309 = 0.31m3

അധികം നൽകിയ തുക = 0.31m3@6140/m3 = 1842/-

2. RCC ബെൽറ്റ് നിർമ്മാണം - അധിക അളവിൽ നിർവ്വഹിച്ച -

ഈ പ്രവർത്തിയിൽ ഇനം 4 ആയി ബേസ് മെന്റിന് മുകളിൽ 10 Cm. കനത്തിൽ ബെൽറ്റും, പില്ലറുകൾക്ക് ഊണുകളും 1:2:4 അനുപാതത്തിൽ കോൺക്രീറ്റ് ചെയ്ത് നിർമ്മിച്ചിട്ടുണ്ട്.ബേസ് മെന്റ് നിർമ്മാണത്തിന് അനുവദനീയമായ അളവിൽ 10 Cm. കനത്തിൽ ബെൽറ്റ് നിർമ്മാണത്തിന് അനുവദനീയമായ അളവിന്റെ വിവരം ചുവടെ ചേർക്കുന്നു.

1x 2x20x 0.45 X0.10 = 1.8m3

1x3x4.8x 0.45x0.10 = 0.648m3

1x2x2.53x 0.45x0.10 =0.227m3

1x1x1.2x0.45x0.10 =0.054m3

2.729m3

Base Piller 2x8x0.45x0.45x0.45 = 1.458m3

അനുവദനീയമായ അളവ് = 4.187m3

അനുവദിച്ച നൽകിയ അളവ് = 4.254 M3

അധികം അനുവദിച്ചത് = 4.254 – 4.187 = 0.067m3

0.067m3 X8941/m3 = 599/-രൂപ

3.സോളിഡ് ബ്ലോക്ക് നിർമ്മാണം- ആകെ അളവിൽ നിന്നും ഡോർ, ജനൽ എന്നിവയുടെ അളവുകൾ പൂർണ്ണമായും കുറവ് ചെയ്തില്ല-

ഈ പ്രവർത്തിയുടെ അളവുപുസ്തകത്തിലെ പേജ് 8,21,27 എന്നിവയിൽ 30x20x15 Cm.ബ്ലോക്ക് ഉപയോഗിച്ച് സോളിഡ് ബ്ലോക്ക് നിർമ്മാണം നടത്തിയതിന്റെ അളവുകളും, അതിൽ നിന്നും, ഡോർ, വിൻഡോ എന്നിവയുടെ അളവുകൾക്കായി ആകെ കുറവ് ചെയ്തതിന്റെയും, അതിന് ശേഷം അനുവദനീയമായ അളവും രേഖപ്പെടുത്തിയിട്ടുള്ളത് ചുവടെ ചേർക്കും പ്രകാരമാണ്.

| പേജ് | ആകെ അളവ്(m3) | കുറവ് ചെയ്തത് (M3) | കുറവിന് ശേഷമുള്ള അളവ്.(m3) |
|---|---|---|---|
| 8 | 15.39 | 1x2x1.5x0.15x1.3 = 0.585 | 14.805 |
| 21 | 2.498 | 1x1x1.5x 0.15x0.1 = 0.0225 | 2.475 |
| 27 | 2.356 | 1x3x0.6x0.15x0.4 = 0.108 | 2.248 |
| | ആകെ കുറവ് ചെയ്തത്. | 0.715m3 | |

പേജ് 35ൽ ഇനം 11 ആയി 12mm പ്ലാസ്റ്ററിംഗും,പേജ് 42 ൽ ഇനം 20 ആയി സിമന്റ് പ്രൈമറും പൂശിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കും പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്.

1x 1x1.3 X1 = 1.30m2

1x1x1.5x 1.4 = 2.10m2

1x1x1x 2.1 =2.10m2

1x3x0.6x0.40 =0.72m2

Opening – 1x1x1.23x2.10 = 2.583m3

1x 2x0.80x2.10 = 3.36m3

ആകെ കുറവ് വരുത്തിയത് = 12.163m2

ഇതിന്റെ അടിസ്ഥാനത്തിൽ സോളിഡ് ബ്ലോക്ക് മേസനറിയിൽ നിന്നും കുറവ് ചെയ്യേണ്ട അളവ് = 12.163m2 X 0.15cm = 1.82m3

കുറവ് ചെയ്തത് = 0.715m3

അധികം = 1.82m3 - 0.715m3 = 1.108m3

അധികം നൽകിയത് @6200/m3നിരക്കിൽ = 1.108 X 6200 = 6869/- രൂപ

ഭൗതിക പരിശോധനയിൽ കണ്ട അപാകതകൾ

പ്ലാസ്റ്റിക് കളക്ഷൻ സെന്റർ നിർമ്മാണം എന്ന പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് നടത്തിയ ഭൗതിക പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 60mm ടൈൽ വിരിക്കൽ - അളവുകളിലെ വ്യത്യാസം സംബന്ധിച്ച്-

ഈ പ്രവർത്തിയുടെ അളവ് പുസ്തകം 28/A/18-19 പേജ് 6 ൽ എക്സ്ട്രാ ഇനം 6 ആയി ചുവടെ ചേർത്തിട്ടുള്ള അളവിൽ 60mm കട്ട വിരിച്ചിട്ടുണ്ട്.

1x 1x3.72x 1.85 = 6.882m2

1x9.6x 3.72 = 35.712m2

1x1x3.9x 3.1 =12.09m2

ആകെ = 54.684m2

ആയതിന് എം 2 ന് 948.19 രൂപ നിരക്കിൽ 51850/- രൂപ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. (അളവ് പുസ്തകം 28/A/18-19 പേജ് 73)

ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ട അളവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അളവ് പുസ്തകം പ്രകാരമുള്ള അളവ് | ആകെ | ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ട അളവ് | ആകെ |
|---|---|---|---|
| 1x 1x3.72x 1.85 | 6.882m2 | 1x 1x3.70x 1.90 | 7.03m2 |
| 1x9.6x 3.72 | 35.712m2 | 1x9.6x 3.60 | 34.56m2 |
| 1x1x3.9x 3.1 | 12.09m2 | പരിശോധനയിൽ കണ്ടില്ല. | |
| | 54.684m2 | | 41.59m2 |

വ്യത്യാസം- 54.68- 41.59 = 13.09m2

13.09m2 ന് 948.19 രൂപ/m2 നിരക്കിൽ അധികം നൽകിയത് = 13.09m2 X 948.19 രൂപ = 12411/-രൂപ
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (4,44) ലഭ്യമാക്കിയ മറുപടിയിൽ പ്രവർത്തി പൂർത്തീകരണത്തിന് ശേഷം പ്ലാസ്റ്റിക് പൊടിക്കുന്ന വളരെ വിലയേറിയ മെഷീനുകൾ സ്ഥാപിക്കുന്നതിന് വാഹനം കയറ്റുന്നതിനോ, ക്രയിൻ കയറ്റുന്നതിനോ മറ്റോ, ടൈലുകൾ പൊട്ടിപോകാതിരിക്കാനായി ഇളക്കി മാറ്റി സൈറ്റിൽ തന്നെ സൂക്ഷിച്ചിട്ടുള്ളതായി അറിയുന്നു. ഇവ ഇളക്കി മാറ്റിയിട്ടുള്ളത് എൻജിനീയറിംഗ് വിഭാഗത്തിന്റെ സമ്മതത്തോടെയോ, മേൽനോട്ടത്തിലോ അല്ല എന്നും, അളവുപുസ്തകത്തിൽ ചെയ്തിട്ടില്ലാത്ത അളവുകൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ലായെന്നുമാണ് അറിയിച്ചിട്ടുള്ളത്. ടി മറുപടി അംഗീകരിച്ചാൽ പോലും ആത്യന്തികമായി ചെലവഴിക്കപ്പെട്ട 12411/-രൂപയുടെ ചെലവ് പാഴ്ചെലവായി.ആയതിന് ഉത്തരവാദികളായവരെ കണ്ടെത്തി അവരിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്.

ഒട്ടാകെ അധികം ചെലവഴിച്ചത് = 6869 + 599 + 1842= 9310/-രൂപ

അധികം നൽകിയ തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.



പതിനാല് ലക്ഷത്തി എൺപതിനായിരം രൂപ മുടക്കി നിർമ്മിച്ച പ്ലാസ്റ്റിക് കളക്ഷൻ സെന്റർ

അനുബന്ധ വിവരങ്ങൾ

അടങ്കൽ - 1500000/-

കരാറുകാരൻ - ഷാഹുൽ ഹമീദ്.

അളവു പുസ്തകം -1) 28/18-19, 2)28/4/18-19

ആകെ ചെലവ്- 1483436/-

ചെലവ് വിവരം-1)Rs-811022/-ചെക്ക് നം.46745 (ഫൈനൽ ബിൽ)dt.28-11-19

## 1-21 പഞ്ചായത്തിലെ ഘടകസ്ഥാപനങ്ങൾക്ക് സോളാർ പവർ ഗ്രിഡ് (Spill Over) – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

(എ)പ്രോജക്ട് നം. -S0185/20

വികസന ഫണ്ട് -3,01,900/-

തനത് ഫണ്ട് -243100

ആകെ അടങ്കൽ-545000

ചെലവ് - 1,34,100/- (തനത് ഫണ്ട് -ചെക്ക് നം.2716965/19.11.2019)

-301900/-( ബിൽ നം. 17/19-20 തീയതി.21.01.2020 )

ആകെ ചെലവ് -436000/-

പഞ്ചായത്തിലെ ഘടകസ്ഥാപനങ്ങൾക്ക് സോളാർ പവർ ഗ്രിഡ് എന്ന പ്രോജക്ട് പ്രകാരം കലവൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിനും കലവൂർ ഗവ. എൽ.പി.എസ്.നും സൗരോർജ്ജ പവർഗ്രിഡ് സ്ഥാപിക്കുന്നതിന് കെൽട്രോണും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമായുള്ള 18.03.2019 ലെ എഗ്രിമെന്റ് പ്രകാരം ചെലവിന്റെ ആകെ തുകയുടെ 50% ആയ 5,45,000/- രൂപ വികസന ഫണ്ടിൽ നിന്നും കൈമാറിയിട്ടുണ്ട്.( പ്രോജക്ട് നം. -S0010/19 ചെലവ് - ബിൽ നം. 34/18-19 തീയതി27.03.19 തുക 5,45,000/-) 2019-20 ൽ സ്പിൽഓവറാക്കിയ S0185/20 നമ്പർ പ്രോജക്ടിൽ ബാക്കി തുകയുടെ 40% ആയ 436000/- രൂപയും കെൽട്രോണിന്റെ 06.05.2019ലെ SLR/31/18-19 02 നമ്പർ ഇൻവോയ്സ് പ്രകാരം കൈമാറിയിട്ടുണ്ട്. കെൽട്രോൺ തുക കൈപ്പറ്റിയതിന്റെയോ സോളാർ പവർ ഗ്രിഡിന്റെ ഇൻസ്റ്റലേഷൻ സംബന്ധിച്ചോ ഉള്ള യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല.

ഫയൽ പരിശോധിച്ചതിൽ 'കലവൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടത്തിനു മുകളിൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രകാരം ഐ.പി.വാർഡ് പണിയേണ്ടതുള്ളതുകൊണ്ട് ഒ.പി.കെട്ടിടത്തിന് മുകളിലുള്ള സോളാർ പവർ ഗ്രിഡ് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന്'' 13.06.19ലെ 13/19 നമ്പർ കത്ത് പ്രകാരം മെഡിക്കൽ ഓഫീസർ സി.എച്ച്.സി. കലവൂർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുപ്രകാരം അടിയന്തിരമായി സോളാർ പാനൽ അഴിച്ച്മാറ്റുന്നതിനും അതിനാവശ്യമായ ചെലവ് പഞ്ചായത്ത് വഹിക്കുന്നതാണെന്നും കെൽട്രോണിന് കത്ത് നൽകി ( 26.06.19 ലെ PL 16502/18 നം കത്ത്) കെൽട്രോൺ നൽകിയപ്രൊഫോർമ ഇൻവോയിസ് പ്രകാരം Relocation Of Solar Power Plant ന് 1,56,100/-രൂപ ചെലവ് വരും എന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം ഒ.പി.കെട്ടിടത്തിന് മുകളിലുള്ള സോളാർ പവർ ഗ്രിഡ് മാറ്റി സ്ഥാപിച്ചിരുന്നോ ?പ്രസ്തുത ഘടക സ്ഥാപനങ്ങളിൽ സോളാർ പവർ ഗ്രിഡിന്റെ ഇൻസ്റ്റലേഷൻ പൂർത്തിയാക്കിയിട്ടുണ്ടോ? ഉടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.

5 / 11.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

(ബി) സോളാർപവർഗ്രിഡിന് നെറ്റ് മീറ്റർ സ്ഥാപിക്കൽ എന്ന പ്രോജക്ട് പ്രകാരം( പ്രോജക്ട് നം. -S0342/20) തനത് ഫണ്ടിൽ നിന്ന് -46020/-രൂപ (ചെക്ക് നം.2462523/29.03.2020) കെൽട്രോണിന് നൽകിയിട്ടുണ്ട്. കലവൂർ സ്കൂൾ, കലവൂർ FHC എന്നിവിടങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന സോളാർ പവർ ഗ്രിഡിന് വൈദ്യുതി കണക്ഷൻ നൽകുന്നതിനായി നെറ്റ് മീറ്റർ സ്ഥാപിക്കുന്നതിന് കെൽട്രോണിന്റെ ഇൻവോയ്സ് നം.SLR/3/19-20 03 Dtd.30.11.2019 പ്രകാരമാണ് തനത് ഫണ്ടിൽനിന്ന് 46020/- രൂപ നൽകിയത് .

ഘടകസ്ഥാപനങ്ങളിൽ സോളാർ പവർഗ്രിഡ് സ്ഥാപിച്ചത് സംബന്ധിച്ച് 16.02.2022ൽ നേരിട്ട് സ്ഥലപരിശോധന നടത്തിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1.കലവൂർ ഫാമിലി ഹെൽത്ത് സെന്റർ

സോളാർ പാനലുകൾ അഴിച്ചെടുത്ത് ഹെൽത്ത് സെന്ററിന്റെ ടെറസിൽ അടുക്കി വച്ചനിലയിൽ കാണപ്പെട്ടു. നെറ്റ് മീറ്റർ ഫിറ്റ് ചെയ്തിട്ടുണ്ട്. പ്രാധമികാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടത്തിനു മുകളിൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രകാരം ഐ.പി.വാർഡ് പണിയേണ്ടതുള്ളതുകൊണ്ട് ഒ.പി.കെട്ടിടത്തിന് മുകളിലുള്ള സോളാർ പാനൽ അഴിച്ച് മാറ്റുകയും കെട്ടിടം പണി പൂർത്തിയായപ്പോൾ സോളാർ പാനൽ സ്ഥാപിക്കാൻ സൗകര്യപ്രദമായ സ്ഥലമില്ലാത്തതിനാൽ സ്ഥാപിക്കാനായില്ല എന്നും സ്ഥാപനത്തിലെ ജീവനക്കാർ അറിയിച്ചു.

2.കലവൂർ ഗവ. എച്ച് എസ്.എൽ.പി.എസ്.

സോളാർ പാനൽ വയറിംഗ് നടത്തി നെറ്റ് മീറ്റർ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ അത് പ്രവർത്തനക്ഷമമാക്കി വൈദ്യുതി ഉത്പാദനം നാളിതുവരെ ആരംഭിക്കാനായിട്ടില്ല എന്ന് ഹെഡ്മിസ്ട്രസ് അറിയിച്ചു.



കലവൂർ പ്രാധമികാരോഗ്യ കേന്ദ്രത്തിന് മുകളിൽ അഴിച്ചുവെച്ചിട്ടുള്ള സോളാർ ഉപകരണങ്ങൾ.

ലക്ഷങ്ങൾ ചെലവഴിച്ച് നടപ്പാക്കിയ പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ലയെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. കലവൂർ ഫാമിലി ഹെൽത്ത് സെന്റർ കറന്റ് ചാർജ്ജ് 2019-20 വർഷം ശരാശരി 216000/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. സോളാർ പാനലുകൾ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കിയിരുന്നെങ്കിൽ കറന്റ് ചാർജ്ജ് ഇനത്തിലുള്ള ചെലവ് ഒഴിവാക്കുവാനും, അധികം ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഗ്രിഡിലേക്ക് നൽകുക വഴി വരുമാനമുണ്ടാക്കുവാനും സാധിക്കുമായിരുന്നു.ഈ സാധ്യതകളാണ് ബന്ധപ്പെട്ട അധികൃതരുടെ സമയോചിതമായ ഇടപെടലിന്റെ അഭാവം മൂലം നഷ്ടമായത്. അടിയന്തരമായി ഇവ പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 പൈക ഫണ്ടുപയോഗിച്ച് വോളിബോൾ കോർട്ട് നിർമ്മാണം - നഷ്ടം -25341/-രൂപ-

ഈ പ്രവർത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.നിയമാനുസൃത കാലയളവിലും അധികരിച്ച് പൂർത്തീകരണ കാലാവധി നീട്ടിക്കൊടുത്തു-

ജി.ഒ (പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനുവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി , PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ( പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം.എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ചുവടെ ചേർത്തിട്ടുള്ള

പ്രവർത്തിയിൽ ടി നിയമങ്ങൾക്ക് വിരുദ്ധമായി ഫൈൻ ഈടാക്കാതെ പിഴ അടക്കമുള്ള എല്ലാ നടപടികളിൽ നിന്നും കരാറുകാരനെ ഒഴിവാക്കി, കരാറുകാരന് മുഴുവൻ തുകയും അനുവദിച്ച് നൽകി.

2. 11-10-18 ൽ കരാർ വെച്ച കരാറുകാരൻ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയ 19-07-19 ലോ, അതിന് ശേഷമോ പൂർത്തീകരണ കാലാവധി നീട്ടി നൽകുന്നതിന് അപേക്ഷ നൽകിയിട്ടില്ല. മാത്രവുമല്ല , 2012 ൽ പുതുക്കിയ പൊതുമരാമത്ത് മാനുവലിലെ ചട്ടങ്ങൾ പ്രകാരം ഒരു പ്രവർത്തിയുടെ പൂർത്തീകരണ കാലാവധി രണ്ടു തവണയായി പരമാവധി 50% വരെ മാത്രമെ ദീർഘിപ്പിച്ച് നൽകാവൂ.ആയത് പ്രകാരം ആ ഈ പ്രവർത്തിക്ക് അധികമായി അനുവദിക്കാവുന്ന കാലയളവ് പരമാവധി മൂന്ന് മാസം മാത്രമാണ്. (10-07-19 വരെ)

3. എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള കാരണം നിർവ്വഹണ ഉദ്യോഗസ്ഥൻ കമ്മിറ്റിയെ അറിയിച്ചതിന് രേഖകളില്ല.

4. ആര്യാട് നോർത്ത് യു.പി.സ്കൂളിലെ എച്ച്എം 08-03-19 ഈ പ്രവർത്തിയുടെ കരാറുകാരന് 17-01-19 ൽ കൂടിയ SMC യുടെ യോഗത്തിന്റെ ആറാം നമ്പർ തീരുമാനം എന്ന് രേഖപ്പെടുത്തി ഒരു കത്ത് നൽകിയിട്ടുണ്ട്.അതിൽ ഒരു ഷട്ടിൽ കോർട്ടും, മറ്റ് രണ്ട് കോർട്ടുകളും സ്ഥാപിക്കുവാനും, കാലപ്പഴക്കം ഉള്ളതിനാൽ സ്റ്റേജ് പൊളിക്കുവാൻ കരാറുകാരനെ ചുമതലപ്പെടുത്തിയതായും തീരുമാനിച്ചിട്ടുണ്ട്. ഇതിൽ നിന്നും, കരാർ വെച്ച് മാസങ്ങൾക്കു ശേഷം മാത്രമാണ് സൈറ്റിലെ തടസ്സങ്ങളെ കുറിച്ച് പോലും അറിയുന്നതെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

5.എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ കരാറുകാരൻ സപ്ലിമെന്ററി കരാർ വെച്ചിട്ടില്ല.എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ കരാറുകാരൻ സപ്ലിമെന്ററി കരാർ വെച്ചിട്ടില്ല.റിവൈസ് ചെയ്ത എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും, കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥനുമായി നിശ്ചിത തുകയ്ക്കുള്ള കരാറിൽ ഏർപ്പെട്ടിട്ടില്ല.തന്മൂലം സംസ്ഥാന സർക്കാരിന് 200/- രൂപയുടെ നഷ്ടം ഉണ്ടായി.

കാലാവധി നീട്ടിനൽകുന്നതിനായി കരാറുകാരൻ അപേക്ഷനൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ ഫൈൻ ഈടാക്കാതിരുന്നത് സംബന്ധിച്ചും, സപ്ലിമെന്ററി കരാർ വെയ്ക്കാതിരുന്നത് സംബന്ധിച്ചും, ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ മറ്റ് അപാകതകൾ വിശദീകരണം ആവശ്യപ്പെട്ട് 4, 46 എന്നീ എൻക്വയറികൾ നൽകുകയുണ്ടായി. ഇതിൽ 4-ാം നമ്പർ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കാലാവധി നീട്ടി നൽകുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.15-07-19 10(2)-ാം നമ്പർ തീരുമാന പ്രകാരവും,29-10-19 ലെ2(20)-ാം നമ്പർ തീരുമാന പ്രകാരവും ഈ പ്രവർത്തിയുടെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. 29-10-19 ലെ2(20)-ാം നമ്പർ തീരുമാനത്തിൽ " പ്രവർത്തി നടത്തിപ്പിനായി സ്ഥല പരിശോധനയിൽ നിർമ്മാണം നിർദ്ദേശിച്ചിരുന്ന ആര്യാട് നോർത്ത് യു.പി.സ്കൂൾ ഗ്രൌണ്ടിൽ ഉപയോഗ ശൂന്യമായ ഓപ്പൺ സ്റ്റേജും, വാകമരവും തടസ്സമായിട്ടുള്ളതിനാൽ ആയത് നീക്കം ചെയ്താൽ മാത്രമെ നിർമ്മാണം സാധ്യമാകു എന്നും, 01-09-2019 ലാണ് സൈറ്റ് ക്ലിയർ ചെയ്ത് കിട്ടിയിട്ടുള്ളതും പ്രവർത്തി ആരംഭിച്ചിട്ടുള്ളതെന്നും " രേഖപ്പെടുത്തിയിട്ടുണ്ട്. 11-10-18 ൽ കരാർ വെച്ച കരാറുകാരൻ സൈറ്റ് ഹാൻഡ് ഓവർ ചെയ്തതിന് ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് വരെ ഒരു ഘട്ടത്തിലും നിർമ്മാണത്തിന് ഏതെങ്കിലും തരത്തിലുള്ള തടസ്സമുള്ളതായി കരാറുകാരൻ രേഖാമൂലം നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചിട്ടില്ല.പിന്നെ ഏകപക്ഷീയമായി എന്തടിസ്ഥാനത്തിലാണ് പൂർത്തീകരണ കാലാവധി നീട്ടി നൽകിയതെന്ന് വ്യക്തമല്ല. കരാറുകാരന്റെ അപേക്ഷ പോലുമില്ലാതെ പൂർത്തീകരണ കാലാവധി നീട്ടി നൽകുകയും ,പിഴ ഈടാക്കാതിരുന്നത് മൂലമുണ്ടായ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

ആദ്യ തവണ- PAC യുടെ 1% - 697981 X 1% = 6979/-(10/07/2019 വരെ)

രണ്ടാം തവണ - PAC യുടെ 2% - 697981 X 2% = 13959/- (10/10/2019 വരെ)

മൂന്നാംതവണPACയുടെ2%-697981x2%=13959x9/90(19/10/19 വരെ) = 1396/-

ആകെ ഈടാക്കേണ്ടത് - 6979+ 13959+ 1396 = 22334/-

ലഭ്യമാക്കിയ മറുപടിയിൽ പിഴയിനത്തിൽ ഈടാക്കേണ്ട തുക കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെയും, അനർഹമായി കാലാവധി നീട്ടി നൽകുന്നതിന് തീരുമാനമെടുത്ത 29-10-19 ലെ കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങളുടെയും ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

2. ഭൌതിക പരിശോധനയിൽ കണ്ട അപാകതകൾ-

ഭൌതിക പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ഈ പ്രവർത്തിയുടെ അളവ് പുസ്തകം 23/18-19, പേജ് നം.11ലും 12 ലും എക്സ്ട്രാ ഇനം 3 ആയി 60 Mm കനത്തിൽ ഉള്ള സിമന്റ് കട്ട ഉപയോഗിച്ച് ടൈൽ വിരിച്ചിട്ടുണ്ട്. അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള അളവുകൾ പ്രകാരമുള്ള നീളവും, പരിശോധനയിൽ പ്രവർത്തി നിർവ്വഹിച്ചതായി ബോധ്യപ്പെട്ട യഥാർത്ഥ നീളവും ചുവടെ ചേർക്കും പ്രകാരമാണ്.

| അളവു പുസ്തകം പ്രകാരം. | പരിശോധനയിൽ ബോധ്യപ്പെട്ടത്. |
|---|---|
| 69.85മീറ്റർ | 17.10+5.40+4.80+2.30+7.10+11.50+4.30+3.35 +11.25 = 67.10 മീറ്റർ. |

വ്യത്യാസം = 69.85 - 67.10 = 2.75മീറ്റർ.

വിവിധ അളവുകളിൽ ചെയ്ത ഈ പ്രവർത്തിയിൽ അളവുപുസ്തകത്തിൽ

രേഖപ്പെടുത്തിയിട്ടുള്ള വീതിയും, അവയുടെ ശരാശരി വീതിയും ചുവടെ ചേർക്കുന്നു.

| അളവു പുസ്തകം പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള വീതി. | ആകെ വീതി | ശരാശരി വീതി. |
|---|---|---|
| 1+1+1.10+1+1+0.65+2+0.95+0.80+0.95+1.30+2.85 | 14.6മീ. | 1.22മീ. 14.6/12 |

എം2ന് 836.75 രൂപ നിരക്കിൽ അധികം ചെലവഴിച്ചത് = 2807/- രൂപ (2.75 X 1.22=3.35m2 X 836.75)


3. ആകെ അളവ് രേഖപ്പെടുത്തിയതിൽ വ്യത്യാസം-

അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയ ആകെ അളവും, പരിശോധനയിൽ ബോധ്യപ്പെട്ട അളവും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| അളവുപുസ്തകത്തിൽ അളവ് രേഖപ്പെടുത്തിയിട്ടുള്ള ക്രമ നം. | അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയ അളവ്.(m3) | ആകെ(m3) | പരിശോധനയിൽ ബോധ്യപ്പെട്ട അളവ്.(m3) | ആകെ(m3) |
|---|---|---|---|---|
| 1. | 1x1x3.4x1 | 3.40 | 1x1x3.35x0.95 | 3.18 |
| 2. | 1x1x4.35x1 | 4.35 | 1x1x4.30x0.92 | 3.95 |
| 5. | 1x1x2.35x1 | 2.35 | 1x1x2.30x0.95 | 2.18 |
| 6. | 1x1x4.80x0.65 | 3.12 | 1x1x4.80x0.60 | 2.88 |
| 10. | 1x1x7.30x0.95 | 6.935 | 1x1x7.10x0.95 | 6.745 |

4. നിർമ്മാണത്തിന് ഗുണനിലവാരമില്ല-

60mm കനത്തിൽ ഉള്ള സിമന്റ് കട്ട ഉപയോഗിച്ച് ടൈൽ വിരിച്ചിരിക്കുന്നത് ചില ഭാഗങ്ങളിൽ പൊട്ടിപ്പൊളിഞ്ഞ നിലയിൽ അവശേഷിക്കുന്നതായി കണ്ടു.ഷട്ടിൽ കോർട്ട് നിർമ്മിച്ച സ്ഥലത്ത് നിലവിൽ കെട്ടിട നിർമ്മാണ സാമഗ്രികൾ സംഭരിച്ചിരിക്കുന്നതായും പരിശോധനയിൽ കാണുകയുണ്ടായി.ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്(നം.3/11.02.2022) ലഭ്യമാക്കിയ മറുപടിയിൽ സ്കൂൾ കോമ്പൌണ്ടിൽ നിർമ്മിക്കുന്ന മറ്റ് കെട്ടിടങ്ങളുടെ നിർമ്മാണ സാധന സാമഗ്രികൾ ശേഖരിച്ചിരിക്കുന്നത് പഞ്ചായത്ത് എൻജിനീയറിംഗ് വിഭാഗത്തിന്റെ അറിവോ സമ്മതമോ ഇല്ലാതെയാണെന്നും, ആയത് നീക്കം ചെയ്യുന്നതിന് സ്കൂൾ അധികാരികൾക്ക് പഞ്ചായത്ത് സെക്രട്ടറി മുഖാന്തിരം അറിയിപ്പ് നൽകുന്നതാണെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.



ടൈൽ വിരിച്ചഭാഗം പൊളിഞ്ഞ നിലയിൽ

നിർമ്മിച്ച കോർട്ടുകൾ പദ്ധതിയുടെ ലക്ഷ്യം സാധൂകരിക്കുന്ന രീതിയിൽ ,മറ്റ് ആവശ്യങ്ങൾക്കുപയോഗിക്കാതെ , കുട്ടികളുടെ കായികമായ കഴിവുകൾ വിനിയോഗിക്കുന്നതിനായി ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

അനുബന്ധ വിവരങ്ങൾ-

പ്രൊജക്റ്റ് നം - എസ്സ് ഒ163/19

കരാറുകാരൻ - അബ്ദുൾ ലത്തീഫ്.

എഗ്രിമെന്റ് നം. 23/AE/LSGD/11-10-18

ചെക്ക് നം.2716963, തീയതി,14-11-19 തുക - 1) , 650298/-

പൂർത്തീകരണ കാലാവധി - 6മാസം

പൂർത്തീകരിക്കേണ്ട തീയതി - 10-04-19

പൂർത്തീകരിച്ച തീയതി- 19-10-19

PAC – 697981/-

M Book – 23/18-19

## 1-23 വക്കീലന്മാരുടെ ആദായത്തിൽ നിന്നും റ്റി.ഡി.എസ്. ഈടാക്കാത്തതിനാൽ കേന്ദ്ര സർക്കാരിന് 11515 രൂപ നഷ്ടം

താഴെപ്പറയുന്ന വക്കീലന്മാരുടെ സേവനത്തിന് പ്രതിഫലം നൽകിയപ്പോൾ, ഇൻകംടാക്സ് ആക്റ്റ് 1961 -194J പ്രകാരം പ്രൊഫഷണൽ സേവനത്തിന്റെ പ്രതിഫലത്തിൽ നിന്നും ഈടാക്കേണ്ട റ്റി.ഡി.എസ് ഈടാക്കിയില്ല. 30000 ൽ കൂടുതൽ തുക പ്രൊഫഷണൽ സേവനത്തിന് ഒരു സാമ്പത്തിക വർഷം പ്രതിഫലമായി നൽകുമ്പോൾ , നൽകുന്ന തുകയുടെ 10% ആണ് റ്റി.ഡി.എസായി ഈടാക്കി ഒടുക്കേണ്ടത്. വിശദാംശം താഴെച്ചേർക്കുന്നു.

| ക്രമ നം | പേര്, | നൽകിയ തുക | ചെക്ക് നം,തീതി | ബാധകമായി റ്റി.ഡി.എസ് |
|---|---|---|---|---|
| 1 | അഡ്വ. സതീഷ് | 74150 | 2716956/21.10.19 | 7415 |
| 2 | അഡ്വ. പി.സി. ബിനോയ് | 35000<br>6000 | 2716942/27.08.19<br>49682/27.02.20 | 4100 |
| ആകെ | | | | 11515 |

റ്റി.ഡി.എസ് ഈടാക്കി സർക്കാരിലേക്ക് ഒടുക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചില്ല. കേന്ദ്ര സർക്കാരിനുണ്ടായ നഷ്ടം നിയമം അനുശാസിക്കുന്ന പിഴസഹിതം ഈടാക്കേണ്ടതാണ്.

## 1-24 അനുവദനീയമായതിലും അധിക തുക നല്കി- നഷ്ടം 28600/-

അനൂപ്, ശ്രീലക്ഷ്മി എന്നിവരെ ട്രേഡ് അപ്രന്റീസുമാരായി 2019 ഫെബ്രുവരി മാസം സെക്രട്ടറിയുടെ ഉത്തരവ് നം.പി.എൽ -17207/189 തീയതി 29.03.19 പ്രകാരം നിയമിച്ചിട്ടുണ്ട്. ഇവർക്ക് സർക്കാർ ഉത്തരവ് എം.എസ്. നം.97/2015/ തൊഴിൽ പ്രകാരം ആദ്യ വർഷം നൽകാവുന്നത് പ്രതിമാസം 5700 രൂപയാണ്. എന്നാൽ 2019-20 വർഷം (ആദ്യ വർഷം) ഇവർക്ക് പ്രതിമാസം 7000 രൂപ വെച്ച് നൽകി. ഇവ മൂലമുണ്ടായ നഷ്ടത്തിന്റെ വിവരം താഴെച്ചേർക്കുന്നു.

ശ്രീലക്ഷ്മി

| ക്രമ നം | നൽകിയ തുക | ചെക്ക് നം/തീയതി | നൽകാവുന്ന തുക | അധികം നൽകിയത് |
|---|---|---|---|---|
| 1 | 7000 | 2776789/12.04.19 | 5700 | 1300 |
| 2 | 7000 | 2776794/09.05.19 | 5700 | 1300 |
| 3 | 7000 | 2716909/06.0619 | 5700 | 1300 |
| 4 | 7000 | 2796921/04.07.19 | 5700 | 1300 |
| 5 | 7000 | 43065/09.08.19 | 5700 | 1300 |
| 6 | 7000 | 2716944/02.0919 | 5700 | 1300 |

| | | | | |
|---|---|---|---|---|
| 7 | 7000 | 45522/05.10.19 | 5700 | 1300 |
| 8 | 7000 | 2716957/01.11.19 | 5700 | 1300 |
| 9 | 7000 | 2716976/02.12.19 | 5700 | 1300 |
| 10 | 7000 | 2716986/01.01.20 | 5700 | 1300 |
| 11 | 7000 | 2716997/01.02.20 | 5700 | 1300 |
| | | ആകെ | | 14300 |

അനൂപ്

| ക്രമ നം | നൽകിയ തുക | ചെക്ക് നം/തീയതി | നൽകാവുന്ന തുക | അധികം നൽകിയത് |
|---|---|---|---|---|
| 1 | 7000 | 2776789/12.04.19 | 5700 | 1300 |
| 2 | 7000 | 2776794/09.05.19 | 5700 | 1300 |
| 3 | 7000 | 2716909/06.0619 | 5700 | 1300 |
| 4 | 7000 | 2796921/04.07.19 | 5700 | 1300 |
| 5 | 7000 | 43066/09.08.19 | 5700 | 1300 |
| 6 | 7000 | 2716944/02.0919 | 5700 | 1300 |
| 7 | 7000 | 45523/05.10.19 | 5700 | 1300 |
| 8 | 7000 | 2716957/01.11.19 | 5700 | 1300 |
| 9 | 7000 | 2716976/02.12.19 | 5700 | 1300 |
| 10 | 7000 | 2716986/01.01.20 | 5700 | 1300 |
| 11 | 7000 | 2716997/01.02.20 | 5700 | 1300 |
| | | ആകെ | | 14300 |

ഇവരിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ തനത് ഫണ്ടിനുണ്ടായ നഷ്ടം 28600 രൂപ ഈടാക്കേണ്ടതാണ്.

## 1-25 കരാർ നിരക്കിലും അധിക തുക നൽകി-നഷ്ടം-1965/-രൂപ

ടോൺ ഓഫ് സെറ്റ് പ്രിന്റേഴ്സിന് താഴെപ്പറയുന്ന തുകകൾ നൽകിയിട്ടുണ്ട്. 2019-20 വർഷം ഇവരുമായി കരാറുണ്ടാക്കിയിട്ടില്ല. 2018-19 വർഷത്തെ കരാർ പ്രകാരമാണ് തുക നൽകിയിരിക്കുന്നത്. എ4 സൈസ് നോട്ടീസ് പ്രിന്റ് ചെയ്യുന്നതിന് 1000 എണ്ണത്തിന് 800 രൂപയാണ് കരാർ പ്രകാരമുള്ള റേറ്റ്, കുറഞ്ഞത് 500 എണ്ണം . എന്നാൽ അധിക തുക നൽകി.

| ക്രമ നം | പ്രിന്റ് ചെയ്ത നോട്ടീസുകളുടെ എണ്ണം | ക്യാഷ് ബിൽ നം./ തീയതി | നൽകേണ്ട തുക | നൽകിയ തുക | അധികം നൽകിയത് | ചെക്ക് നം. / തീയതി |
|---|---|---|---|---|---|---|
| 1 | 700 | 365/14.08.19 | 560 | 650 | 90 | 43122/30.08.19 |
| 2 | 11500 | 369/17.08.19 | 9200 | 10925 | 1725 | 43122/30.08.19 |
| 3 | 500 | 237/21.12.19 | 800 | 950 | 150 | 46970/27.12.19 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | | | | | 1965 | |

അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-26 തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾക്കുള്ള ചെലവുകൾ അനൌദ്യോഗിക രേഖകളെ ആസ്പദമാക്കി നൽകുന്നു.

ഗ്രാമപഞ്ചായത്തുകളുടെ തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച മാർഗ്ഗരേഖയായ പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് നം.ജി2-44274/2015 തീയതി 17.08.2015 പ്രകാരം തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതികൾ സ്വീകരിക്കുവാൻ ഒരു നോഡൽ ഓഫീസറേയും നോഡൽ പോയന്റുകളും നിശ്ചയിക്കേണ്ടതാണ്. തെരുവ് വിളക്കുകളെ പരാതികൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും നോഡൽ ഓഫീസർ മെന്റനൻസ് ടീമിന് കൈമാറേണ്ടതുമാണ്. പരിഹരിച്ച പരാതികളുടെ വിവരം നോഡൽ ഓഫീസർ രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. പരാതിയുടെ അടിസ്ഥാനത്തിൽ വേണം അറ്റകുറ്റകുറ്റ പണിക്കുള്ള സമാഗ്രികൾ നൽകാനും, പരാതി പരിഹരിച്ചതിന്റെ അടിസ്ഥാനത്തിൽ വേണം അറ്റകുറ്റ പണികൾ പൂർത്തിയാക്കുന്നതിന്റെ അടിസ്ഥാനത്തിൽ വേണം ഇലക്ട്രീഷ്യൻമാർക്ക് വേതനം നൽകാൻ. എന്നാൽ പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ രജിസ്റ്റർ (ഇനം , പോസ്റ്റ് തിരിച്ചുള്ള രജിസ്റ്റർ), തെരുവ് വിളക്കുകളുടെ പരാതി സംബന്ധിച്ചുള്ള രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. മേൽ ഉത്തരവ് പ്രകാരമുള്ള രജിസ്റ്ററിന്റെ മാതൃക താഴെച്ചേർക്കുന്നു.

| തീയതി | ക്രമ നം | പ്രവർത്തന രഹിതമായ തെരുവ് വിളക്കിന്റ് പ്രദേശം, വാർഡ് | വിവരം നൽകിയ ആളിന്റെ പേരും ഫോൺ നമ്പരും | അറ്റകുറ്റ പണി നടത്തിയ തീയതി | ഇലക്ട്രീഷ്യന്റെ ഒപ്പ് | നോഡൽ ഓഫീസറുടെ ഒപ്പ് | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | | | | |

ൽ തെരുവ് വിളക്കുകളുടെ രജിസ്റ്റർ (ഇനം , പോസ്റ്റ് തിരിച്ചുള്ള രജിസ്റ്റർ) കരാറുകാരനാണ് സൂക്ഷിക്കുന്നതെന്നും പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ലായെന്നും മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശപ്രകാരമുള്ള രേഖകളുടെ അടിസ്ഥാനത്തിൽ മാത്രം അറ്റകുറ്റ പണക്കുള്ള സമഗ്രികളും ഇലക്ട്രീഷ്യൻമാരുടെ വേതനവും ഭാവിയിൽ നൽകേണ്ടതാണ്.

## 1-27 തെരുവ് വിളക്കുകൾ മീറ്റേഡ് വിഭാഗത്തിലേക്ക് മാറ്റാത്തതിനാൽ അധിക ചെലവ്

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് 2019 ഏപ്രിലിൽ 178997 രൂപയായിരുന്നു. ഇത് 2019 ഓഗസ്റ്റ് മാസം 194295 രൂപയായി വർദ്ധിച്ചു. 2019 നവംബർ മാസത്തിൽ 199651 രൂപയായി ഇത് വീണ്ടും വർദ്ധിച്ചു. കെ.എസ്.ഇ.ബിയുമായി ജോയിന്റ് വെരിഫിക്കേഷൻ നടത്തി വിളക്കുകളുടെ എണ്ണം കൂടിയതിന്റെ അടിസ്ഥാനത്തിലല്ല വൈദ്യുതി ചാർജ് വർദ്ധിച്ചിട്ടുള്ളത്.

ഇപ്പോൾ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിന്റെ താരിഫ് 8A( അൺ മീറ്റേഡ്) എന്ന വിഭാഗത്തിലാണ്. 8B മീറ്റേഡ് വിഭാഗത്തിലേക്ക് മാറ്റിയാൽ വൈദ്യുതി ചാർജ് ഗണ്യമായി കുറയുന്നതാണ്. സർക്കുലർ നമ്പർ 43742/ ഡി.സി.3/2010/ ത.സ്വ.ഭ.വ തീയതി 07.07.2010 പ്രകാരം തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്താൻ വാർഷിക പദ്ധതിയുടെ ഭാഗമായി വൈദ്യുത ബോർഡ് മുഖേന ഡെപ്പോസിറ്റ് പ്രവർത്തിയായി പ്രോജക്ട് നടപ്പാക്കേണ്ടതായിരുന്നെങ്കിലും പഞ്ചായത്ത് ഇത് നടപ്പാക്കിയിട്ടില്ല. ഈ പ്രോജക്ട് നടപ്പാക്കി തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് കുറക്കേണ്ടതാണ്.

## 1-28 പരസ്യ ചാർജ്ജിനത്തിൽ ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല-നഷ്ടം-9072/-രൂപ

പ്രോജക്ട് നം.S0001/20 പദ്ധതിരൂപീകരണം, നിർവ്വഹണം,മോണിട്ടറിംഗ്

നിർവ്വഹണം – സെക്രട്ടറി

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ച് കൊണ്ടുള്ള 08.12.2015-ലെ ജി.ഒ ( പി) നം.17 /2015/ പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിൽ സർക്കാർ പരസ്യങ്ങൾക്ക് 15%

ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ എക്സ്പ്രസ് ദിനപ്പത്രത്തിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളിൽ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല എന്ന് കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പത്രസ്ഥാപനം | സ്ഥാപനത്തിൽ നിന്നുള്ള ബിൽനം/തീയതി | ബിൽ തുക | അർഹമായ ഡിസ്കൗണ്ട്(ജി.എസ്.ടി.ഉൾപ്പെടാതെയുള്ള തുകയുടെ 15%) |
|---|---|---|---|
| എക്സ്പ്രസ് പബ്ലിക്കേഷൻ | KL14025736 /18.09.2019 | 4536 | 648 |
| | KL14023977 /31.07.2019 | 4536 | 648 |
| | KL14024397 /10.08.2019 | 3402 | 486 |
| | KL14025506 /07.09.2019 | 5670 | 810 |
| | KL14028252 22.11.2019 | 5670 | 810 |
| | KL14028870 06.12.2019 | 5670 | 810 |
| | KL14028705 03.12.2019 | 6804 | 972 |
| | KL14031460 /02.02.2020 | 5670 | 810 |
| | KL14031779-09.02.2020 | 5670 | 810 |
| | KL14032806/29.02.2020 | 7938 | 1134 |
| | KL14033168/07.03.2020 | 7938 | 1134 |
| ആകെ | | | 9072/- |

ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി 4-1-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഡിസ്കൗണ്ട് ഇല്ലാതെയാണ് പത്രപ്പരസ്യചാർജ്ജ് ഡിമാന്റ് ചെയ്തതും, പഞ്ചായത്ത് മേൽ ബില്ലുകൾ പ്രകാരം മുഴുവൻ തുകയും അനുവദിച്ചു നൽകുകയും ചെയ്തത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (31/16-02-2022). സ്ഥാപനത്തിൽ നിന്ന് ഡിസ്കൗണ്ട് ലഭ്യമാക്കാത്തതു മൂലം ഉണ്ടായ നഷ്ടം 9072/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രോജക്ട് -പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം. : S0012/20 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ : ധനകാര്യകമ്മീഷൻ അവാർഡ് 3688654/-

ചെലവ് : 178323/-(ബിൽ നം.21/19-20 തീയതി.21.01.2020 )

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിലെ 13ാം വാർഡി ലെ വലിയ കലവൂർ ടെമ്പിൾ - വലിയ കലവൂർ ബണ്ട് റോഡ് സ്ട്രീറ്റ്മെയിൻ വലിക്കുന്നതിനായി 178323/- രൂപ കെ.എസ്.ഇ.ബി ചേർത്തല സെക്ഷന് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട് ( എസ്റ്റിമേറ്റ് സാങ്ഷൻ ഓർഡർ നം. DB/SL-AS-15/19-20/ Dtd.25.11.2019) എന്നാൽ നാളിതുവരെയായിട്ടും പദ്ധതി പൂർത്തീകരിച്ച് പൂർത്തീകരണ രേഖകൾ പഞ്ചായത്തിന് കൈമാറിയതായി കാണുന്നില്ല. കൂടാതെ കെ.എസ്.ഇ.ബി യുമായി ഗ്രാമ പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് (നം. 8/11.02.2022) മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണ രേഖകൾ ഹാജരാക്കുന്നതുവരെ 178323/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 കാലിത്തീറ്റ സബ്സിഡി-മിൽമയുടെ ഇൻവോയ്സിൽ അധികരിച്ച തുക നൽകി-അധികചെലവ്-34888/-രൂപ

S0099/19-20 ക്ഷീര കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കൽ

അടങ്കൽ-500000/-(വികസനഫണ്ട്)

ചെലവ്-497340/-

1)ബിൽ നം-3/ 19-20തീയതി-11.11.2019-371645/-

2)ബിൽ നം-5/ 19-20തീയതി-16.12.2019- 53775/-

3)ബിൽ നം-9/19-20തീയതി-25.2.2020- 44640/-

4)ബിൽ നം-11/ 19-20തീയതി-26.2.2020- 27280/-

വിവിധ ക്ഷീരോൽപ്പാദകസംഘങ്ങൾ ലഭ്യമാക്കിയിട്ടുള്ള കാലിത്തീറ്റ വിതരണസ്റ്റേറ്റ്മെന്റ്,മിൽമ ,കേരളഫീഡ്സ് എന്നിവിടങ്ങളിൽനിന്നുള്ള ഇൻവോയിസ് എന്നിവയുടെ അടിസ്ഥാനത്തിൽ കാലിത്തീറ്റ സബ്സിഡി സംഘങ്ങളുടെ അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്.മിൽമ,കേരള ഫീഡ്സ് എന്നിവിടങ്ങളിൽ നിന്നും ക്ഷീരസംഘങ്ങൾ കാലിത്തീറ്റ വാങ്ങിയ വിലയ്ക്കല്ലാതെ പരമാവധി വിൽപ്പന വിലയ്ക്കാണ് സബ്സിഡി നൽകിയിരിക്കുന്നത്.ക്ഷീരസംഘങ്ങൾ കാലിത്തീറ്റ വാങ്ങിവിതരണം ചെയ്തതിന്റെ ആധികാരിക രേഖയാണ് കാലിത്തീറ്റ വാങ്ങിയ ബില്ലുകൾ .ഈ ബില്ലുകൾ പ്രകാരം ഒരു ബാഗ് കാലിത്തീറ്റ ലഭിച്ച വിലയ്ക്കായിരുന്ന വിതരണത്തിനനുസരിച്ച് സബ്സിഡി നൽകേണ്ടിയിരുന്നത്.

ക്ഷീരസംഘങ്ങൾ കാലിത്തീറ്റ വാങ്ങി വിതരണം ചെയ്തതിന്റെ വിശദാംശം താഴെ കൊടുക്കുന്നു

| ക്രമ നം | ബിൽ നം /തീയതി | ക്ഷീര സംഘം | കാലിത്തീറ്റ ബിൽ നം /തീയതി | ആകെ വിതരണം ചെയ്ത എണ്ണം/തുക | നൽകിയ സബസിഡി(50%) | വാങ്ങിയ വിലയുള്ള സബ്സിഡി |
|---|---|---|---|---|---|---|
| 1 | 3/19-20; 11.11.2019 ;371645/- | കാവുങ്കൽ KUCS | മിൽമ3/11339/1; 17.10.2019- 189210/- 170bag@1113<br>മിൽമ3/10765 /1;17.10.2019 222600/- 200bag@1113 | 186bag@1195/- 222270/- | 93 Bag @1195/- 111135/- | 93@1113 =103509 (7626) |
| | | മണ്ണഞ്ചേരി വെസ്റ്റ് | കേരളഫീഡ്സ് KFLP1-19-20 023157/5.9.19 221600/- 200Bag@1108<br>KFLP1-19-20 025405/ 25.9.2019 221600/- 200Bag@1108 | 260bag @1195/- =310700/-- | 130 Bag @ 1195 =155350/- | 130 @1108 =144040/ (11310) |
| | | നേതാജിKUCS | മിൽമ3/10864 /1;8.10.2019 83475/- 75bag@1113<br>മിൽമ 3/8949 /1;3.9.2019 111300/- 100 Bag @1113/- | 176 Bag @ 1113 =195888 | 88 Bag @1195/- 105160/- | 88 Bag@1113/ -=97944/- (7216) |

| | | | | | | |
|---|---|---|---|---|---|---|
| | | | മിൽമ3/11323 /1;17.10.2019 111300/- 100bag@1113 | | | |
| 2 | 5/19-20 ;16.12.2019 53775/- | മണ്ണഞ്ചേരി സൌത്ത് KUCS | മിൽമ3/12205 /1;01.11.2019 111300/- 100bag@1113 | 90 Bag @ 1195/ -=107550/- | 45 Bag @ 1195/- =53775/- | 45bag@ 1113/ -=50085/- (3690) |
| 3 | 9/19-20 ;25.2.2020 44640/- | മണ്ണഞ്ചേരി സൌത്ത് KUCS | മിൽമ3/17445 /1;23.1.2020 115300/- 100bag@1153 | 72bag @ 1240/- =89240/- | 36 Bag @1240 = 44640/- | 36 Bag@ 1153/- =41508/- (3132) |
| 4 | 11/19-20; 26.2.2020-27280/- | കാവുങ്കൽ KUCS | മിൽമ3/18844 /1;17.2.2020 242130/- 210bag@1153 | 44 Bag @ 1240/- =54560/- | 22 Bag @ 1240/- =27280/- | 22 Bag@ 1153/- =25366/- (1914) |

മിൽമ,കേരളഫീഡ്സ് എന്നിവിടങ്ങളിൽ നിന്നുള്ള ഇൻവോയ്സ് പ്രകാരമുള്ള തുകയ്ക്ക് കാലിത്തീറ്റ സബ്സിഡി നൽകാതിരുന്നതിനാൽ 2019-20 സാമ്പത്തിക വർഷത്തിൽ മാത്രം (7626+11310+7216+ 3690+3132+ 1914)=34888/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.മിൽമ,കേരളഫീഡ്സ് എന്നിവിടങ്ങളിലെ ഇൻവോയിസ് പ്രകാരമുള്ള തുകയ്ക്ക് സബ്സിഡി നൽകാതിരുന്നതിന് രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.10/14.2.2022)ക്ക് ലഭ്യമാക്കിയ മറുപടിയിൽ കാലിത്തീറ്റ ലഭിക്കുന്ന വിലയിൽ നിന്ന് സംഘത്തിന് കാലിത്തീറ്റ ഇറക്കുകൂലി,ഇൻസ്പെക്ഷൻ ചാർജ് എന്നിവ കൂടി ഈടാക്കാനുള്ളതുകൊണ്ടാണ് വിൽപ്പനവിലയ്ക്കുതന്നെ സബ്സിഡി നൽകിയതെന്നും വരും വർഷങ്ങളിൽ സംഘങ്ങളുമായി എഗ്രിമെന്റ് വച്ച് കമ്പനി വിലയ്ക്ക് സബ്സിഡി നൽകുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്.സംഘത്തിന് കാലിത്തീറ്റ ഇറക്കുകൂലി,ഇൻസ്പെക്ഷൻ ചാർജ് എന്നിവ നൽകുന്നതുമായി ബന്ധപ്പെട്ട് സംഘങ്ങളുമായി എഗ്രിമെന്റ് പോലും വെയ്ക്കാതെ എന്തടിസ്ഥാനത്തിലാണ് ഇപ്രകാരം അധിക തുക നൽകിയതെന്ന് വ്യക്തമല്ല. വരും വർഷങ്ങളിൽ കാലിത്തീറ്റ മിൽമയിൽ നിന്നും ലഭിക്കുന്ന വിലയ്ക്ക് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 ഫ്രണ്ട് ഓഫീസ് എ.സി.ആക്കൽ, പഞ്ചായത്ത് കോൺഫറൻസ് ഹാൾ എ.സി.ആക്കൽ എന്നീ പ്രോജക്കുകൾ

(എ) പ്രോജക്ട് നം. S0015/20 ഫ്രണ്ട് ഓഫീസ് എ.സി.ആക്കൽ

നിർവ്വഹണം -സെക്രട്ടറി
വകയിരുത്തൽ-തനത് ഫണ്ട്-200000

ചെലവ് - 198100- തനത്ഫണ്ട് (ചെക്ക് നം .TRY 2717000 / തീയതി.13.02.2020

പൊതുജനങ്ങൾക്ക് സുഖപ്രദമായ രീതിയിൽ സേവനം നൽകുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പ്രോജക്റ്റിൽ എ.സി.വാങ്ങുന്നതിനായി (Voltas 1 Ton AC) ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞതുകയായ 59800/-ക്വാട്ട് ചെയ്ത കണ്ടത്തിൽ ചിറയിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും പ്രസ്തുത ബിൽ പ്രകാരം തുക നൽകുകയും ചെയ്തിട്ടുണ്ട്.

കണ്ടത്തിൽ ചിറയിൽ ട്രേഡ് ലിങ്ക്സിന്റെ 18.01.2020 ലെ 098 ാം നമ്പർ ബില്ലിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| Sl.No. | Description Of Goods | Qty | Rate | Total Value | Value Of Supply |
|---|---|---|---|---|---|
| 1 | Air Conditioner- Voltas 1 Ton 5 Star With Stand,wiring,installation | 2 | 59800 | 119600 | 119800 |
| 2 | Fixed Glass With Door 3Nos. Fitting | - | 78500 | 78500 | 78500 |



78500/-രൂപ ചെലവഴിച്ച ഗ്ലാസ്സ് ഡോർ

അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനത്തിൽ നിന്ന് ജി.എസ്.റ്റി. ബിൽ ലഭ്യമാക്കിയിട്ടില്ല.

2. ക്രമ നം.2 ലെ ഇനത്തിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.

3.എസി സപ്ലൈ ചെയ്ത ഈ സ്ഥാപനം ഗ്ലാസ്സ് ഡോർ ഫിറ്റിംഗ് എന്ന പ്രവർത്തി ചെയ്യാൻ കോംപീറ്റന്റ് ആണെന്നോ, അവർക്ക് ഇതിന് ഡീലർഷിപ്പ് ഉള്ള സ്ഥാപനമാണെന്നോ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അങ്ങനെയുള്ള ഒരു സ്ഥാപനത്തിനാണ് ,ടെണ്ടർ പോലും ക്ഷണിക്കാതെ പ്രദേശികമായി ഇതേ പ്രവർത്തി ഇതിലും വളരെ കുറഞ്ഞ നിരക്കിൽ ലഭ്യമാകുമെന്നിരിക്കെ ആ സാധ്യതയെക്കുറിച്ച് ആലോചിക്കുക പോലും ചെയ്യാതെ വളരെ ഉയർന്ന നിരക്കിൽ പ്രവർത്തി നിർവ്വഹിച്ചത്.

4. എയർ കണ്ടീഷണർ വിൽക്കുന്ന എല്ലാ കമ്പനികളും തങ്ങളുടെ ടെക്നീഷ്യന്മാർ മുഖേന സൗജന്യമായി എയർ കണ്ടീഷണർ ഇൻസ്റ്റാൾ ചെയ്തു നൽകുന്നുണ്ട്. എന്നാൽ എയർ കണ്ടീഷണറിന് ഇൻസ്റ്റലേഷൻ ഉൾപ്പടെയാണ് തുക അനുവദിച്ചിട്ടുള്ളത്.

5.പ്രോജക്ടിന്റെ അടങ്കലായി വളരെ ഉയർന്ന തുക( 200000 )നിശ്ചയിച്ച ആ തുകയിൽ തന്നെ പൂർണ്ണമായും ചെലവ് നടത്തി.(രണ്ട് വോൾട്ടാസ് 1 ടൺ 5 സ്റ്റാർ ഇൻവെർട്ടർ AC ക്കുള്ള പരമാവധി വില41000 X2=82000/-രൂപ മാത്രമാണ്)

ഇതേസ്ഥാപനം ഓഡിറ്റ് തീയതിയിൽ (16.02.2022) കുമരകം ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിലേക്കായി എന്ന പേരിൽ ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരം രേഖപ്പെടുത്തിയ വിലയുടെ വിശദാംശവും ചിത്രവും ചുവടെ ചേർക്കുന്നു.



**Kandathichirayil Trade Links**

Thalayazham P.O., Vaikom-686607, Kottayam Dist. Mob:999 555 4090

To
The Secretary
Kumarakom Grama Panchayat
Kottayam Dist.

Quotation for Air Conditioner

Customer's Ref.No. Dt. | Our Ref. No.KTL/03/02-22 Dt. 16/02/22

| No. | Particulars | Qty | Price | Amount |
|---|---|---|---|---|
| 1 | Voltas 1 Ton 5 Star Split Inverter A/C | 1 | 39,500.00 | 39,500.00 |
| 2 | Stand and Installation | LS | 1,500.00 | 1,500.00 |
| | Total | | | 41,000.00 |
| | Rupees Forty One Thousand Only. | | | |

TERMS & CONDITIONS:
All Prices are inclusive of all taxes.
Delivery: Within 15 days after receipt of your supply order.
Payment: Against supply
FOL : At your office/Destination

For Kandathichirayil Trade Links
MATHEW
proprietor

Suppliers of Office Furniture's and Equipments

Voltas 1 Ton 5 Star Split Inverter A/C യുടെ വില - 39500

Stand And Installation -1500

ആകെ -41000/-

(ബി) പ്രോജക്ട് നം. S0207/20 പഞ്ചായത്ത് കോൺഫറൻസ് ഹാൾ എ.സി.ആക്കൽ

തനത് ഫണ്ട്-145000

ചെലവ് - 143186/- തനത്ഫണ്ട് (ചെക്ക് നം .TRY 2717000 / തീയതി.13.02.2020)

കണ്ടത്തിൽ ചിറയിൽ ട്രേഡ് ലിങ്ക്സിന്റെ 15.10.2019ലെ 061 ാം നമ്പർ ബില്ലിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| Sl.No. | Description Of Goods | Qty | Rate | Total Value | Value Of Supply |
|---|---|---|---|---|---|
| 1 | Air Conditioner- Voltas 1 .5 Ton 5 Star With Stand,wiring,installation | 2 | 72500 | 145000 | 145000 |

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനത്തിൽ നിന്ന് ജി.എസ്.റ്റി. ബിൽ ലഭ്യമാക്കിയിട്ടില്ല.

2.എയർ കണ്ടീഷണർ വിൽക്കുന്ന എല്ലാ കമ്പനികളും തങ്ങളുടെ ടെക്നീഷ്യന്മാർ മുഖേന സൗജന്യമായി എയർ കണ്ടീഷണർ ഇൻസ്റ്റാൾ ചെയ്തു നൽകുന്നുണ്ട്. എന്നാൽ എയർ കണ്ടീഷണറിന് ഇൻസ്റ്റലേഷൻ ഉൾപ്പടെയാണ് തുക അനുവദിച്ചിട്ടുള്ളത്.

3.പ്രോജക്റ്റിന്റെ അടങ്കലായി വളരെ ഉയർന്ന തുക( 145000 )നിശ്ചയിച്ചു.

4. ടെണ്ടർ പരസ്യത്തിലെ ഓരോ ഇനത്തിനും തുക ലഭ്യമാക്കണമെന്ന് പറയുന്നതിന് പകരം അടങ്കലിനെ എസ്റ്റിമേറ്റായി വ്യാഖ്യാനിച്ച് ലഭ്യമാക്കിയ ടെണ്ടറുകൾ പരിഗണിച്ചു. പ്രാദേശികമായി ഇതേ സ്പെസിഫിക്കേഷനിൽ ഉള്ള എസികൾ ഇതിന്റെ പകുതി വിലയ്ക്ക് ലഭ്യമാണെന്നിരിക്കെ സ്ഥാപനവുമായി നെഗോഷ്യേഷൻ നടത്തി വില കുറയ്ക്കാൻ നടപടി സ്വീകരിച്ചില്ല.
5.കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ചാപ്റ്റർ 3, ആർട്ടിക്കിൾ 40(b) (സ്റ്റാൻഡേർഡ്സ് ഓഫ് ഫിനാൻഷ്യൽ പ്രൊപ്രൈറ്റി ) (1) ചുവടെ ചേർക്കും പ്രകാരം അനുശാസിക്കുന്നു. “ The Expenditure Should Not Be Prima Facie More Than The Occasion Demands. Every Govt. Servant Is Expected To Exercise The Same Diligence And Care Inrespect Of All Expenditure From Public Moneys Under His Control As A Person Of Ordinary Prudence Would Exercise Inrespect Of The Expenditure Of His Own Money “ അതനുസരിച്ച് പൊതുപണം ചെലവഴിക്കുമ്പോൾ ഒരു സാധാരണ വ്യക്തി കാണിക്കേണ്ടുന്ന ജാഗ്രതയും ഈ പദ്ധതി നിർവ്വഹണത്തിൽ കാണിച്ചിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.(നം.45/17.02.2022)
ആയതിനാൽ ഈ പദ്ധതി നിർവ്വഹണം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി അധികം ചെലവഴിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-32 കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ഇൻവോയ്സ് ഇല്ലാതെ തുക നൽകി, ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം, പേര് | S 108/19-20/ തേനീച്ച വളർത്തൽ |
| അടങ്കൽ | വികസന ഫണ്ട്- 77240<br>മറ്റുള്ളവ - 27840<br>------------------------------------------------------<br>105080 |
| ചെലവ് | ചെക്ക് നം.2462509/03.03.20 -27840രൂപ |

കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷന് തേനീച്ച വളർത്തലിനാവശ്യമായ സാമഗ്രികൾ നൽകിയതിന് അതിന്റെ വിലയായ27840 നൽകി. എന്നാൽ കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ഇൻവോയ്സില്ലാതെയാണ് തുക നൽകിയിട്ടുള്ളത്ഓഡിറ്റ് എൻക്വയറി നം (17/14.2.2022)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കുന്ന സേവനങ്ങൾക്ക് ജി.എസ്.റ്റി ഈടാക്കി-നഷ്ടം-46973/-

സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ ജി.എസ്.റ്റി.ഉൾപ്പടെയുള്ള തുകയാണ് നൽകിയിട്ടുള്ളത്.

(എ) പൈപ്പ് ലൈൻ ഇന്റർ കണക്ഷൻ ജി.എസ്.റ്റി. അധിക വിഹിതം നൽകിയത്

പ്രോജക്ട് നം. -S0236/20

4,5 വാർഡുകളിലെ പൈപ്പ് ലൈൻ ഇന്റർ കണക്ഷൻ ജി.എസ്.റ്റി. അധിക വിഹിതം നൽകൽ

ചെലവ്--20000/- (തനത് ഫണ്ട്, ചെക്ക് നം.2716955/19.10.2019)

മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് 4,5 വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി വാർഡുകളിൽ

ഇന്റർകണക്ഷൻ എടുക്കുന്നതിൽ കേരള വാട്ടർ അതോറിറ്റിക്ക് അധികമായി നൽകേണ്ട ജി.എസ്.റ്റി തുക വകയിരുത്തുന്നതായിരുന്ന പ്രോജക്ട്. പ്രസ്തുതബിൽ പ്രകാരം തനത് ഫണ്ടിൽ നിന്നും 20000/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.

(ബി) സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ

പ്രോജക്ട് നം. : S0012/20

അടങ്കൽ : ധനകാര്യകമ്മീഷൻ അവാർഡ് 3688654/-

ചെലവ് : 178323/-(ബിൽ നം.21/19-20 തീയതി.21.01.2020 )

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിലെ 13ാം വാർഡി ലെ വലിയ കലവൂർ ടെമ്പിൾ - വലിയ കലവൂർ ബണ്ട് റോഡ് സ്ട്രീറ്റ്മെയിൻ വലിക്കുന്നതിനായി 178323/- രൂപ കെ.എസ്.ഇ.ബി ചേർത്തല സെക്ഷന് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട് ( എസ്റ്റിമേറ്റ് സാങ്ഷൻ ഓർഡർ നം. DB/SL-AS-15/19-20/ Dtd.25.11.2019). 18% ജി.എസ്.റ്റി 26973.22/- രൂപ ഉൾപ്പടെയുള്ള തുകയാണ് കെ.എസ്.ഇ.ബി യ്ക്ക് നൽകിയത്.

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243ജി പ്രകാരം ത്രിതല പഞ്ചായത്തുകൾ ലഭ്യമാക്കുന്ന സേവനങ്ങൾക്ക് ജി.എസ്.ടി ബാധകമല്ലാത്തതാണ്. ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽപ്പെട്ട പ്രധാന സേവനങ്ങളാണ് കുടിവെള്ള വിതരണം, തെരുവ് വിളക്കുകൾ ലഭ്യമാക്കുക എന്നിവ. ആയതിനാൽ പ്രസ്തുത വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം 16 /14.02.2022) പ്രസ്തുത തുക തിരികെ പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്കും കെ.എസ്.ഇ.ബി യ്ക്കും 15.02.2022ൽ കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭിച്ചു. തുക (20000+ 26973) തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

## 1-34 പ്രിന്റർ വാങ്ങുന്നതിന് തുക ചെലവഴിച്ചു - നാളിതുവരെ പ്രിന്ററോ തുകയോ ലഭിചില്ല

പ്രോജക്ട് നം-66/19-20-മണ്ണഞ്ചേരി പി.എച്ച്.സി.ക്ക് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ
അടങ്കൽ-100000/-(മെയിന്റനൻസ് ഫണ്ട്)
ചെലവ്
ബിൽ നം-13/19-20-27.2.2020- 94923/-

പ്രോജക്ടുപ്രകാരം പി.എച്ച്.സിയിലേക്ക് ആവശ്യമുള്ള ഡസ്ക്ടോപ്പ് ,പ്രിന്റർ എന്നിവ വാങ്ങുന്നതിനായി സി.പി.ആർ.സി.എസ് സൈറ്റ് വഴി ഇൻവോയിസ് ജനറേറ്റ് ചെയ്ത് ഐ.ടി മിഷന്റെ അക്കൌണ്ടിലേക്ക് 94923/-രൂപ താഴെപ്പറയുന്ന പ്രഫോർമ ഇൻവോയിസുകൾ പ്രകാരം നൽകിയിട്ടുണ്ട്.

| ക്രമ നം | ഉപകരണം | പ്രഫോർമ ഇൻവോയിസ് | തുക |
|---|---|---|---|
| 1 | A3 Network MFP Printer | TVM/ITBG /PI/RC/11937 /19-20: 28.11.2019 | 39603/- |
| 2 | Dektop-Intel Processor | TVM/ITBG /PI/RC/12015 /19-20: 30.11.2019 | 40469/- |
| 3 | A4 Multi Function Printer | TVM/ITBG /PI/RC/11934 /1920: 28.11.2019 | 14851 |
| ആകെ | | | 94923/- |

പർച്ചേസ് ഓർഡർ നൽകാൻ കഴിഞ്ഞ ഡസ്ക്ടോപ്പ് കംപ്യൂട്ടർ മാത്രമാണ് സ്ഥാപനത്തിന് ലഭിച്ചത്.CPRCS ന് മറ്റ് സ്ഥാപനങ്ങളുമായുള്ള ടെൻഡർ കാലാവധിക്കുള്ളിൽ പ്രിന്ററുകൾക്ക് വർക്ക് ഓർഡർ നൽകാൻ കഴിയാതിരുന്നതിനാൽ രണ്ട് പ്രിന്ററുകളും നാളിതുവരെ ലഭിച്ചിട്ടില്ല. പ്രിന്ററുകൾക്ക് നൽകിയ തുക തിരികെ നൽകാമെന്ന് കെൽട്രോൺ സമ്മതിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയും തിരികേ ലഭിച്ചിട്ടില്ല എന്നാണ് ഫയൽ പരിശോധനയിൽ അറിയാൻകഴിഞ്ഞത്. ആയത് തിരികെ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം(23/15.2.2022) നൽകിയതിന് മറുപടിയായി ടി വിഷയം 31.1.2022 ലെ 11(2)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം തിരുവനന്തപുരം കോർഡിനേഷൻകമ്മിറ്റിക്ക് കത്ത് നൽകാൻ തീരുമാനിച്ചതായി

അറിയിച്ചിട്ടുണ്ട്.പ്രിന്ററുകൾക്കായി ചെലവഴിച്ച 54454/-രൂപ പലിശസഹിതം തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.പ്രിന്ററുകൾക്കായി നൽകിയ തുക ലഭിക്കുന്നതുവരെ മേൽചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 അങ്കണവാടികളിൽ പോഷകാഹാര വിതരണം- ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നില്ല.

പ്രോജക്റ്റ് നം.S0004/20 അങ്കണവാടി ഫീഡിംഗ്

നിർവ്വഹണം - ഐ.സി.ഡി.എസ്.സൂപ്പർവൈസർ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് | 2530960 | 2529738 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1701422 | 1674169 |
| തനത് ഫണ്ട് | 469040 | 461681 |
| ജില്ലാപഞ്ചായത്ത് വിഹിതം | 200000 | 95615 |
| ആകെ | 4901422 | 4761203 |

ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും 01.02.2010, 05.06.2010.ലെ ഐ.സി.ഡി.എസ് ബി3-312/2010 നമ്പർ കത്തുകൾ മുഖേന സാമൂഹ്യ ക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിരുന്നു. പരിശോധനയ്ക്ക് വിധേയമായ ബാച്ചുകളുടെ ലാബ് റിപ്പോർട്ടിൽ തൃപ്തികരമല്ല / ഉപയോഗയോഗ്യമല്ല എന്നാണ് പരിശോധനാ ഫലമെങ്കിൽ, ഭക്ഷ്യ മിശ്രിതത്തിന്റെ വില, ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നല്കേണ്ടതില്ല എന്നും 8.12.2010 ലെ മേൽ നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

2019-20വർഷം ന്യൂട്രിമിക്സ് സാമ്പിളുകൾ ലാബ് ടെസ്റ്റ് ചെയ്തതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 14/തീയതി.14.02.2022) 20.05.2019 ൽ കളക്ട് ചെയ്ത സാമ്പിളിന്റെ റിപ്പോർട്ട് ലഭ്യമാക്കി. (Sample Submitted Cnforms For Protein & Clorific Value ) 2019-20 വർഷം ഒരു പ്രാവശ്യം മാത്രമാണ് സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളത്. അംഗൻ വാടിയിലെ ശിശുക്കൾക്ക് നൽകുന്ന ന്യൂട്രിമിക്സ് കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കേണ്ടതാണ്. വിഷയത്തിലേക്ക് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ സത്വര ശ്രദ്ധക്ഷണിക്കുന്നു.

## 1-36 സർക്കാർ നിർദ്ദേശത്തിനുവിരുദ്ധമായി തുകകൈമാറുന്നു

.പ്രോജക്ട് നം S00 22/19-20 -ക്യാൻസർ ഡിറ്റക്ഷൻ പ്രോഗ്രാം

അടങ്കൽ-50000/-(വികസന ഫണ്ട്)

ചെലവ്-36010/-

1ബിൽ നം 2/19-20,24.7.2019-2557/

2) ബിൽ നം 6/19-20 ,24.9.2019 -15713/-

3)ബിൽ നം 7/19-20,30.9.2019-13740/-

4)ബിൽ നം 4/19-20,30.7.2019-4000/

പഞ്ചായത്തിലെ എഫ്.എച്ച്.സി കലവൂരിൽ 19.9.2019ലും മണ്ണഞ്ചേരി പി.എച്ച് .സി.യിൽ 22.8.2019 ലും ക്യാൻസർ ഡിറ്റക്ഷൻ ക്യാംപുകൾ നടത്തിയതിന് ക്രമ നം (2),(3) ,(4)ബില്ലുകൾ പ്രകാരം മണ്ണഞ്ചേരി പി.എച്ച് സി , മെഡിക്കൽ ഓഫീസറുടെ അക്കൌണ്ടിലേക്ക് യഥാക്രമം തുക മാറിയിട്ടുണ്ട്.

1) ക്രമ നം (2) ബിൽ പ്രകാരം പിൻവലിച്ചിരിക്കുന്ന 15713/- രൂപയുടെ ചെലവ് രേഖകളിൽ Early Cancer Detection Centre ,കല്ലൂർ-7400/-, KL-43-6555 നം.ടാക്സി ഡ്രൈവർക്ക് -3440/-,വനിത കാറ്ററിംഗ് സെന്റർ,നോർത്ത് ആര്യാടിന് -3750/- എന്നിങ്ങനെ രസീത്/ഇൻവോയിസ് പ്രകാരം നൽകിയിട്ടുണ്ടെങ്കിലും തുകകൾ ബന്ധപ്പെട്ട സ്ഥാപനം/വ്യക്തി എന്നിവർക്ക് അക്കൌണ്ട് ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകളില്ല. ഡ്രൈവർ ടൂറിസ്റ്റ് ടാക്സി രസീത് പ്രകാരം തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും കാറ്ററിംഗ് സെന്റർ തുക കൈപ്പറ്റിയതായുള്ള രേഖയില്ല.

2)ക്രമ നം (3) ബിൽ പ്രകാരം 13740/- രൂപ പിൻവലിച്ചതിന്റെ ചെലവ് രേഖകളിൽ Early Cancer Detection Centre

,കല്ലൂർ-7250/-,KL-07 BE-5878 നം.ടാക്സി ഡ്രൈവർക്ക് -2870/-, നിർമൽകാറ്ററേഴ്സ് & ഫാസ്റ്റ് ഫുഡ് സെന്റർ, -3500/- എന്നിങ്ങനെ രസീത്/ഇൻവോയിസ് പ്രകാരം നൽകിയിട്ടുണ്ടെങ്കിലും തുകകൾ അക്കൌണ്ട് ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകളില്ല. ഡ്രൈവർക്ക് ടൂറിസ്റ്റ് ടാക്സി രസീത് പ്രകാരം തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും കാറ്ററിംഗ് സെന്റർ തുക കൈപ്പറ്റിയതായുള്ള രേഖയില്ല.

ധന വിനിയോഗവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് 12-04-06 ൽ പുറപ്പെടുവിച്ച ജി.ഒ(പി) 177/06 -ാം നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം 1000/- രൂപയിൽ കൂടുതലുള്ള തുകകൾ സ്ഥാപനം /വ്യക്തികൾ എന്നിവർക്ക് പണമായി നൽകാവുന്നതല്ല. തുക അക്കൌണ്ടിലേക്ക് നൽകിയതിന്റെയും , കാറ്ററിംഗ് സെന്ററുകളിലെ കൈപ്പറ്റ രസീതും പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായിമാത്രം പണം കൈമാറേണ്ടതാണ്.

## 1-37 എ.ബി.സി.പ്രോഗ്രാം-ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം. 269/20 എ.ബി.സി.പ്രോഗ്രാം

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ -200000/- (വികസന ഫണ്ട്)

ചെലവ് -200000/- (ബിൽ നം.26/30.03.2020)

തെരുവ് നായ്ക്കളുടെ ജനന നിയന്ത്രണത്തിനായി ജില്ലാതലത്തിൽ രൂപീകരിക്കുന്ന പദ്ധതിക്കുള്ള പഞ്ചായത്ത് വിഹിതം നൽകുന്നതിനായി തുക വകയിരുത്തുന്നതിനായിരുന്ന പ്രോജക്ട്. പ്രസ്തുത പ്രോജക്ട്പ്രകാരം 200000/- രൂപ ആലപ്പുഴ ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഈവിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32 /16.02.2022) മറുപടി ലഭിച്ചില്ല. നാളിതുവരെ ഒടുക്കിയ തുകയിൽ എത്ര തുക ഗ്രാമ പഞ്ചായത്തിനായി ചെലവഴിച്ചു എന്നതു സംബന്ധിച്ച് വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. അതുവരെ 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-38 ലൈവ് സ്റ്റോക്കിന്റെ വിതരണരേഖകൾ ലഭ്യമാക്കിയില്ല.582500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ
ലൈവ് സ്റ്റോക്കിന്റെ വിതരണരേഖകൾ ലഭ്യമാക്കിയില്ല.വിശദവിവരം താഴെ ചേർക്കുന്നു
2019-20 ലെ പ്രോജക്ട് നം.74 -പശുക്കുട്ടി വളർത്തൽ (11എണ്ണം)ചെലവ് പ്ലാൻ -55000, ഗു.വി.-125000 (ചെക്ക് നം.2462506/29.02.20-70000+ചെക്ക് നമ്പർ 2462516/18.03.20-55000) ആകെ 180000രൂപ
പ്രോജക്ട് നം 75- ആട്ട വളർത്തൽ (33 എണ്ണം) ചെലവ് പ്ലാൻ-42000( ബിൽ നം.09/19-20/16.03.20), ഗു.വി.-198000 (ചെക്ക് നം.2162519/19.03.20-42000+ ചെക്ക് നം.2462505/20.02.20 -156000) ആകെ 240000 രൂപ
പ്രോജക്ട് നം 76- പശുക്കുട്ടി വളർത്തൽ -പട്ടിക ജാതി (13എണ്ണം)ചെലവ് പ്ലാൻ-97500(ബിൽ നം.07,08,09/16.03.20, ഗ്രി.വി-65000 (32500 വീതം ചെക്ക് നമ്പർ 246256/29.02.20 162500, ചെക്ക് നം.2462519/19.03.20)
എന്നീ പ്രോജക്ടുകളിലൂടെ വാങ്ങിയ ലൈവ് സ്റ്റോക്ക്, ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ഇവ ലഭ്യമാക്കുന്നതു വരെ 582500 ചെലവ് തടസ്സപ്പെടുത്തുന്നു..

## 1-39 വി.ഇ.ഒ. നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ പ്രോജക്ടിലെ അപാകതകൾ

പ്രോജക്ട് നം. S0028/20 വീട് വാസയോഗ്യമാക്കൽ (ജനൽ)

വികസനഫണ്ട് - 1904596

തനത് ഫണ്ട് - 2120404

ആകെ അടങ്കൽ - 4025000

ചെലവ് - 1025000/-( വികസനഫണ്ട്)

- 1200000/-(തനത് ഫണ്ട്)

(എ)സബ്സിഡി മാർഗ്ഗരേഖ (സ.ഉ .(കൈ) നം.22/2018 തസ്വഭവ തീയതി.14.02.2018 ) പ്രകാരം വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കുന്നതിന് മാത്രമാണ് ആനുകൂല്യം നൽകാവുന്നത്.എന്നാൽ ഗ്രാമപഞ്ചായത്തിലെ ചുവടെയുള്ള പട്ടികയിൽ ചേർത്തിരിക്കുന്ന ഗുണഭോക്താക്കളിൽ ചിലർക്ക് വീടിന്റെ പെയ്ന്റിംഗിന് വേണ്ടി മാത്രം ആകെ തുകയുടെ മുക്കാൽ ഭാഗം ചെലവഴിക്കുകയും, നാമമാത്രമായി മാത്രം വീടിന്റെ അറ്റകുറ്റപ്പണിക്ക് തുക നൽകുകയുമാണ് ചെയ്തിട്ടുള്ളത്.

| ക്രമ നം. | ഗുണഭോക്താവ് | Description | മൂല്യനിർണ്ണയ സാക്ഷ്യപത്രം പ്രകാരം തുക |
|---|---|---|---|
| 1 | ഷബാന,കണ്ടത്തിൽ,വാർഡ്-19 | Plastering | 5000 |
| | | Painting/colour /Whitewashing | 18000 |
| | | Others | 2500 |
| | | അനുവദിച്ചതുക | 25000/ബിൽനം.13 /14.02.2020 |
| 2 | എസ്.ഗിരിജ,സ്ലാവത്ത് ഹൗസ്, വാർഡ്-19 | Plastering | 5000 |
| | | Painting/colour /Whitewashing | 20000 |
| | | Others | 500 |
| | | അനുവദിച്ചതുക | 25000/ ചെക്ക് നം2462515 /18.03.2020 |

മേൽ രേഖപ്പെടുത്തിയ പ്രകാരം സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി സബ്സിഡി അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (39/17.02.2022) റഫ് എസ്റ്റിമേറ്റിൽ ചേർത്ത പ്രവൃത്തി കൂടാതെ ഗുണഭോക്താക്കൾ അധികമായി ചെയ്തതാണ് പെയ്ന്റിംഗ് പ്രവൃത്തി എന്നും ഓവർസീയർ വാല്യുവേഷൻ എടുത്തപ്പോൾ ഗുണഭോക്താക്കളുടെ അറിവില്ലായ്മ മൂലം പ്രസ്തുത വിവരം പറയാൻ കഴിഞ്ഞില്ല.എന്നും മറുപടി ലഭ്യമാക്കി.

വീട് വാസയോഗ്യമാക്കൽ - പൊതു വിഭാഗത്തിന്റെ 1226 പേരോളമടങ്ങുന്ന ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് വീട് വാസയോഗ്യമാക്കാൻ അത്യാവശ്യം വേണ്ട അറ്റകുറ്റപ്പണികൾ ആവശ്യമുള്ളവരെ കണ്ടെത്താതെ പെയ്ന്റിംഗ് പോലുള്ള മോടി പിടിപ്പിക്കലിന് തുക അനുവദിച്ചതിൽ നിന്നും ഈ പദ്ധതിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പോലും ശരിയായ രീതിയിൽ അല്ല നിർവ്വഹിക്കപ്പെട്ടതെന്ന് വിലയിരുത്താവുന്നതാണ്. അർഹതയുള്ള പലരും ഈ ആനുകൂല്യത്തിനായി പരിഗണിക്കപ്പെട്ടിട്ടില്ലായെന്ന് മേൽ വസ്തുതകൾ വ്യക്തമാക്കുന്നു. വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-40 സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അവയ്ക്ക് അപേക്ഷിച്ച് സർക്കാർ ഉത്തരവ് (ജി.ഒ(പി)105/2002/തസ്വഭവ, 25.6.2002) പ്രകാരമുള്ള 40മുതൽ 45ദിവസം വരെയുള്ള സമയപരിധിക്കകം (വിവിധ പെൻഷനുകൾക്ക് വ്യത്യസ്ത കാലയളവോടെ) അനുവദിക്കേണ്ടതുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഇനം | അപേക്ഷാ തീയതി | അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷ അന്വേഷണത്തിന് ശേഷം തിരികെ ലഭ്യമാക്കിയ തീയതി | പെൻഷൻ അനുവദിച്ച തീയതി |
|---|---|---|---|---|
| ശ്രീകുമാർ,വെളിയിൽ,വാർഡ്-11 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 12.03.2019 | ലഭ്യമല്ല | 17.10.2019 |
| ഗീത,വെളിയിൽ,വാർഡ്-11 | | 12.03.2019 | ലഭ്യമല്ല | 17.10.2019 |

| | | | | |
|---|---|---|---|---|
| രാജപ്പൻ,കോട്ടച്ചിരയിൽ,വാർഡ്-11 | | 10.04.2019 | ലഭ്യമല്ല | 17.10.2019 |
| പുഷ്പ ബി,ആഷാഭവനം,വാർഡ്-11 | | 30.04.2019 | ലഭ്യമല്ല | 17.10.2019 |
| രാധാകൃഷ്ണപ്പണിക്കർ,മേച്ചേരിൽ,വാർഡ്-12 | | 20.08.2019 | ലഭ്യമല്ല | 21.05.2020 |
| കെ.എസ്.സുരേന്ദ്രൻ,ചോതിനിവാസ്,വാർഡ്-11 | | 24.09.2019 | 09.10.2019 | 20.04.2020 |
| ശാന്തകുമാരി ആർ,കളത്തുമേൽ,വാർഡ്-8 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 08.04.2019 | 10.06.2019 | 20.08.2019 |
| ഷൈലജ എ, സി.എം.മൻസിൽ,വാർഡ്-19 | | 08.04.2019 | 10.06.2019 | 20.08.2019 |

ഗുണഭോക്താക്കൾക്ക് യഥാസമയം പെൻഷൻ അനുവദിക്കുന്നതിൽ വരുന്ന കാലതാമസം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/16.02.2022) അന്വേഷണ ഉദ്യോഗസ്ഥർക്ക് 2018ലെ പ്രളയവുമായി ബന്ധപ്പെട്ട് മറ്റു ചുമതലകൾ ഉണ്ടായിരുന്നതിനാലും 2017-18 ൽ സൈറ്റ് ബ്ലോക്കായിരുന്ന സമയത്തെ അപേക്ഷകൾ വീണ്ടും എൻക്വയറി നടത്തേണ്ടതിനാലുമാണ് കാലതാമസമുണ്ടായത് എന്ന് മറുപടി ലഭ്യമാക്കി.

ഗുണഭോക്താക്കൾക്ക് യഥാസമയം പെൻഷൻ അനുവദിക്കുന്ന വിഷയത്തിൽ വരുന്ന കാലതാമസം ഒഴിവാക്കേണ്ടതാണ്.കൂടാതെ

അന്വേഷണ ഉദ്യോഗസ്ഥർ അന്വേഷണത്തിന്ശേഷം അപേക്ഷ തിരികെ ലഭ്യമാക്കുന്ന തീയതി രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്

## 1-41 ആലഞ്ചേരി - പറത്തറ അടിവാരം തോട് - നിർവ്വഹണത്തിലെ അപാകതകൾ- നഷ്ടം- 39084/-

2019-20 വർഷം അസ്സി.എൻജി. നിർവ്വഹണം നടത്തിയ ആലഞ്ചേരി - പറത്തറ അടിവാരം തോട് ആഴം കൂട്ടൽ എന്ന പ്രവർത്തിയുടെ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നിയമാനുസൃത കാലയളവിലും അധികരിച്ച് പൂർത്തീകരണ കാലാവധി നീട്ടിക്കൊടുത്തു-

ജി.ഒ (പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനുവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമി തിയുടെ അനുമതി വാങ്ങി , PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ( പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം.എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തിയിൽ ടി നിയമങ്ങൾക്ക് വിരുദ്ധമായി കരാറുകാരന്റെ അപേക്ഷയോ, കമ്മിറ്റി തീരുമാനമോ ഇല്ലാതെ പൂർത്തീകരണ കാലാവധി നീട്ടി നൽകി. ബില്ലിൽ നിന്നും ഫൈനും കുറവ് ചെയ്തിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 5) ലഭ്യമാക്കിയ മറുപടിയിൽ കാലയളവ് നീട്ടിക്കൊടുക്കുന്നത് സംബന്ധിച്ച് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് ഹാജരാക്കുന്നു എന്ന് രേഖപ്പെടുത്തി 15-07-2019 ലെ 10 (2) -ാം നമ്പർ തീരുമാനത്തിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ആ തീരുമാനപ്രകാരം മറ്റ് 8 പ്രവർത്തികളുടെ പൂർത്തീകരണകാലാവധി നീട്ടിക്കൊടുത്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ പ്രവർത്തിയുടെ പൂർത്തീകരണ കാലാവധി ഈ തീരുമാന പ്രാകാരം

നീട്ടി നൽകിയിട്ടില്ല. ഫൈൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ആദ്യ തവണ- PAC യുടെ 1% - 1741740 X 1% = 17417/-(01/02/19 വരെ)

രണ്ടാംതവണPACയുടെ2%1741740x2%=34834x52/90(26/03/19 വരെ) = 20126/-

ആകെ ഈടാക്കേണ്ടത് - 17417+ 20126 = 37543/-

2.കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം ഇല്ല-

അളവ് പുസ്തകം പേജ് 1 ൽ ടി തോട് 3080 മീറ്റർ നീളത്തിലും, 6 മീറ്റർ വീതിയിലും, 0.65 Cm.കനത്തിലും ആഴം കൂട്ടിയതിന് 12902 M3 മണ്ണ് കുഴിച്ചെടുക്കുകയും, എസ്റ്റിമേറ്റ് അളവായ 12012 M3 ൽ ലിമിറ്റ് ചെയ്ത് 1741740/- രൂപ അനുവദിച്ചു നൽകുകയും ചെയ്തു.കുഴിച്ചെടുക്കുന്ന മണ്ണിന്റെ ചെളി ഉൾപ്പെടുന്ന മണ്ണ് ഒഴിവാക്കിയാൽ പോലും ഇപ്രകാരം ലഭ്യമായ മണ്ണിന്റെ കുറഞ്ഞത് 30% എങ്കിലും പുനരുപയോഗയോഗ്യമാണെന്നിരിക്കെ, ടി മണ്ണിന്റെ വിനിയോഗ വിവരം യാതൊന്നും തന്നെ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ അസ്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മറ്റ് ഫില്ലിംഗ് പ്രവർത്തികൾക്ക് എം3ന് 1163/- രൂപ നിരക്കിലാണ് തുക

അനുവദിച്ചിട്ടുള്ളത്.അതിൽ മണ്ണിന്റെ വില 400/-രൂപയും റോയൽറ്റി ചാർജ്ജ് 438/-രൂപയുമുൾപ്പെടെ ഒരു എം3ന് മണ്ണിന്റെ വിലയായി 838/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. അതിൻപ്രകാരം 12012 M3 മണ്ണിന്റെ 30% ആയ 3603m3 മണ്ണിന്, ഒരു എം3ന് മണ്ണിന്റെ വിലയായ 400/-രൂപ നിരക്കിൽ ലേലം ചെയ്ത് നൽകിയിരുന്നെങ്കിൽ,ആയതിന്റെ വിലയായി 1441200/- രൂപയെങ്കിലും പഞ്ചായത്തിന് വരുമാനം ലഭിക്കുമായിരുന്നു.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 5) ലഭ്യമാക്കിയ മറുപടിയിൽ കുഴിച്ചെടുത്ത ചെളിമണ്ണ് യാതൊരു നിർമ്മാണത്തിനും ഉചിതമല്ലാത്തതിനാൽ തോടിന്റെ കര സംരക്ഷണത്തിനായി ഇരു കരകളിലും ബണ്ട് നിർമ്മിച്ചുവെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.പ്രവർത്തി നിർവ്വഹണ സമയത്ത് മറുപടിയിൽ രേഖപ്പെടുത്തിയ പോലെയുള്ള പ്രവർത്തി നിർവ്വഹിച്ചിരുന്നുവെങ്കിൽ ആയത് അതേ സമയം തന്നെ അളവുപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതായിരുന്നു.എൻക്വയറി നൽകിയപ്പോൾ മാത്രമാണ് കുഴിച്ചെടുത്ത ചെളിമണ്ണ് തോടിന്റെ കര സംരക്ഷണത്തിനായി ഇരു കരകളിലും ബണ്ട് നിർമ്മിക്കാൻ ഉപയോഗിച്ചുവെന്ന് മറുപടി നൽകിയിട്ടുള്ളത്.ആയതിനാൽ തന്നെ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗയോഗ്യമായ വിവരം കമ്മിറ്റിയെ അറിയിച്ച് ലേലം ചെയ്തിരുന്നുവെങ്കിൽ അതിലൂടെ ഒരു വൻ തുക പഞ്ചായത്തിന് ലഭിക്കുമായിരുന്നു. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ പഞ്ചായത്തിന്റെ ഉത്തമ താൽപ്പര്യം സംരക്ഷിക്കപ്പെട്ടിട്ടില്ലായെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3. മുദ്രപത്ര വില ഈടാക്കിയതിൽ കുറവ് -

01-04-2018 മുതൽ പ്രാബല്യത്തിൽ വന്ന2018ലെ കേരള ഫിനാൻസ് ആക്ട് സെക്ഷൻ 4,ഉപ വകുപ്പ് (4) പ്രകാരം 1959 ലെ കേരള സ്റ്റാമ്പ് ആക്ടിലെ (അമൻഡ്മെന്റ് ആക്ട് 17 ഓഫ് 1959) ഷെഡ്യൂൾ -11ൽ (G) നമ്പരായി പുനർനാമകരണം ചെയ്തിട്ടുള്ള ഉപവകുപ്പിന് മുൻപായി പുതുതായി ഉൾപ്പെടുത്തിയ ഉപവകുപ്പ്(എഫ്) പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്കും, സേവനതലത്തിലുള്ള കരാറുകൾക്കും, ഓരോ 1000/- രൂപയ്ക്കും 1 രൂപ ക്രമത്തിലും, അതിൽ കുറവുള്ള തുകയ്ക്ക് ആനുപാതികമായും, കുറഞ്ഞത് 200 രൂപയുടേയും,കൂടിയത് ഒരു ലക്ഷം രൂപയുടെയും തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർവെയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ മരാമത്ത് പ്രവർത്തിയിൽ കരാറുകാരൻ കരാർ വെച്ചിട്ടുള്ളത് 200 രൂപ വിലയുള്ള മുദ്രപത്രത്തിൽ ആണ്. ഈയിനത്തിൽ സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

കരാർ തുക - 1741740/-

പുതുക്കിയ നിയമപ്രകാരം ആവശ്യമായ മുദ്രപത്ര വില – 1741/- രൂപ

കുറവ് - 1741 – 200 = 1541/-രൂപ

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 5) ലഭ്യമാക്കിയ മറുപടിയിൽ മുദ്രപത്ര വില ഈടാക്കി ഒടുക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

അനുബന്ധവിവരങ്ങൾ-

പ്രൊജക്റ്റ് നം - എസ്സ് ഒ235/18

കരാറുകാരൻ - എം.എ.ജയിംസ്

എഗ്രിമെന്റ് നം. 41/AE/LSGD/dt.02-05-18

ബിൽ നം.11/19-20, തീയതി,10-05-19 തുക - 1741740/-

PAC- 1741740/-

M Book – 14/17-18

പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 01-11-18

പൂർത്തീകരിച്ച തീയതി- 26-03-19

## 1-42 മടയാം തോട് ആഴംകൂട്ടൽ - നിർവ്വഹണത്തിലെ അപാകതകൾ-

അനുബന്ധ വിവരങ്ങൾ-

പ്രൊജക്റ്റ് നം - എസ്സ് ഒ176/19

കരാറുകാരൻ - അബ്ദുൾ ലത്തീഫ്.

എഗ്രിമെന്റ് നം. 29/AE/LSGD/dt.11-10-18

ബിൽ നം.12/19-20, തീയതി,11-06-19 തുക - 688845/-

PAC- 698880/-

M Book – 29/18 – 19

ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം സംബന്ധിച്ച്-

ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 448 മീറ്റർ നീളത്തിലും 20 മീറ്റർ വീതിയിലും 0.40 കനത്തിലും തോട് ആഴം കൂട്ടുക എന്നതായിരുന്നു.അളവ് പുസ്തകം പേജ് 1 ൽ എൽ എഫ് ബുക്കിൽ രേഖപ്പെടുത്തിയ അളവായ 3553.38 എം3 മണ്ണ് കുഴിച്ചടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. പേജ് 2 ൽ കുഴിച്ചെടുത്ത മണ്ണ് തോടിന്റെ ഇരുവശവും വിവിധ അളവുകളിൽ സ്റ്റാക്ക് ചെയ്തതിന്റെ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ രേഖപ്പെടുത്തൽ പ്രകാരം 3735.6 M3 മണ്ണ് ആണ് സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം സ്റ്റാക്ക് ചെയ്ത മണ്ണിന്റെ വിവരം തുടർ നടപടികൾക്കായി സെക്രട്ടറിയെ രേഖാമൂലം അറിയിച്ചിരുന്നോ?സ്റ്റാക്ക് ചെയ്ത മണ്ണ് ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടുണ്ടോ? നാളിതുവരെയും മണ്ണ് ലേലം ചെയ്തിട്ടില്ലെങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി എന്താണ്? തുടങ്ങിയ വിവരങ്ങൾ ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് ( 15) ലഭ്യമാക്കിയ മറുപടിയിൽ കുഴിച്ചെടുത്ത മണ്ണിന് മുകളിലൂടെ റോഡ് നിർമ്മാണം നടത്തിയെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.എന്നാൽ ഏത് റോഡ് നിർമ്മാണം നടത്തിയെന്നോ, എന്ന് നടത്തിയെന്നോ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ മറുപടി അംഗീകരിക്കാവുന്നതല്ല. കുഴിച്ചെടുക്കുന്ന മണ്ണിന്റെ ചെളി ഉൾപ്പെടുന്ന മണ്ണ് ഒഴിവാക്കിയാൽ പോലും ഇപ്രകാരം ലഭ്യമായ മണ്ണിന്റെ കുറഞ്ഞത് 30% എങ്കിലും പുനരുപയോഗയോഗ്യമാണെന്നിരിക്കെ, അളവ് പുസ്തകത്തിൽ സ്റ്റാക്ക് ചെയ്ത മണ്ണിന്റെ വിവരം തുടർ നടപടികൾക്കായി കമ്മിറ്റിയിൽ അവതരിപ്പിച്ചതിന് രേഖകളില്ല. പഞ്ചായത്തിൽ അസ്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മറ്റ് ഫില്ലിംഗ് പ്രവർത്തികൾക്ക് എം3ന് 1163/- രൂപ നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്.അതിൽ മണ്ണിന്റെ വില 400/-രൂപയും റോയൽറ്റി ചാർജ്ജ് 438/-രൂപയുമുൾപ്പെടെ ഒരു എം3ന് മണ്ണിന്റെ വിലയായി 838/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. അതിൻപ്രകാരം 3735 M3 മണ്ണിന്റെ 30% ആയ 1120m3 മണ്ണിന്, ഒരു എം3ന് മണ്ണിന്റെ വിലയായ 400/-രൂപ നിരക്കിൽ ലേലം ചെയ്തു നൽകിയിരുന്നെങ്കിൽ പോലും,ആയതിന്റെ വിലയായി 448000/- രൂപയെങ്കിലും പഞ്ചായത്തിന് വരുമാനം ലഭിക്കുമായിരുന്നു. കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗയോഗ്യമായ വിവരം കമ്മിറ്റിയെ അറിയിച്ച് ലേലം ചെയ്തിരുന്നുവെങ്കിൽ അതിലൂടെ ഒരു വൻ തുക പഞ്ചായത്തിന് ലഭിക്കുമായിരുന്നു. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ പഞ്ചായത്തിന്റെ ഉത്തമ താൽപ്പര്യം സംരക്ഷിക്കപ്പെട്ടിട്ടില്ലായെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2.ഒരേ പ്രവർത്തിക്ക് വ്യത്യസ്ത നിരക്ക് അനുവദിച്ചു നൽകി-

ഈ പ്രവർത്തിക്ക് CPWD സ്പെസിഫിക്കേഷൻ 2.6.1 പ്രകാരം എർത്ത് വർക്ക് എക്സ്കവേഷനുള്ള അനുവദനീയമായ നിരക്കായ 195.10/m3 നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ടെണ്ടറിൽ ഇതേ നിരക്ക് തന്നെ ക്വോട്ട് ചെയ്ത കരാറുകാരന് വർക്ക് ഓർഡർ നൽകി. അളവ് പുസ്തകം പേജ് 4ൽ 3735.6 M3 മണ്ണ് കുഴിച്ചെടുത്തതായി രേഖപ്പെടുത്തുകയും, പേജ് 5 ൽ എസ്റ്റിമേറ്റ് അളവായ 3532.54 M3 എന്ന എസ്റ്റിമേറ്റ് അളവിൽ ലിമിറ്റ് ചെയ്ത് 688845/- രൂപ കരാറുകാരന് മൂല്യം നിർണ്ണയിച്ചു നൽകി.ഈ പ്രവർത്തി നിർവ്വഹിച്ചതിന്റെ അളവുകൾ, അളവ് പുസ്തകം പ്രകാരം, അവസാനമായി രേഖപ്പെടുത്തിയിട്ടുള്ളത് 21-03-19 ൽ ആണ്.ഇതേ കാലയളവിൽ നിർവ്വഹിച്ച മറ്റൊരു പ്രൊജക്ടായ ആലഞ്ചേരി - പറത്തറ അടിവാരം തോട് ആഴം കൂട്ടൽ എന്ന പ്രവർത്തിയിലും ( പ്രൊജക്ട് നം.235/18) ഇതേ സ്പെസിഫിക്കേഷൻ (2.6.1) പ്രകാരം എർത്ത് വർക്ക് എക്സ്കവേഷന് തുക നൽകിയിട്ടുണ്ട്.12012m3 നിർവ്വഹിച്ച ഈ പ്രവർത്തിയിൽ 1m3 ന് 145/- രൂപ നിരക്കിൽ ആണ് തുക നൽകിയിരിക്കുന്നത്. ഈ പ്രവർത്തി നിർവ്വഹിച്ചതിന്റെ അളവുകൾ, അളവ് പുസ്തകം പ്രകാരം, അവസാനമായി രേഖപ്പെടുത്തിയിട്ടുള്ളത് 26-03-2019 ആണ്.കേവലം 5 ദിവസത്തെ വ്യത്യാസത്തിൽ നിർവ്വഹിച്ച ഒരേയിനം പ്രവർത്തിക്കാണ് ഇതേ രീതിയിൽ വ്യത്യസ്ത നിരക്കിൽ , എം3 ന് അൻപത് രൂപ അധിക നിരക്കിൽ അധികം തുക ചെലവഴിക്കപ്പെട്ടിട്ടുള്ളത്.നിരക്കിലുള്ള ഈ വ്യത്യാസം നിർവ്വഹണ സമയത്ത് ശ്രദ്ധയിൽപ്പെട്ടിരുന്നോ?, നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് കരാറുകാരനുമായി നെഗോഷ്യേഷൻ നടത്തിയിരുന്നോ?വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ഈ വിഷയം ചർച്ച ചെയ്യപ്പെട്ടിട്ടുണ്ടോ?തുടങ്ങിയ വിവരങ്ങൾ ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് ( 15) ലഭ്യമാക്കിയ മറുപടിയിൽ AEE സാങ്കേതികാനുമതി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ പത്രപരസ്യം,ടെണ്ടർ,വെബ്സൈറ്റ് പരസ്യം എന്നിവ നൽകി രണ്ട് വർക്കിനും രണ്ട് കരാറുകാരും വ്യത്യസ്ത നിരക്ക് രേഖപ്പെടുത്തിയത് കമ്മിറ്റിയിൽ അവതരിപ്പിച്ച് , കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് കരാറിൽ ഏർപ്പെട്ടതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. മത്സരസ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നത് മൂലം ടെണ്ടറുകൾ താരതമ്യം ചെയ്ത് നിരക്ക് കുറക്കുന്നതിനോ, നെഗോഷ്യേറ്റ് ചെയ്ത് ഏക നിരക്കിൽ ചെയ്യിക്കുന്നതിനോ, സർക്കാർ ഉത്തരവുകളോ, നിയമങ്ങളോ ഇല്ല. ആയതിനാൽ തന്നെ നിർവ്വഹണ സമയത്തെ നിരക്ക് വ്യത്യാസം ശ്രദ്ധിക്കേണ്ടതില്ലാത്തതാണെന്നും മറുപടി നൽകിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഈ മറുപടി പൂർണ്ണമായും അംഗീകരിക്കുന്നു.എന്നിരുന്നാലും ഒരേ സ്ഥാപനത്തിൽ ഒരേ കാലയളവിൽ ഒരേ നിർവ്വഹണ ഉദ്യോഗസ്ഥൻ നിർവ്വഹിച്ച

ഒരേയിനം പ്രവർത്തിക്ക് വ്യത്യസ്ത നിരക്ക് അംഗീകരിച്ച നൽകിയതിലൂടെ അധികം ചെലവഴിക്കപ്പെട്ടത് ഏകദേശം 176600/-രൂപയാണ്.( 195.10 -145 =50.10/m3 X 3532 =176600) ഭാവിയിലെങ്കിലും ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിനായി വിഷയം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-43 നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല-നഷ്ടം-5193/- രൂപ-

അനുബന്ധവിവരങ്ങൾ-

കരാറുകാരൻ -ഷൌക്കത്തലി,വടക്കേവീട്ടിൽ,മണ്ണഞ്ചേരി.

MB-നം- 32/19-20

ചെലവ് വിവരം - 46/19-20, Dt.25-02-20,363671/-

കരാർ നം.,തീയതി - 32/AE/LSGD/MGP/19-20,dt.26-11-19

PAC- 519331/-

അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019- 20 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ രണ്ടാം വാർഡിൽ കടിയമ്പള്ളി-കണ്ണാട്ട് റോഡ് ടാറിംഗ് ( പ്രൊ.നം.SO-118/20) എന്ന മരാമത്ത് പ്രവർത്തിയുടെ രേഖകൾ പരിശോധിച്ചതിൽ,ഫയലിൽ സൂക്ഷിച്ചിട്ടുള്ള കരാറുകാരന് അയച്ച സെലക്ഷൻ നോട്ടീസിൽ ഒപ്പോ, കൈപ്പറ്റിയ തീയതിയോ രേഖപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടു.പഞ്ചായത്ത് കമ്മിറ്റിയുടെ 29-10-19 ലെ തീരുമാനപ്രകാരമാണ് ടി കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്. 29-10-19 ലെ തീരുമാനപ്രകാരം അംഗീകരിക്കപ്പെട്ടിട്ടുള്ള മറ്റ് പ്രവർത്തികളിലെല്ലാം തന്നെ കരാർ വെയ്ക്കേണ്ടുന്ന അവസാന തീയതി രേഖപ്പെടുത്തിയിരിക്കുന്നത് 18-11-19 ആണ്.എന്നാൽ ഈ പ്രവർത്തിയുടെ കരാർ വെച്ചിട്ടുള്ളത് 26-11-19 ൽ ആണ്.യാതൊരു തീയതിയും സെലക്ഷൻ നോട്ടീസിൽ രേഖപ്പെടുത്താത്തതിൽ നിന്നും നിശ്ചിത തീയതിക്കകം കരാർ വെച്ചിട്ടില്ലായെന്നാണ് വ്യക്തമാകുന്നത്.

2012 ലെ കേരള പിഡബ്ല്യ.ഡി മാനവൽ സെക്ഷൻ 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. അതിനുശേഷം 10 ദിവസം വരെ 1% പിഴയോടുകൂടിയും മാത്രമേ കരാർ ചമയ്ക്കാവൂ. എന്നാൽ ടിയാനിൽ നിന്നും ഫൈൻ ഈടാക്കിയതായും കാണുന്നില്ല. ഈടാക്കേണ്ട ഫൈനിന്റെ വിവരം ചുവടെ ചേർക്കുന്നു.

519331 X 1% = 5193/-രൂപ

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്( 18/2019-20) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരന്റെ പക്കൽ നിന്നും തുക ഈടാക്കി ഒടുക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. കരാറുകാരന്റെ പക്കൽ നിന്നും തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-44 ഒഴിഞ്ഞ ടാർ വീപ്പയുടെ വില ഈടാക്കിയതിൽ കുറവ്-നഷ്ടം-3286/-

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില ഈടാക്കിയിട്ടുണ്ടെങ്കിലും 250/-രൂപ നിരക്കിൽ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.ഒഴിഞ്ഞ ടാർ വീപ്പയ്ക്ക് ഈടാക്കേണ്ട വിലയായ 238 രൂപയൊടൊപ്പം 18% ജി.എസ്.ടി ഉൾപ്പെടെ 281/-രൂപ നിരക്കിൽ ഈടാക്കാതിരുന്നത് മൂലം നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര്/ അളവുപുസ്തകം | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 250രൂപ നിരക്കിൽ ഈടാക്കിയ തുക | 18% നിരക്കിൽ ഈടാക്കേണ്ട ജി.എസ്.ടി | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|
| 1 | NH66-PHC ബ്ലോക്ക് ഓഫീസ് റോഡ് ടാറിംഗ് -W-23 33/19-20 | ഷൌക്കത്തലി | 11 ബാരൽ | 2750/- | 341 | 48/19-20,dt.28.2.20 378026/- |
| 2 | നവഭാവന വായനശാല – കുറുപ്പന്തറ റോഡ് ടാറിംഗ്-W-8 24/18-19. | ക്ലീറ്റസ് സെബാസ്റ്റ്യൻ. | 9 ബാരൽ | 2250/- | 279 | 16/19-20,dt. 26.6.19 498837/- |
| 3. | വലിയവീട്-തെക്കേവെളി | ക്ലീറ്റസ് സെബാസ്റ്റ്യൻ. | 14 ബാരൽ | 3500/- | 434 | 24/19-20,dt. 13.11.19 486667/- |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ്ടാറിംഗ്-w-15 1/19-20. | | | | | |
| 4. | തെക്കേവെളി – ലക്ഷം വീട് റോഡ്ടാറിംഗ്-w-15 7/18-19. | ക്ലീറ്റസ് സെബാസ്റ്റ്യൻ. | 9 ബാരൽ | 2250/- | 279/- | 10/19-20,dt. 11.06.19 499369/- |
| 5. | രാജേന്ദ്രൻ – പീടികപ്പറമ്പ് റോഡ് ടാറിംഗ്-w-10 16/18-19. | C.R.ജയൻ | 9 ബാരൽ | 2250/- | 279/- | 10/19-20,dt. 11.06.19 482067/ |
| 6. | കടിയമ്പള്ളി-കണ്ണാട്ട് റോഡ് ടാറിംഗ്-w-20 32/19-20 | ഷൌക്കത്തലി | 10 ബാരൽ | 2500/- | 310/- | 46/19-20,dt. 25.02.20,Rs363671/- |
| 7. | മണ്ണഞ്ചേരിHS-കുന്നപ്പള്ളി റോഡ് ടാറിംഗ്-w-19, 12/19-20 | മൌലാന അബ്ദുൾ കലാം ആസാദ് | 15 ബാരൽ | 3750/- | 465/- | 28/19-20,dt. 20.12.19,Rs593242/- |
| 8. | തറക്കാണം റോഡ് ടാറിംഗ്-w-6, 26/19-20 | ഷാഹുൽ ഹമീദ് | 12 ബാരൽ | 3000/- | 372/- | 34/19-20,dt. 14.1.20,535048/- |
| 9. | സരിഗ-വട്ടച്ചിറ – കൃഷ്ണപിള്ള ജം.റോഡ് ടാറിംഗ്-w-14, 25/18-19, | ക്ലീറ്റസ് സെബാസ്റ്റ്യൻ. | 17 ബാരൽ | 4250/- | 527/- | 17/19-20,dt. 28.6.19, 141927/- |
| | | | | ആകെ | 3286/- | |

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (13 ) ലഭ്യമാക്കിയ മറുപടിയിൽ തുക കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.തുക കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-45 അധിക ഗുണഭോക്തൃ വിഹിതം ഈടാക്കുന്നു.

വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രോജക്ടുകളിൽ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം അധികമായി ഈടാക്കിയിട്ടുണ്ട്. വിശദാംശം താഴെച്ചേർക്കുന്നു.

| ക്രമ നം | പഞ്ചായത്തിൽ അടവാക്കിയതിന്റെ രസീത് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 119010104888 | 16.12.2019 | 42500 |
| 2 | 119010104945 | 19.12.19 | 30500 |
| 3 | 119010105005 | 23.12.2019 | 28500 |
| 4 | 119010105059 | 27.12.2019 | 57000 |
| 5 | 119010105152 | 31.12.2019 | 33000 |
| 6 | 119010105257 | 04.01.2020 | 37500 |
| 7 | 119010105372 | 09.01.2020 | 30000 |

| | | | |
|---|---|---|---|
| 8 | 119010105641 | 18.01.2020 | 38000 |
| 9 | 119010105917 | 31.01.2020 | 86500 |
| 10 | 119010106055 | 07.02.2020 | 91000 |
| 11 | 119010106143 | 13.02.2020 | 15500 |
| 12 | 119010106268 | 18.02.2020 | 47000 |
| 13 | 119010106353 | 24.02.2020 | 44500 |
| 14 | 119010106811 | 07.03.2020 | 31000 |
| ആകെ | | | 612500 |

2019-20 ലെ ചെലവ് പത്രിക പ്രകാരം ഗുണഭോക്തൃ വിഹിതമായി നൽകേണ്ടതും നൽകിയതും 608000 രൂപയാണ്.ഈ തുകകൾ 2020-21 ലെ സ്പിൽ ഓവർ പ്രോജക്ടുകൾക്കും കൂടിയുള്ളതാണ്. താഴെപ്പറയും വിധം ഗുണഭോക്തൃ വിഹിതം നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം | ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | റ്റി.എസ്.ബി 2462506 | 29.02.20 | 102500 |
| 2 | 2462516 | 18.03.20 | 275000 |
| 3 | 2462519 | 19.03.20 | 74500 |
| 4 | 2462505 | 20.02.20 | 156000 |
| | | | 608000 |

അധികം പിരിച്ച ഗുണഭോക്തൃ വിഹിതം 4500രൂപ. വാർഷിക ധനകാര്യ പത്രികയിലെ ബി-4 ഷെഡ്യൂളിലെ കോഡ് നമ്പർ 320800101- ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ എന്ന ഹെഡ്ഡിൽ അവശേഷിക്കുന്ന തുക 356128 രൂപയാണ്. ഇത് മുൻവർഷങ്ങളിലെ നീക്കിയിരിപ്പും നടപ്പ വർഷത്തെ നീക്കിയിരിപ്പും ചേർന്നതാണ്. ഇതു പോലെ അധിക തുക മുൻവർഷങ്ങളിലും ഗുണഭോ്കതൃ വിഹിതമായി ഈടാക്കിയതു കൊണ്ടാണ് വലിയ തുക ഈ ഹെഡ്ഡിൽ അവശേഷിക്കുന്നത്. ഇത് തെറ്റായ പ്രവണതയാണ്. അധികമായി ഈടാക്കിയ തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതാണ്.

സർക്കാർ ഉത്തരവ് (കൈ) നം.22/2018/ ത.സ്വ.ഭ.വ. തീയതി 14.02.2018 , അനുബന്ധ വിഷയങ്ങൾ ഇ. (ഖണ്ഡിക 8.7) പ്രകാരം പ്രോജക്ടിന്റെ ആകെ അടങ്കലിന്റെ അടിസ്ഥാനത്തിലായിരിക്കണം ഗുണഭോക്തൃ വിഹിതം കണക്കാക്കേണ്ടത്. ഗുണഭോക്തൃ വിഹിതം മുൻകൂറായി ഈടാക്കി , തനത് ഫണ്ടിലൊടുക്കി , പിന്നീട് കരാറുകാരന്/ ഏജൻസിയ്ക്ക് കൈമാറേണ്ടതാണ്. എന്നാൽ ഇവിടെ ഗുണഭോക്തൃ വിഹിതം കരാറുകാരന്/ ഏജൻസിയ്ക്ക് കൈമാറുന്നതിന് പകരം നിർവഹണ ഉദ്യോഗസ്ഥന്റെ സേവിംഗ്സ് ബാങ്ക് അക്കൌണ്ടിലേക്കാണ് നൽകിയത് . ഇത് സർക്കാരുത്തരവിന്റെ ലംഘനവും ഒരിക്കലും സംഭവിക്കാൻ പാടില്ലാത്തതുമാണ്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തും പഞ്ചായത്ത് അധികൃതരുടെ ഭാഗത്തും ഇക്കാര്യത്തിൽ വീഴ്ചയുണ്ടായി.

## 1-46 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു-

വികസന ഫണ്ട്/ റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര്/ അളവുപുസ്തകം | 250രൂപ നിരക്കിൽ ഈടാക്കിയ തുക | ഫണ്ടിനം. | ബിൽ നമ്പർ തിയതി |
|---|---|---|---|---|
| 1 | NH66-PHC ബ്ലോക്ക് ഓഫീസ് റോഡ് ടാറിംഗ് -W-23 33/19-20 | 2750/- | മെയിന്റനൻസ് ഗ്രാന്റ് | 48/19-20,dt.28.2.20 378026/- |

| | | | | |
|---|---|---|---|---|
| 2 | നവഭാവന വായനശാല – കുറുപ്പന്തറ റോഡ് ടാറിംഗ്-w-8 24/18-19. | 2250/- | മെയിന്റനൻസ് ഗ്രാന്റ് | 16/19-20,dt. 26.6.19 498837/- |
| 3. | വലിയവീട്-തെക്കേവെളി റോഡ്ടാറിംഗ്-w-15 1/19-20. | 3500/- | മെയിന്റനൻസ് ഗ്രാന്റ് | 24/19-20,dt. 13.11.19 486667/- |
| 4. | തെക്കേവെളി – ലക്ഷം വീട് റോഡ്ടാറിംഗ്-w-15 7/18-19. | 2250/- | മെയിന്റനൻസ് ഗ്രാന്റ് | 10/19-20,dt. 11.06.19 499369/- |
| 5. | രാജേന്ദ്രൻ – പീടികപ്പറമ്പ് റോഡ് ടാറിംഗ്-w-10 16/18-19. | 2250/- | മെയിന്റനൻസ് ഗ്രാന്റ് | 10/19-20,dt. 11.06.19 482067/ |
| 6. | കടിയമ്പള്ളി-കണ്ണാട്ട് റോഡ് ടാറിംഗ്-w-20 32/19-20 | 2500/- | മെയിന്റനൻസ് ഗ്രാന്റ് | 46/19-20,dt. 25.02.20,Rs363671/- |
| 7. | മണ്ണഞ്ചേരിHS-കുന്നപ്പള്ളി റോഡ് ടാറിംഗ്-w-19, 12/19-20 | 3750/- | മെയിന്റനൻസ് ഗ്രാന്റ് | 28/19-20,dt. 20.12.19,Rs593242/- |
| 8. | തറക്കാണം റോഡ് ടാറിംഗ്-w-6, 26/19-20 | 3000/- | മെയിന്റനൻസ് ഗ്രാന്റ് | 34/19-20,dt. 14.1.20,535048/- |
| 9. | സരിഗ-വട്ടച്ചിറ – കൃഷ്ണപിള്ള ജം.റോഡ് ടാറിംഗ്-w-14, 25/18-19, | 4250/- | മെയിന്റനൻസ് ഗ്രാന്റ് | 17/19-20,dt. 28.6.19, 141927/- |
| | ആകെ | 26500/- | | |

ജി.ഒ.(പി)177/06 ധനം12-04-06 ഉത്തരവ് ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട് / മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ തന്നെ ഖണ്ഡിക 10.3 പ്രകാരമുള്ള നിബന്ധനകൾ പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച പ്രവർത്തികളുടെ വില ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്ക വരുത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (37 ) മറുപടി ലഭ്യമാക്കിയിട്ടില്ല.തുക ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-47 കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല-ഈടാക്കാനുള്ളത്- 14572/-രൂപ

താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും 1961 ലെ ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 1% ആദായ നികുതി ഈടാക്കിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി/വർക്ക് കോഡ്. | കരാറുകാരൻ | കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | ഈടാക്കേണ്ട ആദായ നികുതി(1%) | FTO No./തീയതി |
|---|---|---|---|---|
| 17- ാം വാർഡിൽ അമ്പനാകുളങ്ങര-ദുബായ് ഫുട്പാത്ത് കോൺക്രീറ്റിംഗ്. 276936 | മുഹമ്മദ് കുഞ്ഞ് നൈന. | 168760/- | 1687/- | 540280/31-01-20,Rs-168760/- |
| 17- ാം വാർഡിൽ ബ്രില്യന്റ് -ചക്കാല വെളിഫുട്പാത്ത് കോൺക്രീറ്റിംഗ്. 276938 | മുഹമ്മദ് കുഞ്ഞ് നൈന. | 245721/- | 2457/- | 705403/31-03-20, Rs-245721/- |
| 17- ാം വാർഡിൽ കന്നിട്ടപ്പറമ്പ് -തോപ്പിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ്. 277274 | മുഹമ്മദ് കുഞ്ഞ് നൈന. | 238640/- | 2386/- | 574990/14-02-20, Rs238640/- |
| 3- ാം വാർഡിൽ കണ്ണങ്കര-ബിസ്കറ്റ് കമ്പനി ഫുട്പാത്ത് കോൺക്രീറ്റിംഗ്. 276046 | അനസ് നൈന. | 252341/- | 2523/- | 21608/28-04-20, Rs252341/- |
| 9- ാം വാർഡിൽ ഏഴംകര-കുട്ടറ റോഡ് കോൺക്രീറ്റിംഗ്. 276170 | അബൂബക്കർ ആശാൻ. | 305312/- | 3053/- | 113905/26-06-19, Rs-305312/- |
| 21- ാം വാർഡിൽ പ്ലാന്തറ നികർത്തിൽ റോഡ് കോൺക്രീറ്റിംഗ്. | മുഹമ്മദ് കുഞ്ഞ് നൈന. | 246629/- | 2466/- | 184504/27-08-19, Rs246629/- |

| | | | | |
|---|---|---|---|---|
| 277706 | | | | |
| | | ആകെ | 14572/- | |
| | | | | |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 43) ലഭ്യമാക്കിയ മറുപടിയിൽ ആദായ നികുതി ഈടാക്കുന്നതിനായി കരാറുകാർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, അവർ തിരികെ ഒടുക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കുന്നതുമാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം, സെക്രട്ടറി, അസ്സി.സെക്രട്ടറി, അക്രെഡിറ്റഡ് എൻജിനീയർ എന്നിവരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

1-48 7.5% വോയിഡ്സ് കുറവ് ചെയ്യാതെ തുക നൽകി - നഷ്ടം-11867/-

താഴെപ്പറയുന്ന പ്രവൃത്തികളിൽ 1:4;8 സിമന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുണ്ട്. ഇതിന് 40mm മെറ്റൽ ഉപയോഗിച്ചതിന് കരാറുകാരന് തുക നൽകിയിട്ടുണ്ട്. .CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളിൽ 40mm സ്റ്റോൺ അഗ്രിഗേറ്റിന് സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിക്കുമ്പോൾ വോയിഡ്സിനത്തിൽ7.5% കുറവ് ചെയ്ത ശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്..എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ കരാറുകാരന് അധികം നൽകാനിടയായി.വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി/വർക്ക് കോഡ്. | കരാറുകാരൻ | കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റലിന്റെ അളവ്. | അനുവദിച്ച അളവ് | 7.5% കുറവ് ചെയ്ത ശേഷം അനുവദനീയമായ അളവ് | അധികം നൽകിയ തുക | FTO No./തീയതി |
|---|---|---|---|---|---|---|
| 17- ാം വാർഡിൽ അമ്പനാകുളങ്ങര-ദുബായ് ഫുട്പാത്ത് കോൺക്രീറ്റിംഗ്. 276936 | മുഹമ്മദ് കുഞ്ഞ് നൈന. | 12.09 M3 | 12.09 M3 | 12.09 M3 – 0.906 = 11.184 M3 | 0.906m3 @ 2250 /M3 = 2038/- | 540280/31-01-20,Rs-168760/- |
| 17- ാം വാർഡിൽ ബ്രില്യന്റ് -ചക്കാല വെളിഫുട്പാത്ത് കോൺക്രീറ്റിംഗ്. 276938 | മുഹമ്മദ് കുഞ്ഞ് നൈന. | 15.67 M3 | 15.67m3 | 15.67– 1.175 = 14.496 M3 | 1.175m3 @2250/m3 =2643/- | 705403/31-03-20, Rs-245721/- |
| 17- ാം വാർഡിൽ കന്നിട്ടപ്പറമ്പ് -തോപ്പിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ്. 277274 | മുഹമ്മദ് കുഞ്ഞ് നൈന. | 24.75m3 | 24.75m3 | 24.75-1.856 =22.89m3 | 1.856m3@ @2250/m3 = 4176/- | 574990/ 14-02-20, Rs238640/- |
| 3- ാം വാർഡിൽ കണ്ണങ്കര-ബിസ്കറ്റ് കമ്പനി ഫുട്പാത്ത് കോൺക്രീറ്റിംഗ്. | അനസ് നൈന. | 17.85m3 | 17.85m3 | 17.85-1.338 =16.511m3 | 1.338m3 @2250/m3 =3010/- | 21608/28-04-20, Rs252341/- |

| | | | | | | |
|---|---|---|---|---|---|---|
| 276046 | | | | | | |
| | | | | ആകെ | 11867/- | |
| | | | | | | |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (33 ) ലഭ്യമാക്കിയ മറുപടിയിൽ സെക്യൂർ സോഫ്റ്റ് വെയറിൽ 4.1.8 എന്ന സ്പെസിഫിക്കേഷനിൽ ഈ ഇനത്തിന്റെ ഡേറ്റാ അനാലിസിസിൽ 1m3 ന് ആവശ്യമായ40mm മെറ്റൽ 0.70m3 ആണ്. 7.5% വോയിഡ്സ് കുറച്ച് 0.65m3 ആണ് ഡേറ്റായിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൻപ്രകാരം ഡേറ്റാ അനാലിസിസിൽ തന്നെ വോയിഡ്സിന്റെ അളവ് കുറച്ചിട്ടുണ്ടെന്നും, തന്മൂലം , വോയിഡ്സിന്റെ അളവ് കുറച്ചിട്ടുള്ള അളവാണ് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ഡേറ്റാ അനാലിസിസിൽ 7.5% വോയിഡ്സ് കുറച്ചിട്ടുണ്ടെങ്കിലും, കരാറുകാരൻ സപ്ലൈ ചെയ്യുന്ന അളവിൽ 7.5% കൂടി അധികമായി ഉൾപ്പെടുന്നില്ല. അങ്ങനെ ഉൾ പ്പെടുന്നുവെങ്കിൽ, ആയത് കൂടി അധികമായി ഉൾപ്പെട്ട അളവായിരിക്കണം കരാറുകാരൻ സപ്ലൈ ചെയ്യേണ്ടത്. എന്നാൽ അളവുപുസ്തകത്തിൽ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള അളവും, കരാറുകാരൻ സപ്ലൈ ചെയ്ത അളവും ഒന്നും തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.ആയതിനാൽ തന്നെ 7.5% വോയിഡ്സ് കുറക്കാതെയുള്ള അളവാണ് കരാറുകാരൻ സപ്ലൈ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാണ്. ആയതിനാൽ തന്നെ ഈ മറുപടി അംഗീകരിക്കവുന്നതല്ല. അധികം നൽകിയ 11867/- രൂപ അക്കാലയളവിലെ സെക്രട്ടറി , അസ്സി.സെക്രട്ടറി, അക്രഡിറ്റഡ് എൻജിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-49 കോൺക്രീറ്റ് റോഡ് നിർമ്മാണം- പ്രവർത്തിക്ക് ഗുണനിലവാരമില്ല-

17- ാംവാർഡിൽ ബ്രില്യന്റ്- ചക്കാലവെളി റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവർത്തിയിൽ അളവ് പുസ്തകം പേജ് 6 പ്രകാരം 40mm മെറ്റൽ ഉപയോഗിച്ച് 1:4;8 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് 26.065m3ഉം,, അതിന് മുകളിൽ 20mm മെറ്റൽ ഉപയോഗിച്ച് 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് 16.285m3 ഉം ചെയ്തിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ ഈ പ്രവർത്തിക്ക് ആവശ്യമായ മെറ്റൽ സപ്ലൈ ചെയ്തിട്ടില്ലായെന്ന് കണ്ടു..ഈ പ്രവർത്തിക്ക് കരാറുകാരൻ സപ്ലൈ ചെയ്തിട്ടുള്ള 40mm മെറ്റലിന്റെ അളവ് 15.672m3 ആണ്. ഇതിൽ നിന്നും 7.5% വോയിഡ്സ് കുറവ് ചെയ്തതിന് ശേഷം പ്രവർത്തിക്ക് ലഭ്യമാകുന്ന മെറ്റലിന്റെ അളവ് 14.49m3 മാത്രമാണ്.

1 എം3 ന് 0.65m3 നിരക്കിൽ 26.065m3 നിർവ്വഹിക്കുന്നതിന് ആവശ്യമായ 40mm മെറ്റലിന്റെ അളവ് = 0.65m3 X 26.065m3 = 16.94m3

കുറവ് = 16.94 – 14.49 = 2.45m3

ഈ ഇനം പ്രവർത്തി എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയ സ്പെസിഫിക്കേഷനിലും ഗുണനിലവാരത്തിലും നിർവ്വഹിക്കുന്നതിന് ആവശ്യമായ അളവിലും 2.45m3 മെറ്റൽ കുറച്ചാണ് പ്രവർത്തി നിർവ്വഹിച്ചിട്ടുള്ളത്. ആവശ്യമായ അളവിൽ മെറ്റീരിയൽ ഉൽപ്പെടുത്താതെ പ്രവർത്തി നിർവ്വഹിച്ചത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (47 ) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവർത്തികളുടെ നിർവ്വഹണത്തിൽ ആവശ്യമായ ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

അനുബന്ധ വിവരങ്ങൾ-

കരാറുകാരൻ - മുഹമ്മദ് കുഞ്ഞ് നൈന.

വർക്ക് കോഡ്. - 276938

FTO No./തീയതി - 540280/31-01-20,Rs-168760/-

## 1-50 ഉപകരണ വാടക,അനുബന്ധ ചെലവുകൾ-മേറ്റുമാർ ഹാജരാക്കിയിട്ടുള്ള വൌച്ചറുകൾ സുതാര്യമല്ല-

MGNREGS പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് മികസർ മെഷീൻ, പണി ആയുധങ്ങൾ എന്നിവയുടെ വാടക,അവ വാടകയ്ക്ക് നൽകിയിട്ടുള്ളവർക്ക് മേറ്റുമാർ സ്വന്തം കയ്യിൽ നിന്നും തുക നൽകിയതായി രേഖപ്പെടുത്തി ടി ആളുകളുടെ പേരിലുള്ള വൌച്ചറുകൾ ഹാജരാക്കി,

, തുക തിരിച്ചു കിട്ടുന്നതിനായിADS പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സംയുക്തമായി ഒപ്പിട്ട് വൌച്ചർ നൽകിയിട്ടുള്ളത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചതിൽ ഹാജരാക്കിയിട്ടുള്ള പല വൌച്ചറുകളും സുതാര്യമല്ല എന്നും, ചെലവിനെ സാധൂകരിക്കുന്നതുമല്ല.വിശദവിവരം ചുവടെ ചേർക്കുന്നു.(ചില ഉദാഹരണങ്ങൾ മാത്രം)

| പ്രവർത്തിയുടെ | വൌച്ചർ | ADS പ്രസിഡന്റ്, | ഇനം | റേറ്റ്/എണ്ണം | AE പാസ്സാക്കി |
|---|---|---|---|---|---|

| പേര് | നം. | സെക്രട്ടറിയിൽ നിന്നും തുക കൈപ്പറ്റിയ ആൾ, കൈപ്പറ്റിയ തുക | | /ദിവസം | നൽകിയ തുക./വ്യത്യാസം. |
|---|---|---|---|---|---|
| 17-ാംവാർഡിൽ അമ്പനാകുളങ്ങര-ദുബായ് ഫുട്പാത്ത് കോൺക്രീറ്റിംഗ്. | 1 | പൊന്നൻ, നികർത്തിൽ,കലവൂർ. 10000/- | മിക്സർ മെഷീൻ വാടക. | 5000/-/രണ്ട് ദിവസം. | 2840/-/ 7160/- |
| | 2 | വിജയൻ, കന്നിട്ടപ്പറമ്പ്, മണ്ണഞ്ചേരി. 5920/- | ഉപകരണ വാടക. | വിവിധ ദിവസങ്ങളിൽ. | 1630/-/ 4290/- |
| | 3 | അബ്ദുൾ ഹക്കിം, പുത്തൻപറമ്പ്. 4500/- | ബോർഡിന്റെ വില. | - | 2500/-/ 2000/- |
| | 4 | സിജോ തോമസ്, കാവുങ്കൽ. 1000/- | പെയിന്റിംഗ്. | - | 500/- |
| 17-ാംവാർഡിൽ ബ്രില്യന്റ് -ചക്കാലവെളി ഫുട്പാത്ത് കോൺക്രീറ്റിംഗ്. | 1 | സുധാകരൻ, തോട്ടുചിറയിൽ, മണ്ണഞ്ചേരി. 10000/- | മിക്സർ മെഷീൻ വാടക. | 5000/-/രണ്ട് ദിവസം. | 3972/-/ 6028/- |
| | 2 | ഹുസൈൻ,തോണ്ടേലിൽ, മണ്ണഞ്ചേരി. 7100/- | ഉപകരണ വാടക. | വിവിധ ദിവസങ്ങളിൽ. | 1210/-/ 5890/- |
| | 3 | മധു, വിപഞ്ചിക, മണ്ണഞ്ചേരി. 1500/- | പെയിന്റിംഗ് ചാർജ്ജ്. | - | 1000/- 500/- |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (35 )ലഭ്യമാക്കിയ മറുപടിയിൽ ADS പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ഹാജരാക്കുന്നത് യഥാർത്ഥ ചെലവിനുള്ള വൌച്ചറുകളാണെന്നും, എസ്റ്റിമേറ്റ് പ്രകാരമുള്ള തുക മാത്രമെ നൽകുന്നുള്ളുവെന്നും, അധികം തുക ചെലവഴിച്ചിട്ടില്ലെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥ ചെലവിനുള്ള വൌച്ചർ ആണ് ഹാജരാക്കുന്നതെങ്കിൽ എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ച് നൽകുന്ന തുക കഴിച്ചുള്ള തുക ADS പ്രസിഡന്റ്, സെക്രട്ടറി എന്നിവർ കയ്യിൽ നിന്നും ചെലവാക്കുന്നു എന്നാണ് മനസ്സിലാക്കേണ്ടത്.എന്നാൽ ഒരു പ്രവർത്തിയിലും അപ്രകാരം ചെലവഴിക്കപ്പെടുന്നില്ല എന്നതിൽ നിന്നു തന്നെ ടി വൌച്ചറുകൾ ശരിയായ ചെലവുകളെ പ്രതിനിധാനം ചെയ്യുന്നതല്ല എന്ന് വ്യക്തമാണ്. ചെലവിനെ സാധൂകരിക്കുന്ന രീതിയിൽ വൌച്ചറുകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-51 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - മരണപ്പെട്ടവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്നില്ല.

സാമൂഹ്യ സുരക്ഷ പെൻഷനുകൾ പെൻഷനറുടെ മരണാനന്തരവും സസ്പെന്റ് ചെയ്യപ്പെടാതെ ആക്ടീവായി തുടർന്നതിനാൽ ബാങ്ക് മുഖാന്തിരം പെൻഷൻ ലഭിച്ചുപോരുന്ന പെൻഷനറുടെ അക്കൌണ്ടിലേക്ക് മരണശേഷവും തുക ക്രഡിറ്റാകുന്നു. സഹകരണബാങ്കുകൾ മുഖേന/ ഡയറക്ട് ടു ഹോം ആയി പെൻഷൻ ലഭിക്കുന്ന പെൻഷനേഴ്സിന് മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല എന്ന കാരണത്താൽ പെൻഷൻ തടഞ്ഞുവച്ചിരിക്കുമ്പോഴും നിലവിലും ഇവരുടെ അക്കൌണ്ടിലേക്ക് പെൻഷൻ ട്രാൻസ്ഫർ ചെയ്യുന്നതായി കാണുന്നു.

ഗ്രാമപഞ്ചായത്തിലെ ക്ഷേമ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറും ഗ്രാമപഞ്ചായത്തിലെ 2019-2020 വർഷം രജിസ്റ്റർ ചെയ്യപ്പെട്ട മരണ റിപ്പോർട്ടും ഒത്തുനോക്കിയപ്പോൾ ഗുണഭോക്താക്കൾക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി ബാങ്കുകൾക്ക് തുക അനുവദിച്ചതായും, ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേക്ക് നേരിട്ട് തുക ലഭിച്ചതായും ശ്രദ്ധയിൽ പെട്ടു.

ഇപ്രകാരം തുക ട്രാൻസ്ഫർ ചെയ്ത ഇടപാടുകളിൽ - തിരിച്ചുവരുന്ന തുകയുടെ കൃത്യത, കൈപ്പറ്റാത്ത തുക പൂർണ്ണമായും

തിരിച്ച് അടയ്ക്കപ്പെടുന്നുണ്ടോ എന്നിവ പരിശോധിക്കപ്പെടുന്നില്ല.

ഉദാഹരണം ചുവടെ ചേർക്കുന്നു.

(എ)ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണ നായി നൽകിയ തുക |
|---|---|---|---|---|---|
| 1 | വിദ്യാധരൻ | 104450203027 | 02.05.2019 | 05/19-01/22 | 05/19-07/19-4500 അക്കൗണ്ടിൽ നിക്ഷേപിച്ച 08/19-01/22-42200/- തടഞ്ഞുവച്ചിരിക്കുന്നു 10.02.2022ൽ പെൻഷൻ സസ്പെന്റ് ചെയ്തു A/C 12010100011584 (IOBA0001201) |
| 2 | ശാരദ | 104450200272 | 09.02.2020 | 02/20-01/22 | 02/20-01 /22-34400/- തുക അക്കൗണ്ടിൽ നക്ഷേപിച്ച A/C 31301614465 (SBIN0008622) |
| | ആകെ | | | | 38900/- |

ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയ 38900/- രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

(ബി) ചുവടെ ചേർക്കുന്ന മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്തിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണ നായി നൽകിയ തുക |
|---|---|---|---|---|---|
| 1 | സരസമ്മ (ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 104450201359 | 14.06.2019 | 06/19 - 01/22 | 23100/- തടഞ്ഞുവച്ചിരിക്കുന്നു ARYAD PANCHAYATH SCB 257 ARYAD |
| 2 | സുകുമാരപ്പണിക്കർ(ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 104450200911 | 28.07.2019 | 07/19-01/22 | 08/19-01/2022 42200/- 67239098112 (SBIN0070583 തടഞ്ഞുവച്ചിരിക്കുന്നു |
| 3 | കെ.ശ്രീധരൻ(ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല | 104450200551 | 14.08.2019 | 08/19-01/22 | 08/19-01/22-42200 KALAVOORSCB |

| | | | | | |
|---|---|---|---|---|---|
| | പെൻഷൻ) | | | | 1497<br>തടഞ്ഞുവച്ചിരിക്കുന്നു |
| 4 | കമലാക്ഷി<br>കർഷക തൊഴിലാളിപെൻഷൻ | 104450100077 | 14.12.2019 | 12/19-01/22 | 12/19-01<br>/22-37400/-<br>A/C<br>12510100268212<br>(FDRL0001251)<br>തടഞ്ഞുവച്ചിരിക്കുന്നു |

ചില ഉദാഹരണങ്ങൾ മാത്രമാണ് മുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മാത്രവുമല്ല, മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ മരണ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ മാത്രമാണ് ഇവിടെ പരാമർശിച്ചിട്ടുള്ളത്. മറ്റ് തദ്ദേശ സ്ഥാപന പരിധിയിൽ വെച്ച് മരണപ്പെട്ടവരുടെ വിവരങ്ങൾ ഇതിൽ ഉൾപ്പെടുന്നില്ല. മറ്റ് തദ്ദേശ സ്ഥാപന പരിധിയിൽ വെച്ച് ടി കാലയളവിൽ മരണപ്പെട്ട, മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ നിന്നും പെൻഷൻ വാങ്ങിക്കൊണ്ടിരുന്ന ഗുണഭോക്താക്കളുടെ കാര്യത്തിലും ഈ രീതിയിൽ അനർഹമായി പെൻഷൻ വിതരണം നടത്തിയിട്ടുണ്ടാവാനുള്ള സാധ്യത ഏറെയാണ്.

സഹകരണ ബാങ്ക് മുഖേന വിതരണം ചെയ്ത് വരുന്ന സാമൂഹിക സുരക്ഷാ പെൻഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള, മരിച്ചുപോയവരുടെ പേര് വിവരങ്ങൾ വാർഡ് ക്രമത്തിൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് ലഭ്യമാക്കിക്കൊണ്ട് അനർഹരായ മുഴുവൻ വ്യക്തികളെയും കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 28 /16.02.2022) മേൽ പരാമർശിച്ച മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ സമയബന്ധിതമായി മസ്റ്റർ ചെയ്യിട്ടില്ല എന്ന കാരണത്താൽ ഡി.ബി.റ്റിയിൽ നിന്നും തടസ്സപ്പെടുത്തിയിരിക്കുകയാണ് എന്ന് മറുപടി ലഭ്യമാക്കി.

മേൽ പരാമർശിച്ച പ്രകാരം അനർഹമായ കാലയളവിലേക്ക് അനുവദിക്കപ്പെട്ട പെൻഷൻ തുക38900 /-രൂപ ഡിബിറ്റി സെല്ലിൽ തിരികെ ഒടുക്കി, കൃത്യമായ തിരിച്ചടവ് വിവരങ്ങൾ രേഖപ്പെടുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-52 ഓഡിറ്റ് ഇംപാക്ട് -ക്ഷീരകർഷകന് സബ്സിഡിയിൽ അധികരിച്ച് നൽകിയ തുക തിരികെ ഒടുക്കി

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രോജക്ടിലുൾപ്പെടുത്തി സബ്സിഡിയിൽ അധികരിച്ച് ഗുണഭോക്താവിന് നൽകിയ 3276/-രൂപ ഓഡിറ്റ് എൻക്വയറി നം(10/14.2.2022) നൽകിയതിനെ തുടർന്ന് 16.2.2022ൽ ചെലാൻ നം KL 024267420202122M പ്രകാരം ജില്ലാട്രഷറിയിൽ തിരികെ ഒടുക്കിയിട്ടുണ്ട്.

## 1-53 മഴക്കാലപൂർവ്വശുചീകരണം ചെലവ് രേഖകൾ ഹാജരാക്കിയില്ല

പഞ്ചായത്തിലെ 23 വാർഡുകളിലെ മഴക്കാലപൂർവ്വ ശുചീകരണത്തിനായി 15000/- രൂപവീതംഓരോ വാർഡിലും ചെലവഴിക്കുന്നതിനായി താഴെ കൊടുത്തിരികുന്ന വൗച്ചറുകൾ പ്രകാരം മെഡിക്കൽ ഓഫീസർക്ക് ആകെ 345000/-രൂപ നൽകിയിട്ടുണ്ട്.
വൗച്ചർ നം 21900157/10.5.2019-230000/-
വൗച്ചർ നം 21900158/10.5.2019-115000/-
മണ്ണഞ്ചേരി പി.എച്ച്.സി . മെഡിക്കൽ ഓഫീസർക്ക് 2019-20 സാമ്പത്തിക വർഷത്തിൽ 11 വാർഡുകളിലെ മഴക്കാലപൂർവ്വ ശുചീകരണത്തിനായി നൽകിയ തുകയുടെ ചെലവുരേഖകൾ ലഭ്യമാക്കിയില്ല.ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം(50/18.2.2022) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല.ആയത് ഹാജരാക്കേണ്ടതാണ്. 165000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-54 വാഹനം പരിപാലിക്കുന്നതിൽ അപാകത

I.പഞ്ചായത്തിന്റെ വാഹനമായ ബൊലേറോ (KL-04-AD-9000)യുടെ പരിപാലനവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടിട്ടും ആയവ ലഭ്യമാക്കിയില്ല.
1.2019-20 ലെ ലോഗ് ബുക്ക്
2.ഇന്ധന ഓർഡർ ബുക്ക്
3.സ്റ്റോക്ക് രജിസ്റ്റർ
4. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ വെക്കുന്ന അർദ്ധ വാർഷിക വരവ് ചെലവ് പത്രിക

ll ലഭ്യമാക്കിയ 2020-21 ലെ ലോഗ് ബുക്ക് അപൂർണ്ണമാണ്
പ്രതി മാസ അബ്സ്റ്റ്റാക്ട് എഴുതി സൂക്ഷിച്ചിട്ടില്ല.വാഹനങ്ങൾ ഉപയോഗിക്കുന്ന ആളുകളുടെ ഒപ്പ് , കസ്റ്റോഡിയന്റെ ഒപ്പ് എന്നിവ പല സ്ഥലങ്ങളിലും രേഖപ്പെടുത്തിയിട്ടില്ല.
കസ്റ്റോഡിയന്റെയോ, കസ്റ്റോഡിയൻ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സാന്നിധ്യത്തിലായിരിക്കണം ഇന്ധനം നിറക്കേണ്ടത്. എന്നാൽ ലോഗ് ബുക്ക് പരിശോധിച്ചപ്പോൾ ഇപ്രകാരം ഒരു സൂപ്പർവിഷൻ നടന്നിട്ടില്ലായെന്ന് കണ്ടു. സർക്കാർ ഉത്തരവ് (എം.എസ്.നം.170/07/ത.സ്വ.ഭ.വ. തീയതി 30.06.2007 ൽ അനുശാസിക്കും പ്രകാരമുള്ള മുകളിൽ പറഞ്ഞ രേഖകൾ സൂക്ഷിക്കേണ്ടതാണ്.

## 1-55 ആസ്തി രജിസ്റ്റർ സൂക്ഷിപ്പിലെ ന്യൂനതകൾ

ഓഡിറ്റിന് ലഭ്യമാക്കിയ ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1.ജംഗമ വസ്തുക്കളുടെ വിവരങ്ങൾ രജിസ്റ്ററിൽ അപൂർണ്ണമായി രേഖപ്പെടുത്തിയിരിക്കുന്നു.

2.ഭൂമി, കെട്ടിടങ്ങൾ ഉടങ്ങിയ സ്ഥാവര ആസ്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററും അപൂർണ്ണമാണ്. നിർമ്മാണ വർഷം , നിർമ്മാണ ചെലവ്, ആസ്തിയുടെ മൂല്യം, മെയിന്റനൻസ് വിശദാംശങ്ങൾ എന്നിങ്ങനെ യാതൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

3.കുടിവെള്ളം, ജലസേചനം, വൈദ്യുതി, മുതലായവയുടെ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല.

4.ഓഡിറ്റ് വർഷത്തെയും അതിന് മുൻപുള്ള വർഷങ്ങളിലും നിരവധി ടാർ ,കോൺക്രീറ്റ് റോഡുകളും, മറ്റ് നിരവധി ആസ്തികളും വിവിധ പദ്ധതികളിലുൾപ്പെടുത്തി സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ വിവരങ്ങൾ സചിത്ര സോഫ്റ്റ് വെയർ മുഖേന ഡിജിറ്റലൈസ് ചെയ്ത് കാലികമാക്കിയിട്ടില്ല

മേൽ വിഷയങ്ങളിൽ മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.49/ 18.02.2022 ) ആസ്തി രജിസ്റ്റർ സചിത്ര സോഫ്റ്റ് വെയർ മുഖാന്തിരം ഡിജിറ്റലൈസ് ചെയ്യുന്ന നടപടി തുടർന്നുവരുന്നു എന്നും R-track മുഖാന്തിരം ആസ്തിവിവര ശേഖരണം വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത് ചെയ്തു വരികയാണെന്നും മറുപടി ലഭ്യമാക്കി. ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ആസ്തികളെ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് തന്നെ വ്യക്തതയില്ലായെന്നാണ് ആസ്തി രജിസ്റ്ററിന്റെ പരിശോധനയിൽ നിന്നും വ്യക്തമാകുന്നത്. ആസ്തികൾ അന്യാധീനപ്പെട്ടു പോകാതെ പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ ആസ്തികളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

# ഭാഗം -2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾ മൂലം നഷ്ടം 9915 രൂപ

താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം പരിശോധിച്ചപ്പോൾ, വസ്തു നികുതി നിർണ്ണയത്തിലെ ചില അപാകതകൾ മൂലം പഞ്ചായത്തിന് നഷ്ടമുണ്ടായതായി കണ്ടു. വിശദാംശം താഴെച്ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ/ ഉടമയുടെ പേര് | തറ വിസ്തീർണ്ണം | നിരക്ക് | ബാധകമായ വസ്തു നികുതി (വർദ്ധനവ്/ ഇളവുൾപ്പടെ | ഈടാക്കിയി അടിസ്ഥാന വസ്തു നികുതി | 2019-20 മുതൽ 2021-22 വരെയുള്ള നഷ്ടം |
|---|---|---|---|---|---|---|
| 1 | 19/295A-B മുംതാസ് , മാപ്പിളതൈയ്യിൽ | 101.6 M2 | 70 | (-10% മേൽക്കൂര) 7112-711 =6401 | A-1548 B-1548 ------------ 3906 | 3305x3= 9915 രൂപ. |

| | |
|---|---|
| ആകെ | 9915 |

2019-20 മുതലുള്ള നഷ്ടമായ 9915 രൂപ ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 2-2 ആവശ്യമായഫീസീടാക്കാതെ ലൈസൻസ് നൽകി

1996 ലെ കേരള പഞ്ചായത്തിരാജ്(അപകടകരവും അസഹഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾക്ക് 31-10-17 ൽ വരുത്തിയ ഭേദഗതി ചട്ടങ്ങളിലെ പട്ടിക॥ പ്രകാരമുള്ള മൂലധനനിക്ഷേപത്തിന്റ അടിസ്ഥാനത്തിലായിരിക്കണം വാർഷിക ലൈസൻസ് ഫീസീടാക്കേണ്ടത്. 2019-20 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് എടുത്തിട്ടുള്ള താഴെകൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ അപേക്ഷ പരിശോധിച്ചതുപ്രകാരം ഇവയോടൊപ്പം ഹാജരാക്കിയിട്ടുള്ള മറ്റ് വകുപ്പുകളുടെ ക്ലിയറൻസിൽ രേഖപ്പെടുത്തിയിട്ടുള്ള മൂലധനനിക്ഷേം അടിസ്ഥാനപ്പെടുത്തി ഈടാക്കാമായിരുന്ന ലൈസൻസ് ഫീസിനേക്കാൾ വളരെ കുറഞ്ഞ തുകയാണ് ഈടാക്കിയത്.

| ക്രമ നം | സ്ഥാപനം/വിലാസം | മറ്റ് വകുപ്പകളിൽ നിന്നുള്ള ക്ലിയറൻസ് | പട്ടിക ॥ പ്രകാരം ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് | ലൈസൻസ് ഫീസിലെ കുറവ് |
|---|---|---|---|---|---|
| 1 | രേഷ്മ ബേബി,ലേക്ക് കനോപ്പി റിസോർട്ട് 10/840A To L | PCB/ALP/ICO/ 5546/19/22.1.2019<br>പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ലൈസൻസ് പ്രകാരം മൂലധന നിക്ഷേപം-600 ലക്ഷം | 10000/- | 4000/-<br>രസീത് നം-118010-106524/ 25.2.2019 | 6000/- |
| 2 | പാം ഫൈബർ ഇൻഡ്യ പ്രൈ.ലിമിറ്റഡ് 13/53to63,66,66A, 13/1 | PCB/RO/ALPA/ICO-R/05/2018/<br>13.12.2018പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ലൈസൻസ് പ്രകാരം മൂലധന നിക്ഷേപം-16.16 കോടി.(തൊഴിൽ നികുതി പത്രിക പ്രകാരം 552 തൊഴിലാളികളുടെ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട്.) | 15000/- | 4000/-<br>രസീത് നം 1180105 00100/<br>22.2.2019 | 11000/- |
| 3 | അലക്സ് ജോസഫ് എൻ.സി.ജോൺ@ സൺസ് പ്രൈ.ലിമിറ്റഡ്- ജോൺസൺ ഡൈ ഹൌസ് 12/54 To 58 | PCB/ALP/ICO-5178 /18dt06.10.2018<br>മൂലധനനിക്ഷേപം-184.4 ലക്ഷം | 5000/- | 4000/-<br>രസീത്.നം118010 107201/ 21.3.2019 | 1000/ |

| | | | | | |
|---|---|---|---|---|---|
| 4 | അലക്സ് ജോസഫ് എൻ.സി.ജോൺ@ സൺസ് പ്രൈ.ലിമിറ്റഡ്-1/519,കയർ ബ്രഷ് മാറ്റ് നിർമ്മാണം | PCB/ALP /ICO-5288/188/ 28.6.2018പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ലൈസൻസ് പ്രകാരം മൂലധന നിക്ഷേപം- 248.84 ലക്ഷം. | 10000/- | 4000/- രസീത് നം 118010-106302/ 15.2.2019 | 6000/- |
| | ആകെ | | | | 24000/- |

2) യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് ഫീസ് പുതുക്കുമ്പോൾ പട്ടികIII പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണെങ്കിലും താഴെകൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ അപേക്ഷയിലും അവയോടോപ്പം ഹാജരാക്കിയിരിക്കുന്ന മറ്റ് വകുപ്പുകളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റിലും രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രങ്ങളുടെ കുതിരശക്തിക്കാനുപാതികമായി മോട്ടോർറണ്ണിംഗ് ഫീസീടാക്കിയിട്ടില്ല.

| | പട്ടിക II പ്രകാരം ഈടാക്കേണ്ട മോട്ടർറണ്ണിംഗ് ഫീസ് | ഈടാക്കിയ മോട്ടർറണ്ണിംഗ് ഫീസ് | കുറവ് | | |
|---|---|---|---|---|---|
| 1 | അലക്സ് ജോസഫ് ,ICM പവർലൂം, കയർ പായ നെയ്ത്ത് 12/59,60 | ഫാക്ടറീസ് @ ബോയ് ലേഴ്സ് ക്ലിയറൻസ് പ്രകാരം ഉപയോഗിക്കുന്ന യന്ത്രങ്ങളുടെ പവർ 67 KW | 1000/- | 500/- 118010107202 /21.3.19 | 500/- |
| 2 | പാം ഫൈബർ ഇൻഡ്യ ലിമിറ്റഡ് | ഫാക്ടറീസ് @ ബോയ് ലേഴ്സ് ക്ലിയറൻസ് പ്രകാരം ഉപയോഗിക്കുന്ന യന്ത്രങ്ങളുടെ പവർ 834.75 KW=1043 HP | 10043/- | 1000/- രസീത് നം 118010500100 /22.2.2019 | 9043/- |
| 3 | രാജീവ് ഭാസ്കരവാര്യർ, വെനീസ് ഇൻഡസ്ട്രീസ്, 19/67,68,69,70 | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നതു പ്രകാരം 40KW=50 HP | 500/- | 100/-രസീത് നം 118010107536 /30.3.2019 | 400/ |
| ആകെ | | | | | 9943/- |

ഇത് സമ്പന്ധിച്ച് ഓഡിറ്റ് എൻക്വയറി നം(21/15.2.2022 ) നൽകിയതിന് കുറവു വന്നലൈസൻസ് ഫീസും മോട്ടോർറണ്ണിംഗ് ഫീസുംഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഫീസിനത്തിൽ കുറവുവന്ന33943/- രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-3 ലേലതുക പൂർണ്ണമായും ഈടാക്കിയില്ല

പഞ്ചായത്ത് ഓഫീസിന് സമീപമുള്ള പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ യൂസർഫീപിരിക്കുന്നതിനുള്ള അവകാശം 24.6.2019 ലെviii(i) -ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരം 1.6.2019 മുതൽ-31.3.2020 വരെയുള്ള കാലയളവിലേക്ക് നിസാർ,ഇല്ലത്തുവെളി എന്ന വ്യക്തിക്ക് 83250/- രൂപയ്ക്ക് ലേലത്തിലൂടെ സ്ഥിരപ്പെടുത്തി നൽകിയിട്ടുണ്ട്.കരാർ കാലാവധിക്കുള്ളിൽ തവണകളായി 60496/- രൂപ അടച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം(22/15.2.2022) നൽകിയതിന് 11.5.2020ലെ 17/1-ാം നമ്പർ തീരുമാനപ്രകാരം തുക 22754/-രൂപ ഇളവുചെയ്യണമെന്ന ടിയാളുടെ അപേക്ഷ പരിഗണിച്ച് ടിയാനെ നേരിൽകേട്ട് തുടർ നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചതായിഅറിയിച്ചിട്ടുണ്ട്. ഇതിനുശേഷം 22.6.2020ൽ 10000/-രൂപ ടിയാൾ അടവാക്കിയിട്ടുണ്ട്. ലേലതുകയുടെ ബാക്കി 12754/-രൂപയും നികുതിയും പൂർണ്ണമായും ഈടാക്കി അറിയിക്കേണ്ടതാണ്.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പൈക ഫണ്ടുപയോഗിച്ച് വോളിബോൾ കോർട്ട് നിർമ്മാണം - നഷ്ടം -25341/-രൂപ-

ഈ പ്രവർത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.നിയമാനുസൃത കാലയളവിലും അധികരിച്ച് പൂർത്തീകരണ കാലാവധി നീട്ടിക്കൊടുത്തു-

ജി.ഒ (പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനുവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി , PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ( പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം.എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തിയിൽ ടി നിയമങ്ങൾക്ക് വിരുദ്ധമായി ഫൈൻ ഈടാക്കാതെ പിഴ അടക്കമുള്ള എല്ലാ നടപടികളിൽ നിന്നും കരാറുകാരനെ ഒഴിവാക്കി, കരാറുകാരന് മുഴുവൻ തുകയും അനുവദിച്ച നൽകി.

2. 11-10-18 ൽ കരാർ വെച്ച കരാറുകാരൻ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയ 19-07-19 ലോ, അതിന് ശേഷമോ പൂർത്തീകരണ കാലാവധി നീട്ടി നൽകുന്നതിന് അപേക്ഷ നൽകിയിട്ടില്ല. മാത്രവുമല്ല , 2012 ൽ പുതുക്കിയ പൊതുമരാമത്ത് മാനുവലിലെ ചട്ടങ്ങൾ പ്രകാരം ഒരു പ്രവർത്തിയുടെ പൂർത്തീകരണ കാലാവധി രണ്ടു തവണയായി പരമാവധി 50% വരെ മാത്രമെ ദീർഘിപ്പിച്ച നൽകാവൂ.ആയത് പ്രകാരം ആ ഈ പ്രവർത്തിക്ക് അധികമായി അനുവദിക്കാവുന്ന കാലയളവ് പരമാവധി മൂന്ന് മാസം മാത്രമാണ്. (10-07-19 വരെ)

3. എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള കാരണം നിർവ്വഹണ ഉദ്യോഗസ്ഥൻ കമ്മിറ്റിയെ അറിയിച്ചതിന് രേഖകളില്ല.

4. ആര്യാട് നോർത്ത് യു.പി.സ്കൂളിലെ എച്ച്എം 08-03-19 ഈ പ്രവർത്തിയുടെ കരാറുകാരന് 17-01-19 ൽ കൂടിയ SMC യുടെ യോഗത്തിന്റെ ആറാം നമ്പർ തീരുമാനം എന്ന് രേഖപ്പെടുത്തി ഒരു കത്ത് നൽകിയിട്ടുണ്ട്.അതിൽ ഒരു ഷട്ടിൽ കോർട്ടും, മറ്റ് രണ്ട് കോർട്ടുകളും സ്ഥാപിക്കുവാനും, കാലപ്പഴക്കം ഉള്ളതിനാൽ സ്റ്റേജ് പൊളിക്കുവാൻ കരാറുകാരനെ ചുമതലപ്പെടുത്തിയതായും തീരുമാനിച്ചിട്ടുണ്ട്. ഇതിൽ നിന്നും, കരാർ വെച്ച് മാസങ്ങൾക്കു ശേഷം മാത്രമാണ് സൈറ്റിലെ തടസ്സങ്ങളെ കുറിച്ച പോലും അറിയുന്നതെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

5.എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ കരാറുകാരൻ സപ്ലിമെന്ററി കരാർ വെച്ചിട്ടില്ല.എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ കരാറുകാരൻ സപ്ലിമെന്ററി കരാർ വെച്ചിട്ടില്ല.റിവൈസ് ചെയ്ത എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും, കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥനുമായി നിശ്ചിത തുകയ്ക്കുള്ള കരാറിൽ ഏർപ്പെട്ടില്ല.തന്മൂലം സംസ്ഥാന സർക്കാരിന് 200/- രൂപയുടെ നഷ്ടം ഉണ്ടായി.

കാലാവധി നീട്ടിനൽകുന്നതിനായി കരാറുകാരൻ അപേക്ഷനൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ ഫൈൻ ഈടാക്കാതിരുന്നത് സംബന്ധിച്ചും, സപ്ലിമെന്ററി കരാർ വെയ്ക്കാതിരുന്നത് സംബന്ധിച്ചും, ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ മറ്റ്

അപാകതകൾ വിശദീകരണം ആവശ്യപ്പെട്ട് 4, 46 എന്നീ എൻക്വയറികൾ നൽകുകയുണ്ടായി. ഇതിൽ 4-ാം നമ്പർ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കാലാവധി നീട്ടി നൽകുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.15-07-19 10(2)-ാം നമ്പർ തീരുമാന പ്രകാരവും,29-10-19 ലെ2(20)-ാം നമ്പർ തീരുമാന പ്രകാരവും ഈ പ്രവർത്തിയുടെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. 29-10-19 ലെ2(20)-ാം നമ്പർ തീരുമാനത്തിൽ " പ്രവർത്തി നടത്തിപ്പിനായി സ്ഥല പരിശോധനയിൽ നിർമ്മാണം നിർദ്ദേശിച്ചിരുന്ന ആര്യാട് നോർത്ത് യു.പി.സ്കൂൾ ഗ്രൌണ്ടിൽ ഉപയോഗ ശൂന്യമായ ഓപ്പൺ സ്റ്റേജും, വാകമരവും തടസ്സമായിട്ടുള്ളതിനാൽ ആയത് നീക്കം ചെയ്താൽ മാത്രമെ നിർമ്മാണം സാധ്യമാകൂ എന്നും, 01-09-2019 ലാണ് സൈറ്റ് ക്ലിയർ ചെയ്ത് കിട്ടിയിട്ടുള്ളതും പ്രവർത്തി ആരംഭിച്ചിട്ടുള്ളതെന്നും " രേഖപ്പെടുത്തിയിട്ടുണ്ട്. 11-10-18 ൽ കരാർ വെച്ച കരാറുകാരൻ സൈറ്റ് ഹാൻഡ് ഓവർ ചെയ്തതിന് ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് വരെ ഒരു ഘട്ടത്തിലും നിർമ്മാണത്തിന് ഏതെങ്കിലും തരത്തിലുള്ള തടസ്സമുള്ളതായി കരാറുകാരൻ രേഖാമൂലം നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചിട്ടില്ല.പിന്നെ ഏകപക്ഷീയമായി എന്തടിസ്ഥാനത്തിലാണ് പൂർത്തീകരണ കാലാവധി നീട്ടി നൽകിയതെന്ന് വ്യക്തമല്ല. കരാറുകാരന്റെ അപേക്ഷ പോലുമില്ലാതെ പൂർത്തീകരണ കാലാവധി നീട്ടി നൽകുകയും ,പിഴ ഈടാക്കാതിരുന്നത് മൂലമുണ്ടായ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

ആദ്യ തവണ- PAC യുടെ 1% - 697981 X 1% = 6979/-(10/07/2019 വരെ)

രണ്ടാം തവണ - PAC യുടെ 2% - 697981 X 2% = 13959/- (10/10/2019 വരെ)

മൂന്നാംതവണPACയുടെ2%-697981x2%=13959x9/90(19/10/19 വരെ) = 1396/-

ആകെ ഈടാക്കേണ്ടത് - 6979+ 13959+ 1396 = 22334/-

ലഭ്യമാക്കിയ മറുപടിയിൽ പിഴയിനത്തിൽ ഈടാക്കേണ്ട തുക കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെയും, അനർഹമായി കാലാവധി നീട്ടി നൽകുന്നതിന് തീരുമാനമെടുത്ത 29-10-19 ലെ കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങളുടെയും ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

2. ഭൌതിക പരിശോധനയിൽ കണ്ട അപാകതകൾ-

ഭൌതിക പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ഈ പ്രവർത്തിയുടെ അളവ് പുസ്തകം 23/18-19, പേജ് നം.11ലും 12 ലും എക്സ്ട്രാ ഇനം 3 ആയി 60 Mm കനത്തിൽ ഉള്ള സിമന്റ് കട്ട ഉപയോഗിച്ച് ടൈൽ വിരിച്ചിട്ടുണ്ട്. അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള അളവുകൾ പ്രകാരമുള്ള നീളവും, പരിശോധനയിൽ പ്രവർത്തി നിർവ്വഹിച്ചതായി ബോധ്യപ്പെട്ട യഥാർത്ഥ നീളവും ചുവടെ ചേർക്കും പ്രകാരമാണ്.

| അളവ് പുസ്തകം പ്രകാരം. | പരിശോധനയിൽ ബോധ്യപ്പെട്ടത്. |
|---|---|
| 69.85മീറ്റർ | 17.10+5.40+4.80+2.30+7.10+11.50+4.30+3.35 +11.25 = 67.10 മീറ്റർ. |

വ്യത്യാസം = 69.85 - 67.10 = 2.75മീറ്റർ.

വിവിധ അളവുകളിൽ ചെയ്ത ഈ പ്രവർത്തിയിൽ അളവുപുസ്തകത്തിൽ

രേഖപ്പെടുത്തിയിട്ടുള്ള വീതിയും, അവയുടെ ശരാശരി വീതിയും ചുവടെ ചേർക്കുന്നു.

| അളവ് പുസ്തകം പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള വീതി. | ആകെ വീതി | ശരാശരി വീതി. |
|---|---|---|
| 1+1+1.10+1+1+0.65+2+0.95+0.80+0.95+1.30+2.85 | 14.6മീ. | 1.22മീ. 14.6/12 |

എം2ന് 836.75 രൂപ നിരക്കിൽ അധികം ചെലവഴിച്ചത് = 2807/- രൂപ (2.75 X 1.22=3.35m2 X 836.75)

3. ആകെ അളവ് രേഖപ്പെടുത്തിയതിൽ വ്യത്യാസം-

അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയ ആകെ അളവും, പരിശോധനയിൽ ബോധ്യപ്പെട്ട അളവും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| അളവുപുസ്തകത്തിൽ അളവ് രേഖപ്പെടുത്തിയിട്ടുള്ള | അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയ അളവ്.(m3) | ആകെ(m3) | പരിശോധനയിൽ ബോധ്യപ്പെട്ട അളവ്.(m3) | ആകെ(m3) |
|---|---|---|---|---|

| ക്രമ നം. | | | | |
|---|---|---|---|---|
| 1. | 1x1x3.4x1 | 3.40 | 1x1x3.35x0.95 | 3.18 |
| 2. | 1x1x4.35x1 | 4.35 | 1x1x4.30x0.92 | 3.95 |
| 5. | 1x1x2.35x1 | 2.35 | 1x1x2.30x0.95 | 2.18 |
| 6. | 1x1x4.80x0.65 | 3.12 | 1x1x4.80x0.60 | 2.88 |
| 10. | 1x1x7.30x0.95 | 6.935 | 1x1x7.10x0.95 | 6.745 |

4. നിർമ്മാണത്തിന് ഗുണനിലവാരമില്ല-

60mm കനത്തിൽ ഉള്ള സിമന്റ് കട്ട ഉപയോഗിച്ച് ടൈൽ വിരിച്ചിരിക്കുന്നത് ചില ഭാഗങ്ങളിൽ പൊട്ടിപ്പൊളിഞ്ഞ നിലയിൽ അവശേഷിക്കുന്നതായി കണ്ടു.ഷട്ടിൽ കോർട്ട് നിർമ്മിച്ച സ്ഥലത്ത് നിലവിൽ കെട്ടിട നിർമ്മാണ സാമഗ്രികൾ സംഭരിച്ചിരിക്കുന്നതായും പരിശോധനയിൽ കാണുകയുണ്ടായി.

നിർമ്മിച്ച കോർട്ടുകൾ പദ്ധതിയുടെ ലക്ഷ്യം സാധൂകരിക്കുന്ന രീതിയിൽ ,മറ്റ് ആവശ്യങ്ങൾക്കുപയോഗിക്കാതെ , കുട്ടികളുടെ കായികമായ കഴിവുകൾ വിനിയോഗിക്കുന്നതിനായി ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

അനുബന്ധ വിവരങ്ങൾ-

പ്രൊജക്റ്റ് നം - എസ്സ് ഒ163/19

കരാറുകാരൻ - അബ്ദുൾ ലത്തീഫ്.

എഗ്രിമെന്റ് നം. 23/AE/LSGD/11-10-18

ചെക്ക് നം.2716963, തീയതി,14-11-19 തുക - 1) , 650298/-

പൂർത്തീകരണ കാലാവധി - 6മാസം

പൂർത്തീകരിക്കേണ്ട തീയതി - 10-04-19

പൂർത്തീകരിച്ച തീയതി- 19-10-19

PAC – 697981/-

M Book – 23/18-19

## 3-2 ഹോമിയോ ആശുപത്രി കെട്ടിടം നിർമ്മാണം-അപാകതകൾ ( എസ്സ് ഒ – 151/18)-നഷ്ടം- 24820/-

അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ആരംഭിച്ച് സ്പിൽ ഓവറായി 2019-20 വർഷം നടപ്പിലാക്കിയ പദ്ധതിയായിരുന്ന ഹോമിയോ ആശുപത്രി കെട്ടിടം നിർമ്മാണം .ഫയൽ പരിശോധിച്ചതിൽ ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. RCC ബെൽറ്റ് നിർമ്മാണം - അധിക അളവിൽ നിർവ്വഹിച്ചു-

ഈ പ്രവർത്തിയിൽ പേജ് 3 ൽ 13 ആയി ബേസ് മെന്റിന് മുകളിൽ 15 Cm. കനത്തിൽ 1:4:8 അനുപാതത്തിൽ ബെൽറ്റ് നിർമ്മിച്ചിട്ടുണ്ട്.4.65m3 അളവിൽ നിർവ്വഹിച്ച ഈ പ്രവർത്തിക്ക് 7068.31/m3 നിരക്കിൽ 32867/- രൂപ മൂല്യം നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. ബെൽറ്റ് നിർമ്മാണത്തിന് 10 Cm. കനം നൽകിയാൽ മതിയെന്നിരിക്കെ, 15 Cm. കനം നൽകിയത് വഴി ചുവടെ ചേർക്കും പ്രകാരം അധിക ചെലവുണ്ടായി. തൻവർഷം പതിനാറ് ലക്ഷം രൂപ അടങ്കലിൽ നടപ്പിലാക്കിയ 18, 5 വാർഡുകളിലെ അംഗനവാടി നിർമ്മാണം എന്ന പ്രൊജക്ടിൽ ( SO-087/19) ഫൌണ്ടേഷനുള്ള തറ കോൺക്രീറ്റ് ചെയ്തിട്ടുള്ളത് 10 Cm. കനത്തിൽ ആണ്. (ആ പ്രവർത്തിയുടെ അളവുപുസ്തകം 32/18-19, പേജ് 1 ഇനം3)

1x2x10.75x 0.60x0.10 = 1.290m3

2x1x5.15x 0.60x0.10 = 0.618m3

1x1x2.25x 0.60x0.10 =0.135m3

1x1x4.65x 0.60x0.10 =0.279m3

1x1x7.75x 0.60x0.10 =0.465m3

1x1x3x 0.60x0.10 =0.180m3

1x1x2.20x 0.60x0.10 =0.132m3

അനുവദനീയമായ അളവ് =3.099m3

അധികം നൽകിയത് = 4.65m3 - 3.099m3 = 1.551m3 X7068.31/m3

= 10962/-രൂപ

2. കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിക്കാത്തത് സംബന്ധിച്ച്-

ഈ പ്രവർത്തിയുടെ അളവ് പുസ്തകം പേജ് 27 ൽ ഇനം 12 ആയി പ്ലിന്ത് നിർമ്മാണം നടത്തിയതിന്റെ വശങ്ങളിൽ ഫില്ലിംഗിന് നടത്തിയതിന് 3.999m3 മണ്ണും, പേജ് 15 ൽ ഇനം 12 പ്രകാരം ഫൌണ്ടേഷന്റെ ഉൾവശം മണ്ണിട്ട് നിറച്ചതിന് 25.40m3 മണ്ണും ഉൾപ്പെടെ ആകെ 29.239m3 മണ്ണ് ഉപയോഗിച്ചതായി രേഖപ്പെടുത്തി, എസ്റ്റിമേറ്റ് അളവായ 22.153m3 ൽ പരിമിതപ്പെടുത്തി, എം 3 ന് 1163.58 രൂപ നിരക്കിൽ 25776/- രൂപ മൂല്യം നിർണ്ണയിച്ച നൽകി.അളവ് പുസ്തകം33/17-18 , പേജ് 2 ൽ ഫൌണ്ടേഷന് വേണ്ടി 21.693 എം3 മണ്ണ് കുഴിച്ചടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ കുറഞ്ഞത് 60% എങ്കിലും പുനരുപയോഗ്യമാണ്.അതനുസരിച്ച് 13.17m3 ( 21.693 X 60/100) മണ്ണെങ്കിലും പുനരുപയോഗയോഗ്യമാണ്. ആയത് കുറവ് ചെയതതിന് ശേഷം മാത്രം അനുവദിക്കാവുന്ന മണ്ണിന്റെ അളവ് ചുവടെ ചേർക്കുന്നു.

ഫില്ലിംഗിന് ഉപയോഗിച്ച മണ്ണിന്റെ അളവ് = 29.239m3

(-) കുഴിച്ചെടുത്ത മണ്ണിന്റെ അളവ് = 13.17m3

അനുവദനീയമായ അളവ് = 16.06m3

പഞ്ചായത്തിൽ അസ്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മറ്റ് ഫില്ലിംഗ് പ്രവർത്തികൾക്ക് എം3ന് 1163/- രൂപ നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്.അതിൽ മണ്ണിന്റെ വില 400/-രൂപയും റോയൽറ്റി ചാർജ്ജ് 438/-രൂപയുമുൾപ്പെടെ ഒരു എം3ന് 838/- രൂപയാണ് അമുവദിച്ചിട്ടുള്ളത്. അതിൻപ്രകാരം 16.06m3 മണ്ണിന്റെ വിലയായി 13458/- രൂപ കുറവ് ചെയ്യേണ്ടതായിരുന്നു.എന്നാൽ ടിയിനത്തിൽ യാതൊരു കുറവും വരുത്താതെ കരാറുകാരന് മുഴുവൻ തുകയും അനുവദിച്ച നൽകി. .

3. എസ്റ്റിമേറ്റ് അകാരണമായി റിവൈസ് ചെയ്യുന്നു-

ഫയലിൽ സൂക്ഷിച്ചിട്ടുള്ള 27-02-18 ലെ 12(13) ന്റെയും, 02-02-19 ലെ 1(1) -ാംനമ്പർ തീരുമാനത്തിന്റെയും പകർപ്പിൽ2018-19 വർഷം അസ്സി.എൻജി. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള പ്രവർത്തികൾ സൈറ്റ് കണ്ടീഷൻ അനുസരിച്ച് എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടതായി അസ്സി.എൻജി. അറിയിച്ചിട്ടുള്ളതിനാൽ സൈറ്റ് കണ്ടീഷൻ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനായി അനുവാദം നൽകി തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ മാറ്റം വരുത്തുന്നതിനുള്ള കാരണങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.3/18 ൽ ഒന്നാം പാർട്ട് ബിൽ നൽകിയതിന് ശേഷമാണ് 2/19 ൽ വീണ്ടും റിവൈസ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളത്.സർക്കുലർ നമ്പർ ഇ-20/6689/2018/CE/തസ്വഭവ/21-06-18 ലെ നിർദ്ദേശപ്രകാരം പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥലസന്ദർശനം നടത്തി അതിനനുസൃതമായി നിർവ്വഹണം നടത്തേണ്ടതാണ്. ഈ സർക്കലറിന് വിരുദ്ധമായാണ് എസ്റ്റിമേറ്റ് പല തവണയായി നീട്ടി നൽകിയത്.

അനുബന്ധ കരാർ വെച്ചിട്ടില്ല-

റിവൈസ് ചെയ്ത എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും, കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥനുമായി നിശ്ചിത തുകയ്ക്കുള്ള കരാറിൽ ഏർപ്പെട്ടില്ല. ഹാജരാക്കിയ രേഖകൾ പ്രകാരം രണ്ടു പ്രാവശ്യം എസ്റ്റിമേറ്റിൽ മാറ്റം വരുത്തിയിട്ടുണ്ട്. എന്നാൽ രണ്ടു തവണയും 200/- രൂപ വീതമുള്ള മുദ്രപത്രത്തിൽ കരാർ വെയ്ക്കാത്തത് മൂലം സംസ്ഥാന സർക്കാരിന് 400/-രൂപയുടെ നഷ്ടം ഉണ്ടായി.നിർവ്വഹണത്തിലെ ഈ അപാകതകൾ ചൂണ്ടിക്കാട്ടിനൽകിയ എൻക്വയറിക്ക് ( 20) ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ച അപാകതകൾ ഒഴികെ ഉള്ളവയ്ക്കാണ് മറുപടി ലഭ്യമാക്കിയത്.മേൽ ഖണ്ഡികകൾ പ്രകാരം അധികം നൽകിയ 24820/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

അനുബന്ധ വിവരങ്ങൾ

അടങ്കൽ - 1420000/-

കരാറുകാരൻ - ഷാഹുൽ ഹമീദ് നൈന.

അളവു പുസ്തകം -1) 33/17-18, 2)33(A)/17-18, 3) 33(B)/17-18

ആകെ ചെലവ്- /-1283899/-

ചെലവ് വിവരം-1)Rs-925326/-ബിൽ നം.13/19-20 ,Dt.10-05-19

2)Rs-88573/-ബിൽ നം.14/19-20 ,Dt.11-06-19

## 3-3 ആലഞ്ചേരി - പറത്തറ അടിവാരം തോട് - നിർവ്വഹണത്തിലെ അപാകതകൾ- നഷ്ടം-

39084/-

2019-20 വർഷം അസ്സി.എൻജി. നിർവ്വഹണം നടത്തിയ ആലഞ്ചേരി - പറത്തറ അടിവാരം തോട് ആഴം കൂട്ടൽ എന്ന പ്രവർത്തിയുടെ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നിയമാനുസൃത കാലയളവിലും അധികരിച്ച് പൂർത്തീകരണ കാലാവധി നീട്ടിക്കൊടുത്തു-

ജി.ഒ (പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനുവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമി തിയുടെ അനുമതി വാങ്ങി , PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ( പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം.എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തിയിൽ ടി നിയമങ്ങൾക്ക് വിരുദ്ധമായി കരാറുകാരന്റെ അപേക്ഷയോ, കമ്മിറ്റി തീരുമാനമോ ഇല്ലാതെ പൂർത്തീകരണ കാലാവധി നീട്ടി നൽകി. ബില്ലിൽ നിന്നും ഫൈനും കുറവ് ചെയ്തിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 5) ലഭ്യമാക്കിയ മറുപടിയിൽ കാലയളവ് നീട്ടിക്കൊടുക്കുന്നത് സംബന്ധിച്ച് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് ഹാജരാക്കുന്നു എന്ന് രേഖപ്പെടുത്തി 15-07-2019 ലെ 10 (2) -ാം നമ്പർ തീരുമാനത്തിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ആ തീരുമാനപ്രകാരം മറ്റ് 8 പ്രവർത്തികളുടെ പൂർത്തീകരണകാലാവധി നീട്ടിക്കൊടുത്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ പ്രവർത്തിയുടെ പൂർത്തീകരണ കാലാവധി ഈ തീരുമാന പ്രാകാരം

നീട്ടി നൽകിയിട്ടില്ല. ഫൈൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ആദ്യ തവണ- PAC യുടെ 1% - 1741740 X 1% = 17417/-(01/02/19 വരെ)

രണ്ടാംതവണPACയുടെ2%1741740x2%=34834x52/90(26/03/19 വരെ) = 20126/-

ആകെ ഈടാക്കേണ്ടത് - 17417+ 20126 = 37543/-

2.കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം ഇല്ല-

അളവ് പുസ്തകം പേജ് 1 ൽ ടി തോട് 3080 മീറ്റർ നീളത്തിലും, 6 മീറ്റർ വീതിയിലും, 0.65 Cm.കനത്തിലും ആഴം കൂട്ടിയതിന് 12902 M3 മണ്ണ് കുഴിച്ചെടുക്കുകയും, എസ്റ്റിമേറ്റ് അളവായ 12012 M3 ൽ ലിമിറ്റ് ചെയ്ത് 1741740/- രൂപ അനുവദിച്ചു നൽകുകയും ചെയ്തു.കുഴിച്ചെടുക്കുന്ന മണ്ണിന്റെ ചെളി ഉൾപ്പെടുന്ന മണ്ണ് ഒഴിവാക്കിയാൽ പോലും ഇപ്രകാരം ലഭ്യമായ മണ്ണിന്റെ കുറഞ്ഞത് 30% എങ്കിലും പുനരുപയോഗയോഗ്യമാണെന്നിരിക്കെ, ടി മണ്ണിന്റെ വിനിയോഗ വിവരം യാതൊന്നും തന്നെ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ അസ്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മറ്റ് ഫില്ലിംഗ് പ്രവർത്തികൾക്ക് എം3ന് 1163/- രൂപ നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്.അതിൽ മണ്ണിന്റെ വില 400/-രൂപയും റോയൽറ്റി ചാർജ്ജ് 438/-രൂപയുമുൾപ്പെടെ ഒരു എം3ന് മണ്ണിന്റെ വിലയായി 838/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. അതിൻപ്രകാരം 12012 M3 മണ്ണിന്റെ 30% ആയ 3603m3 മണ്ണിന്, ഒരു എം3ന് മണ്ണിന്റെ വിലയായ 400/-രൂപ നിരക്കിൽ ലേലം ചെയ്തു നൽകിയിരുന്നെങ്കിൽ,ആയതിന്റെ വിലയായി 1441200/- രൂപയെങ്കിലും പഞ്ചായത്തിന് വരുമാനം ലഭിക്കുമായിരുന്നു.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 5) ലഭ്യമാക്കിയ മറുപടിയിൽ കുഴിച്ചെടുത്ത ചെളിമണ്ണ് യാതൊരു നിർമ്മാണത്തിനും ഉചിതമല്ലാത്തതിനാൽ തോടിന്റെ കര സംരക്ഷണത്തിനായി ഇരു കരകളിലും ബണ്ട് നിർമ്മിച്ചുവെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.പ്രവർത്തി നിർവ്വഹണ സമയത്ത് മറുപടിയിൽ രേഖപ്പെടുത്തിയ പോലെയുള്ള പ്രവർത്തി നിർവ്വഹിച്ചിരുന്നുവെങ്കിൽ ആയത് അതേ സമയം തന്നെ അളവുപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതായിരുന്നു.എൻക്വയറി നൽകിയപ്പോൾ മാത്രമാണ് കുഴിച്ചെടുത്ത ചെളിമണ്ണ് തോടിന്റെ കര സംരക്ഷണത്തിനായി ഇരു കരകളിലും ബണ്ട് നിർമ്മിക്കാൻ ഉപയോഗിച്ചുവെന്ന് മറുപടി നൽകിയിട്ടുള്ളത്.ആയതിനാൽ തന്നെ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗയോഗ്യമായ വിവരം കമ്മിറ്റിയെ അറിയിച്ച് ലേലം ചെയ്തിരുന്നുവെങ്കിൽ അതിലൂടെ ഒരു വൻ തുക പഞ്ചായത്തിന് ലഭിക്കുമായിരുന്നു. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ പഞ്ചായത്തിന്റെ ഉത്തമ താൽപ്പര്യം സംരക്ഷിക്കപ്പെട്ടിട്ടില്ലായെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3. മുദ്രപത്രം വില ഈടാക്കിയതിൽ കുറവ് -

01-04-2018 മുതൽ പ്രാബല്യത്തിൽ വന്ന2018ലെ കേരള ഫിനാൻസ് ആക്ട് സെക്ഷൻ 4,ഉപ വകുപ്പ് (4) പ്രകാരം 1959 ലെ കേരള സ്റ്റാമ്പ് ആക്ടിലെ (അമൻഡ്മെന്റ് ആക്ട് 17 ഓഫ് 1959) ഷെഡ്യൂൾ -11ൽ (G) നമ്പരായി പുനർനാമകരണം ചെയ്തിട്ടുള്ള ഉപവകുപ്പിന് മുൻപായി പുതുതായി ഉൾപ്പെടുത്തിയ ഉപവകുപ്പ്(എഫ്) പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്കും, സേവനതലത്തിലുള്ള കരാറുകൾക്കും, ഓരോ 1000/- രൂപക്കും 1 രൂപ ക്രമത്തിലും, അതിൽ കുറവുള്ള തുകക്ക് ആനുപാതികമായും, കുറഞ്ഞത് 200 രൂപയുടേയും,കൂടിയത് ഒരു ലക്ഷം രൂപയുടെയും തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർവെയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ മരാമത്ത് പ്രവർത്തിയിൽ കരാറുകാരൻ കരാർ വെച്ചിട്ടുള്ളത്

200 രൂപ വിലയുള്ള മുദ്രപത്രത്തിൽ ആണ്. ഈയിനത്തിൽ സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

കരാർ തുക - 1741740/-

പുതുക്കിയ നിയമപ്രകാരം ആവശ്യമായ മുദ്രപത്ര വില – 1741/- രൂപ

കുറവ് - 1741 – 200 = 1541/-രൂപ

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 5) ലഭ്യമാക്കിയ മറുപടിയിൽ മുദ്രപത്ര വില ഈടാക്കി ഒടുക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

അനുബന്ധവിവരങ്ങൾ-

പ്രൊജക്റ്റ് നം - എസ്സ് 0235/18

കരാറുകാരൻ - എം.എ.ജയിംസ്

എഗ്രിമെന്റ് നം. 41/AE/LSGD/dt.02-05-18

ബിൽ നം.11/19-20, തീയതി,10-05-19 തുക - 1741740/-

PAC- 1741740/-

M Book – 14/17-18

പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 01-11-18

പൂർത്തീകരിച്ച തീയതി- 26-03-19

## 3-4 കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല-ഈടാക്കാനുള്ളത്- 14572/-രൂപ

താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും 1961 ലെ ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 1% ആദായ നികുതി ഈടാക്കിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി/വർക്ക് കോഡ്. | കരാറുകാരൻ | കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | ഈടാക്കേണ്ട ആദായ നികുതി(1%) | FTO No./തീയതി |
|---|---|---|---|---|
| 17- ാം വാർഡിൽ അമ്പനാകുളങ്ങര-ദുബായ് ഫുട്പാത്ത് കോൺക്രീറ്റിംഗ്. 276936 | മുഹമ്മദ് കുഞ്ഞ് നൈന. | 168760/- | 1687/- | 540280/31-01-20,Rs-168760/- |
| 17- ാം വാർഡിൽ ബ്രില്യന്റ് -ചക്കാല വെളിഫുട്പാത്ത് കോൺക്രീറ്റിംഗ്. 276938 | മുഹമ്മദ് കുഞ്ഞ് നൈന. | 245721/- | 2457/- | 705403/31-03-20, Rs-245721/- |
| 17- ാം വാർഡിൽ കന്നിട്ടപ്പറമ്പ് -തോപ്പിൽ ഫുട്പാത്ത് | മുഹമ്മദ് കുഞ്ഞ് നൈന. | 238640/- | 2386/- | 574990/14-02-20, Rs238640/- |

| | | | | |
|---|---|---|---|---|
| കോൺക്രീറ്റിംഗ്. 277274 | | | | |
| 3- ാം വാർഡിൽ കണ്ണങ്കര-ബിസ്കറ്റ് കമ്പനി ഫുട്പാത്ത് കോൺക്രീറ്റിംഗ്. 276046 | അനസ് നൈന. | 252341/- | 2523/- | 21608/28-04-20, Rs252341/- |
| 9- ാം വാർഡിൽ ഏഴംകര-കുട്ടറ റോഡ് കോൺക്രീറ്റിംഗ്. 276170 | അബൂബക്കർ ആശാൻ. | 305312/- | 3053/- | 113905/26-06-19, Rs-305312/- |
| 21- ാം വാർഡിൽ പ്ലാന്തറ നികർത്തിൽ റോഡ് കോൺക്രീറ്റിംഗ്. 277706 | മുഹമ്മദ് കുഞ്ഞ് നൈന. | 246629/- | 2466/- | 184504/27-08-19, Rs246629/- |
| | | ആകെ | 14572/- | |
| | | | | |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 43) ലഭ്യമാക്കിയ മറുപടിയിൽ ആദായ നികുതി ഈടാക്കുന്നതിനായി കരാറുകാർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, അവർ തിരികെ ഒടുക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കുന്നതുമാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം, സെക്രട്ടറി, അസ്സി.സെക്രട്ടറി, അക്രെഡിറ്റഡ് എൻജിനീയർ എന്നിവരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-5 വക്കീലന്മാരുടെ ആദായത്തിൽ നിന്നും റ്റി.ഡി.എസ്. ഈടാക്കാത്തതിനാൽ കേന്ദ്ര സർക്കാരിന് 11515 രൂപ നഷ്ടം

താഴെപ്പറയുന്ന വക്കീലന്മാരുടെ സേവനത്തിന് പ്രതിഫലം നൽകിയപ്പോൾ, ഇൻകംടാക്സ് ആക്റ്റ് 1961 -194J പ്രകാരം പ്രൊഫഷണൽ സേവനത്തിന്റെ പ്രതിഫലത്തിൽ നിന്നും ഈടാക്കേണ്ട റ്റി.ഡി.എസ് ഈടാക്കിയില്ല. 30000 ൽ കൂടുതൽ തുക പ്രൊഫഷണൽ സേവനത്തിന് ഒരു സാമ്പത്തിക വർഷം പ്രതിഫലമായി നൽകുമ്പോൾ , നൽകുന്ന തുകയുടെ 10% ആണ് റ്റി.ഡി.എസായി ഈടാക്കി ഒടുക്കേണ്ടത്. വിശദാംശം താഴെച്ചേർക്കുന്നു.

| ക്രമ നം | പേര്, | നൽകിയ തുക | ചെക്ക് നം,തീതി | ബാധകമായി റ്റി.ഡി.എസ് |
|---|---|---|---|---|
| 1 | അഡ്വ. സതീഷ് | 74150 | 2716956/21.10.19 | 7415 |
| 2 | അഡ്വ. പി.സി. ബിനോയ് | 35000<br>6000 | 2716942/27.08.19<br>49682/27.02.20 | 4100 |
| ആകെ | | | | 11515 |

റ്റി.ഡി.എസ് ഈടാക്കി സർക്കാരിലേക്ക് ഒടുക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചില്ല. കേന്ദ്ര സർക്കാരിനുണ്ടായ നഷ്ടം നിയമം അനുശാസിക്കുന്ന പിഴസഹിതം ഈടാക്കേണ്ടതാണ്.

## 3-6 അനുവദനീയമായതിലും അധിക തുക നൽകി, നഷ്ടം-28600 രൂപ.

അനൂപ്, ശ്രീലക്ഷ്മി എന്നിവരെ ട്രേഡ് അപ്രന്റീസുമാരായി 2019 ഫെബ്രുവരി മാസം സെക്രട്ടറിയുടെ ഉത്തരവ് നം.പി.എൽ -17207/189 തീയതി 29.03.19 പ്രകാരം നിയമിച്ചിട്ടുണ്ട്. ഇവർക്ക് സർക്കാർ ഉത്തരവ് എം.എസ്. നം.97/2015/ തൊഴിൽ പ്രകാരം ആദ്യ വർഷം നൽകാവുന്നത് പ്രതിമാസം 5700 രൂപയാണ്. എന്നാൽ 2019-20 വർഷം (ആദ്യ വർഷം) ഇവർക്ക് പ്രതിമാസം 7000 രൂപ വെച്ച് നൽകി. ഇതു മൂലമുണ്ടായ നഷ്ടത്തിന്റെ വിവരം താഴെച്ചേർക്കുന്നു.

ശ്രീലക്ഷ്മി

| ക്രമ നം | നൽകിയ തുക | ചെക്ക് നം/തീയതി | നൽകാവുന്ന തുക | അധികം നൽകിയത് |
|---|---|---|---|---|
| 1 | 7000 | 2776789/12.04.19 | 5700 | 1300 |
| 2 | 7000 | 2776794/09.05.19 | 5700 | 1300 |
| 3 | 7000 | 2716909/06.0619 | 5700 | 1300 |
| 4 | 7000 | 2796921/04.07.19 | 5700 | 1300 |
| 5 | 7000 | 43065/09.08.19 | 5700 | 1300 |
| 6 | 7000 | 2716944/02.0919 | 5700 | 1300 |
| 7 | 7000 | 45522/05.10.19 | 5700 | 1300 |
| 8 | 7000 | 2716957/01.11.19 | 5700 | 1300 |
| 9 | 7000 | 2716976/02.12.19 | 5700 | 1300 |
| 10 | 7000 | 2716986/01.01.20 | 5700 | 1300 |
| 11 | 7000 | 2716997/01.02.20 | 5700 | 1300 |
| | | ആകെ | | 14300 |

അനൂപ്

| ക്രമ നം | നൽകിയ തുക | ചെക്ക് നം/തീയതി | നൽകാവുന്ന തുക | അധികം നൽകിയത് |
|---|---|---|---|---|
| 1 | 7000 | 2776789/12.04.19 | 5700 | 1300 |
| 2 | 7000 | 2776794/09.05.19 | 5700 | 1300 |
| 3 | 7000 | 2716909/06.0619 | 5700 | 1300 |
| 4 | 7000 | 2796921/04.07.19 | 5700 | 1300 |
| 5 | 7000 | 43066/09.08.19 | 5700 | 1300 |
| 6 | 7000 | 2716944/02.0919 | 5700 | 1300 |
| 7 | 7000 | 45523/05.10.19 | 5700 | 1300 |
| 8 | 7000 | 2716957/01.11.19 | 5700 | 1300 |
| 9 | 7000 | 2716976/02.12.19 | 5700 | 1300 |
| 10 | 7000 | 2716986/01.01.20 | 5700 | 1300 |

| | | | | |
|---|---|---|---|---|
| 11 | 7000 | 2716997/01.02.20 | 5700 | 1300 |
| | | ആകെ | | 14300 |

ഇവരിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ തനത് ഫണ്ടിനുണ്ടായ നഷ്ടം 28600 രൂപ ഈടാക്കേണ്ടതാണ്.

## 3-7 7.5% വോയിഡ്സ് കുറവു ചെയ്യാതെ തുക നൽകി - നഷ്ടം-11867/-

താഴെപ്പറയുന്ന പ്രവൃത്തികളിൽ 1:4;8 സിമന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുണ്ട്. ഇതിന് 40mm മെറ്റൽ ഉപയോഗിച്ചതിന് കരാറുകാരന് തുക നൽകിയിട്ടുണ്ട്. .CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളിൽ 40mm സ്റ്റോൺ അഗ്രിഗേറ്റിന് സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിക്കുമ്പോൾ വോയിഡ്സിനത്തിൽ7.5% കുറവു ചെയ്ത ശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്..എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ കരാറുകാരന് അധികം നൽകാനിടയായി.വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി/വർക്ക് കോഡ്. | കരാറുകാരൻ | കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റലിന്റെ അളവ്. | അനുവദിച്ച അളവ് | 7.5% കുറവു ചെയ്ത ശേഷം അനുവദനീയമായ അളവ് | അധികം നൽകിയ തുക | FTO No./തീയതി |
|---|---|---|---|---|---|---|
| 17- ാം വാർഡിൽ അമ്പനാകുളങ്ങര- ദുബായ് ഫുട്പാത്ത് കോൺക്രീറ്റിംഗ്. 276936 | മുഹമ്മദ് കുഞ്ഞ് നൈന. | 12.09 M3 | 12.09 M3 | 12.09 M3 – 0.906 = 11.184 M3 | 0.906m3 @ 2250 /M3 = 2038/- | 540280/31-01-20,Rs-168760/- |
| 17- ാം വാർഡിൽ ബ്രില്യന്റ് -ചക്കാല വെളിഫുട്പാത്ത് കോൺക്രീറ്റിംഗ്. 276938 | മുഹമ്മദ് കുഞ്ഞ് നൈന. | 15.67 M3 | 15.67m3 | 15.67– 1.175 = 14.496 M3 | 1.175m3 @2250/m3 =2643/- | 705403/31-03-20, Rs-245721/- |
| 17- ാം വാർഡിൽ കന്നിട്ടപ്പറമ്പ് -തോപ്പിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ്. 277274 | മുഹമ്മദ് കുഞ്ഞ് നൈന. | 24.75m3 | 24.75m3 | 24.75-1.856 =22.89m3 | 1.856m3@ @2250/m3 = 4176/- | 574990/ 14-02-20, Rs238640/- |
| 3- ാം വാർഡിൽ കണ്ണങ്കര-ബിസ്കറ്റ് കമ്പനി ഫുട്പാത്ത് കോൺക്രീറ്റിംഗ്. 276046 | അനസ് നൈന. | 17.85m3 | 17.85m3 | 17.85-1.338 =16.511m3 | 1.338m3 @2250/m3 =3010/- | 21608/28-04-20, Rs252341/- |
| | | | | ആകെ | 11867/- | |
| | | | | | | |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (33 ) ലഭ്യമാക്കിയ മറുപടിയിൽ സെക്യൂർ സോഫ്റ്റ് വെയറിൽ 4.1.8 എന്ന സ്പെസിഫിക്കേഷനിൽ ഈ ഇനത്തിന്റെ ഡേറ്റാ അനാലിസിസിൽ 1m3 ന് ആവശ്യമായ40mm മെറ്റൽ 0.70m3 ആണ്. 7.5% വോയിഡ്സ് കുറച്ച് 0.65m3 ആണ് ഡേറ്റായിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൻപ്രകാരം ഡേറ്റാ അനാലിസിസിൽ തന്നെ വോയിഡ്സിന്റെ അളവ് കുറച്ചിട്ടുണ്ടെന്നും, തന്മൂലം , വോയിഡ്സിന്റെ അളവ് കുറച്ചിട്ടുള്ള അളവാണ് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ഡേറ്റാ അനാലിസിസിൽ 7.5% വോയിഡ്സ് കുറച്ചിട്ടുണ്ടെങ്കിലും, കരാറുകാരൻ സപ്ലൈ ചെയ്യുന്ന അളവിൽ 7.5% കൂടി അധികമായി ഉൾപ്പെടുന്നില്ല. അങ്ങനെ ഉൾ പ്പെടുന്നുവെങ്കിൽ, ആയത് കൂടി അധികമായി ഉൾപ്പെട്ട അളവായിരിക്കണം കരാറുകാരൻ സപ്ലൈ ചെയ്യേണ്ടത്. എന്നാൽ അളവുപുസ്തകത്തിൽ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള അളവും, കരാറുകാരൻ സപ്ലൈ ചെയ്ത അളവും ഒന്നും തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.ആയതിനാൽ തന്നെ 7.5% വോയിഡ്സ് കുറക്കാതെയുള്ള അളവാണ് കരാറുകാരൻ സപ്ലൈ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാണ്. ആയതിനാൽ തന്നെ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ 11867/- രൂപ അക്കാലയളവിലെ സെക്രട്ടറി , അസ്സി.സെക്രട്ടറി, അക്രഡിറ്റഡ് എൻജിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-8 ഒഴിഞ്ഞ ടാർ വീപ്പയുടെ വില ഈടാക്കിയതിൽ കുറവ്-നഷ്ടം-3286/-

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില ഈടാക്കിയിട്ടുണ്ടെങ്കിലും 250/-രൂപ നിരക്കിൽ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.ഒഴിഞ്ഞ ടാർ വീപ്പയ്ക്ക് ഈടാക്കേണ്ട വിലയായ 238 രൂപയൊടൊപ്പം 18% ജി.എസ്.ടി ഉൾപ്പെടെ 281/-രൂപ നിരക്കിൽ ഈടാക്കാതിരുന്നത് മൂലം നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര്/ അളവുപുസ്തകം | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 250രൂപ നിരക്കിൽ ഈടാക്കിയ തുക | 18% നിരക്കിൽ ഈടാക്കേണ്ട ജി.എസ്.ടി | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|
| 1 | NH66-PHC ബ്ലോക്ക് ഓഫീസ് റോഡ് ടാറിംഗ് -W-23 33/19-20 | ഷൌക്കത്തലി | 11 ബാരൽ | 2750/- | 341 | 48/19-20,dt.28.2.20 378026/- |
| 2 | നവഭാവന വായനശാല – കുറുപ്പന്തറ റോഡ് ടാറിംഗ്-w-8 24/18-19. | ക്ലീറ്റസ് സെബാസ്റ്റ്യൻ. | 9 ബാരൽ | 2250/- | 279 | 16/19-20,dt. 26.6.19 498837/- |
| 3. | വലിയവീട്- തെക്കേവെളി റോഡ്ടാറിംഗ്- w-15 1/19-20. | ക്ലീറ്റസ് സെബാസ്റ്റ്യൻ. | 14 ബാരൽ | 3500/- | 434 | 24/19-20,dt. 13.11.19 486667/- |
| 4. | തെക്കേവെളി – ലക്ഷം വീട് റോഡ്ടാറിംഗ്- w-15 7/18-19. | ക്ലീറ്റസ് സെബാസ്റ്റ്യൻ. | 9 ബാരൽ | 2250/- | 279/- | 10/19-20,dt. 11.06.19 499369/- |
| 5. | രാജേന്ദ്രൻ – പീടികപ്പറമ്പ് റോഡ് ടാറിംഗ്- w-10 16/18-19. | C.R.ജയൻ | 9 ബാരൽ | 2250/- | 279/- | 10/19-20,dt. 11.06.19 482067/ |
| 6. | കടിയമ്പള്ളി- കണ്ണാട്ട് റോഡ് ടാറിംഗ്-w-20 32/19-20 | ഷൌക്കത്തലി | 10 ബാരൽ | 2500/- | 310/- | 46/19-20,dt. 25.02.20,Rs363671/- |
| 7. | മണ്ണഞ്ചേരിHS- കുന്നപ്പള്ളി റോഡ് ടാറിംഗ്- w-19, | മൌലാന അബ്ദുൾ കലാം ആസാദ് | 15 ബാരൽ | 3750/- | 465/- | 28/19-20,dt. 20.12.19,Rs593242/- |

| | | | | | | |
|---|---|---|---|---|---|---|
| | 12/19-20 | | | | | |
| 8. | തറക്കാണം റോഡ് ടാറിംഗ്-w-6, 26/19-20 | ഷാഹുൽ ഹമീദ് | 12 ബാരൽ | 3000/- | 372/- | 34/19-20,dt. 14.1.20,535048/- |
| 9. | സരിഗ-വട്ടച്ചിറ – കൃഷ്ണപിള്ള ജം.റോഡ് ടാറിംഗ്-w-14, 25/18-19, | ക്ലീറ്റസ് സെബാസ്റ്റ്യൻ. | 17 ബാരൽ | 4250/- | 527/- | 17/19-20,dt. 28.6.19, 141927/- |
| | | | | ആകെ | 3286/- | |

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (13 ) ലഭ്യമാക്കിയ മറുപടിയിൽ തുക കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.തുക കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-9 പ്ലാസ്റ്റിക് കളക്ഷൻ സെന്റർ നിർമ്മാണം-അപാകതകൾ ( എസ്സ് ഒ – 146/19)-നഷ്ടം- 21721/- രൂപ

അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ആരംഭിച്ച് സ്പിൽ ഓവറായി 2019-20 വർഷം നടപ്പിലാക്കിയ പദ്ധതിയായിരുന്ന പ്ലാസ്റ്റിക് കളക്ഷൻ സെന്റർ നിർമ്മാണം-അപാകതകൾ.ഫയൽ പരിശോധിച്ചതിൽ ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബേസ് മെന്റിന് RR മേസനറി - അധിക അളവിൽ നിർമ്മിച്ചത് മൂലം അധിക ചെലവ് -

ഈ പ്രവർത്തിയുടെ അളവ് പുസ്തകം പേജ് 1 ൽ ഇനം 1 ആയി ചുവടെ ചേർത്തിട്ടുള്ള അളവിൽ ഫൌണ്ടേഷൻ നിർമ്മാണത്തിനായി മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്.

Long Wall -1x 2x20.2x 0.60 X0.60 = 14.544m3

Intermediate Wall-1x3x4.8x 0.60+x0.60 = 5.184m3

1x2x2.53x 0.60x0.60 = 1.821m3

= 21.549m3

ഇനം 3 ആയി ഇതേ അളവിൽ ഫൌണ്ടേഷന് വേണ്ടി RR മേസനറിയും,അതിന് മുകളിൽ ചുവടെ ചേർത്തിട്ടുള്ള അളവിൽ ബേസ് മെന്റും നിർമ്മിച്ചിട്ടുണ്ട്.

1x 2x20x 0.45 X0.45 = 8.10m3

1x3x5.1x 0.45+x0.45 = 3.098m3

1x2x2.83x 0.45x0.45 =1.146m3

1x1x1.2x0.45x0.45 =0.243m3

12.582m3

(-)Bottom Post-2x8x0.45x0.45x0.45 = 1.458m3

11.129m3

ഫൌണ്ടേഷന് മുകളിൽ ബേസ് മെന്റ് നിർമ്മിക്കുമ്പോൾ ഓഫ് സെറ്റ് വീതി കുറവു ചെയ്തതിന് ശേഷമുള്ള അളവിൽ നിന്നുമാണ് ബേസ് മെന്റ് നിർമ്മാണം നടത്തേണ്ടത്.എന്നാൽ ഇപ്രകാരം ഓഫ് സെറ്റ് വീതി കുറവ് ചെയ്യാതിരുന്നാൽ പോലും ബേസ്മെന്റ് നിർമ്മാണത്തിന് പരമാവധി അനുവദിക്കാവുന്ന അളവ് ചുവടെ ചേർക്കും പ്രകാരമാണ്.

1x 2x20x 0.45 X0.45 = 8.10m3

1x3x4.8x 0.45x0.45 = 2.916m3

1x2x2.53x 0.45x0.45 =1.024m3

1x1x1.2x0.45x0.45 =0.243m3

12.283m3

(-)Bottom Post-2x8x0.45x0.45x0.45 = 1.458m3

10.82m3

അധികം - 11.129m3 – 10.82m3 = 0.309 = 0.31m3

അധികം നൽകിയ തുക = 0.31m3@6140/m3 = 1842/-

2. RCC ബെൽറ്റ് നിർമ്മാണം - അധിക അളവിൽ നിർവ്വഹിച്ചു-

ഈ പ്രവർത്തിയിൽ ഇനം 4 ആയി ബേസ് മെന്റിന് മുകളിൽ 10 Cm. കനത്തിൽ ബെൽറ്റും, പില്ലറുകൾക്ക് ഉണകളും 1:2:4 അനുപാതത്തിൽ കോൺക്രീറ്റ് ചെയ്ത് നിർമ്മിച്ചിട്ടുണ്ട്.ബേസ് മെന്റ് നിർമ്മാണത്തിന് അനുവദനീയമായ അളവിൽ 10 Cm. കനത്തിൽ ബെൽറ്റ് നിർമ്മാണത്തിന് അനുവദനീയമായ അളവിന്റെ വിവരം ചുവടെ ചേർക്കുന്നു.

1x 2x20x 0.45 X0.10 = 1.8m3

1x3x4.8x 0.45x0.10 = 0.648m3

1x2x2.53x 0.45x0.10 =0.227m3

1x1x1.2x0.45x0.10 =0.054m3

2.729m3

Base Piller 2x8x0.45x0.45x0.45 = 1.458m3

അനുവദനീയമായ അളവ് = 4.187m3

അനുവദിച്ച നൽകിയ അളവ് = 4.254 M3

അധികം അനുവദിച്ചത് = 4.254 – 4.187 = 0.067m3

0.067m3 X8941/m3 = 599/-രൂപ

3.സോളിഡ് ബ്ലോക്ക് നിർമ്മാണം- ആകെ അളവിൽ നിന്നും ഡോർ, ജനൽ എന്നിവയുടെ അളവുകൾ പൂർണ്ണമായും കുറവ് ചെയ്തില്ല-

ഈ പ്രവർത്തിയുടെ അളവുപുസ്തകത്തിലെ പേജ് 8,21,27 എന്നിവയിൽ 30x20x15 Cm.ബ്ലോക്ക് ഉപയോഗിച്ച് സോളിഡ് ബ്ലോക്ക് നിർമ്മാണം നടത്തിയതിന്റെ അളവുകളും, അതിൽ നിന്നും, ഡോർ, വിൻഡോ എന്നിവയുടെ അളവുകൾക്കായി ആകെ കുറവ് ചെയ്തതിന്റെയും, അതിന് ശേഷം അനുവദനീയമായ അളവും രേഖപ്പെടുത്തിയിട്ടുള്ളത് ചുവടെ ചേർക്കും പ്രകാരമാണ്.

| പേജ് | ആകെ അളവ്(m3) | കുറവ് ചെയ്തത് (M3) | കുറവിന് ശേഷമുള്ള അളവ്.(m3) |
|---|---|---|---|
| 8 | 15.39 | 1x2x1.5x0.15x1.3 = 0.585 | 14.805 |
| 21 | 2.498 | 1x1x1.5x 0.15x0.1 = 0.0225 | 2.475 |
| 27 | 2.356 | 1x3x0.6x0.15x0.4 = 0.108 | 2.248 |
| | ആകെ കുറവ് ചെയ്തത്. | 0.715m3 | |

പേജ് 35ൽ ഇനം 11 ആയി 12mm പ്ലാസ്റ്ററിംഗം,പേജ് 42 ൽ ഇനം 20 ആയി സിമന്റ് പ്രൈമറും പൂശിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കും പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്.

1x 1x1.3 X1 = 1.30m2

1x1x1.5x 1.4 = 2.10m2

1x1x1x 2.1 =2.10m2

1x3x0.6x0.40 =0.72m2

Opening – 1x1x1.23x2.10 = 2.583m3

1x 2x0.80x2.10 = 3.36m3

ആകെ കുറവ് വരുത്തിയത് = 12.163m2

ഇതിന്റെ അടിസ്ഥാനത്തിൽ സോളിഡ് ബ്ലോക്ക് മേസനറിയിൽ നിന്നും കുറവ് ചെയ്യേണ്ട അളവ് = 12.163m2 X 0.15cm = 1.82m3

കുറവ് ചെയ്യത് = 0.715m3

അധികം = 1.82m3 - 0.715m3 = 1.108m3

അധികം നൽകിയത് @6200/m3നിരക്കിൽ = 1.108 X 6200 = 6869/- രൂപ

ഭൗതിക പരിശോധനയിൽ കണ്ട അപാകതകൾ

പ്ലാസ്റ്റിക് കളക്ഷൻ സെന്റർ നിർമ്മാണം എന്ന പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് നടത്തിയ ഭൗതിക പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 60mm ടൈൽ വിരിക്കൽ - അളവുകളിലെ വ്യത്യാസം സംബന്ധിച്ച്-

ഈ പ്രവർത്തിയുടെ അളവ് പുസ്തകം 28/A/18-19 പേജ് 6 ൽ എക്സ്ട്രാ ഇനം 6 ആയി ചുവടെ ചേർത്തിട്ടുള്ള അളവിൽ 60mm കട്ട വിരിച്ചിട്ടുണ്ട്.

1x 1x3.72x 1.85 = 6.882m2

1x9.6x 3.72 = 35.712m2

1x1x3.9x 3.1 =12.09m2

ആകെ = 54.684m2

ആയതിന് എം 2 ന് 948.19 രൂപ നിരക്കിൽ 51850/- രൂപ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. (അളവ് പുസ്തകം 28/A/18-19 പേജ് 73)

ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ട അളവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അളവ് പുസ്തകം പ്രകാരമുള്ള അളവ് | ആകെ | ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ട അളവ് | ആകെ |
|---|---|---|---|
| 1x 1x3.72x 1.85 | 6.882m2 | 1x 1x3.70x 1.90 | 7.03m2 |
| 1x9.6x 3.72 | 35.712m2 | 1x9.6x 3.60 | 34.56m2 |
| 1x1x3.9x 3.1 | 12.09m2 | പരിശോധനയിൽ കണ്ടില്ല. | |
| | 54.684m2 | | 41.59m2 |

വ്യത്യാസം- 54.68- 41.59 = 13.09m2

13.09m2 ന് 948.19 രൂപ/m2 നിരക്കിൽ അധികം നൽകിയത് = 13.09m2 X 948.19 രൂപ = 12411/-രൂപ
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (4,44) ലഭ്യമാക്കിയ മറുപടിയിൽ പ്രവർത്തി പൂർത്തീകരണത്തിന് ശേഷം പ്ലാസ്റ്റിക് പൊടിക്കുന്ന വളരെ വിലയേറിയ മെഷീനുകൾ സ്ഥാപിക്കുന്നതിന് വാഹനം കയറ്റുന്നതിനോ, ക്രയിൻ കയറ്റുന്നതിനോ മറ്റോ, ടൈലുകൾ പൊട്ടിപോകാതിരിക്കാനായി ഇളക്കി മാറ്റി സൈറ്റിൽ തന്നെ സൂക്ഷിച്ചിട്ടുള്ളതായി അറിയുന്നു. ഇവ ഇളക്കി മാറ്റിയിട്ടുള്ളത് എൻജിനീയറിംഗ് വിഭാഗത്തിന്റെ സമ്മതത്തോടെയോ, മേൽനോട്ടത്തിലോ അല്ല എന്നും, അളവുപുസ്തകത്തിൽ ചെയ്തിട്ടില്ലാത്ത അളവുകൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ലായെന്നുമാണ് അറിയിച്ചിട്ടുള്ളത്. ടി മറുപടി അംഗീകരിച്ചാൽ പോലും ആത്യന്തികമായി ചെലവഴിക്കപ്പെട്ട 12411/-രൂപയുടെ ചെലവ് പാഴ്ച്ചെലവായി.ആയതിന് ഉത്തരവാദികളായവരെ കണ്ടെത്തി അവരിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്.

ഒട്ടാകെ അധികം ചെലവഴിച്ചത് = 6869 + 599 + 1842= 9310/-രൂപ

അധികം നൽകിയ തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

അനുബന്ധ വിവരങ്ങൾ

അടങ്കൽ - 1500000/-

കരാറുകാരൻ - ഷാഹുൽ ഹമീദ്.

അളവു പുസ്തകം -1) 28/18-19, 2)28/4/18-19

ആകെ ചെലവ്- 1483436/-

ചെലവ് വിവരം-1)Rs-811022/-ചെക്ക് നം.46745 (ഫൈനൽ ബിൽ)dt.28-11-19

## 3-10 നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല-നഷ്ടം-5193/- രൂപ-

അനുബന്ധവിവരങ്ങൾ-

കരാറുകാരൻ -ഷൌക്കത്തലി,വടക്കേവീട്ടിൽ,മണ്ണഞ്ചേരി.

MB-നം- 32/19-20

ചെലവ് വിവരം - 46/19-20, Dt.25-02-20,363671/-

കരാർ നം.,തീയതി - 32/AE/LSGD/MGP/19-20,dt.26-11-19

PAC- 519331/-

അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019- 20 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ രണ്ടാം വാർഡിൽ കടിയമ്പള്ളി-കണ്ണാട്ട് റോഡ് ടാറിംഗ് ( പ്രൊ.നം.SO-118/20) എന്ന മരാമത്ത് പ്രവർത്തിയുടെ രേഖകൾ പരിശോധിച്ചതിൽ,ഫയലിൽ സൂക്ഷിച്ചിട്ടുള്ള കരാറുകാരന് അയച്ച സെലക്ഷൻ നോട്ടീസിൽ ഒപ്പോ, കൈപ്പറ്റിയ തീയതിയോ രേഖപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടു.പഞ്ചായത്ത് കമ്മിറ്റിയുടെ 29-10-19 ലെ തീരുമാനപ്രകാരമാണ് ടി കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്. 29-10-19 ലെ തീരുമാനപ്രകാരം അംഗീകരിക്കപ്പെട്ടിട്ടുള്ള മറ്റ് പ്രവർത്തികളിലെല്ലാം തന്നെ കരാർ വെയ്ക്കേണ്ടുന്ന അവസാന തീയതി രേഖപ്പെടുത്തിയിരിക്കുന്നത് 18-11-19 ആണ്.എന്നാൽ ഈ പ്രവർത്തിയുടെ കരാർ വെച്ചിട്ടുള്ളത് 26-11-19 ൽ ആണ്.യാതൊരു തീയതിയും സെലക്ഷൻ നോട്ടീസിൽ രേഖപ്പെടുത്താത്തതിൽ നിന്നും നിശ്ചിത തീയതിക്കകം കരാർ വെച്ചിട്ടില്ലായെന്നാണ് വ്യക്തമാകുന്നത്.

2012 ലെ കേരള പിഡബ്ല്യു.ഡി മാനവൽ സെക്ഷൻ 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. അതിനുശേഷം 10 ദിവസം വരെ 1% പിഴയോടുകൂടിയും മാത്രമേ കരാർ ചമയ്ക്കാവൂ. എന്നാൽ ടിയാനിൽ നിന്നും ഫൈൻ ഈടാക്കിയതായും കാണുന്നില്ല. ഈടാക്കേണ്ട ഫൈനിന്റെ വിവരം ചുവടെ ചേർക്കുന്നു.

519331 X 1% = 5193/-രൂപ

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്( 18/2019-20) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരന്റെ പക്കൽ നിന്നും തുക ഈടാക്കി ഒടുക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. കരാറുകാരന്റെ പക്കൽ നിന്നും തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-11 കരാർ നിരക്കിലും അധിക തുക നൽകി-നഷ്ടം-1965/-രൂപ

ടോൺ ഓഫ് സെറ്റ് പ്രിന്റേഴ്സിന് താഴെപ്പറയുന്ന തുകകൾ നൽകിയിട്ടുണ്ട്. 2019-20 വർഷം ഇവരുമായി കരാറുണ്ടാക്കിയിട്ടില്ല. 2018-19 വർഷത്തെ കരാർ പ്രകാരമാണ് തുക നൽകിയിരിക്കുന്നത്. എ4 സൈസ് നോട്ടീസ് പ്രിന്റ് ചെയ്യുന്നതിന് 1000 എണ്ണത്തിന് 800 രൂപയാണ് കരാർ പ്രകാരമുള്ള റേറ്റ്, കുറഞ്ഞത് 500 എണ്ണം . എന്നാൽ അധിക തുക നൽകി.

| ക്രമ നം | പ്രിന്റ് ചെയ്ത നോട്ടീസുകളുടെ എണ്ണം | ക്യാഷ് ബിൽ നം./ തീയതി | നൽകേണ്ട തുക | നൽകിയ തുക | അധികം നൽകിയത് | ചെക്ക് നം. / തീയതി |
|---|---|---|---|---|---|---|
| 1 | 700 | 365/14.08.19 | 560 | 650 | 90 | 43122/30.08.19 |
| 2 | 11500 | 369/17.08.19 | 9200 | 10925 | 1725 | 43122/30.08.19 |
| 3 | 500 | 237/21.12.19 | 800 | 950 | 150 | 46970/27.12.19 |
| ആകെ | | | | | 1965 | |

അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-12 പരസ്യ ചാർജ്ജിനത്തിൽ ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല-നഷ്ടം-9072/-രൂപ

പ്രോജക്ട് നം.S0001/20 പദ്ധതിരൂപീകരണം, നിർവ്വഹണം,മോണിട്ടറിംഗ്
അടങ്കൽ- 300000/-(തനത് ഫണ്ട്)
ചെലവ് -193955/-

നിർവ്വഹണം – സെക്രട്ടറി

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചു കൊണ്ടുള്ള 08.12.2015-ലെ ജി.ഒ ( പി) നം.17 /2015/ പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിൽ സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ എക്സ്പ്രസ് ദിനപ്പത്രത്തിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളിൽ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല എന്ന് കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പത്രസ്ഥാപനം | സ്ഥാപനത്തിൽ നിന്നുള്ള ബിൽനം/തീയതി | ബിൽ തുക | അർഹമായ ഡിസ്കൗണ്ട്(ജി.എസ്.ടി.ഉൾപ്പെടാതെയുള്ള തുകയുടെ 15%) | ചെക്ക്നം./ തീയതി വൗച്ചർ നം |
|---|---|---|---|---|
| എക്സ്പ്രസ് പബ്ലിക്കേഷൻ | KL14025736 /18.09.2019 | 4536 | 648 | |
| | KL14023977 /31.07.2019 | 4536 | 648 | |
| | KL14024397 /10.08.2019 | 3402 | 486 | |
| | KL14025506 /07.09.2019 | 5670 | 810 | |
| | KL14028252 22.11.2019 | 5670 | 810 | |
| | KL14028870 06.12.2019 | 5670 | 810 | |
| | KL14028705 03.12.2019 | 6804 | 972 | |
| | KL14031460 /02.02.2020 | 5670 | 810 | |
| | KL14031779-09.02.2020 | 5670 | 810 | |
| | KL14032806/29.02.2020 | 7938 | 1134 | |
| | KL14033168/07.03.2020 | 7938 | 1134 | |
| ആകെ | | | 9072/- | |

ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി 4-1-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഡിസ്കൗണ്ട് ഇല്ലാതെയാണ് പത്രപ്പരസ്യചാർജ്ജ് ഡിമാന്റ് ചെയ്തതും, പഞ്ചായത്ത് മേൽ ബില്ലുകൾ പ്രകാരം മുഴുവൻ തുകയും അനുവദിച്ചു നൽകുകയും ചെയ്തതത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (31/16-02-2022). സ്ഥാപനത്തിൽ നിന്ന് ഡിസ്കൗണ്ട് ലഭ്യമാക്കാത്തതു മൂലം ഉണ്ടായ നഷ്ടം 9072/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-13 ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കുന്ന സേവനങ്ങൾക്ക് ജി.എസ്.റ്റി ഈടാക്കി-നഷ്ടം-46973/-

സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ ജി.എസ്.റ്റി.ഉൾപ്പടെയുള്ള തുകയാണ് നൽകിയിട്ടുള്ളത്.

(എ) പൈപ്പ് ലൈൻ ഇന്റർ കണക്ഷൻ ജി.എസ്.റ്റി. അധിക വിഹിതം നൽകിയത്

പ്രോജക്ട് നം. -S0236/20

4,5 വാർഡുകളിലെ പൈപ്പ് ലൈൻ ഇന്റർ കണക്ഷൻ ജി.എസ്.റ്റി. അധിക വിഹിതം നൽകൽ

ചെലവ്--20000/- (തനത് ഫണ്ട്, ചെക്ക് നം.2716955/19.10.2019)

മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് 4,5 വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി വാർഡുകളിൽ ഇന്റർകണക്ഷൻ എടുക്കുന്നതിൽ കേരള വാട്ടർ അതോറിറ്റിക്ക് അധികമായി നൽകേണ്ട ജി.എസ്.റ്റി തുക വകയിരുത്തുന്നതായിരുന്ന പ്രോജക്ട്. പ്രസ്തുതബിൽ പ്രകാരം തനത് ഫണ്ടിൽ നിന്നും 20000/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.

(ബി) സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ

പ്രോജക്ട് നം. : S0012/20

അടങ്കൽ : ധനകാര്യകമ്മീഷൻ അവാർഡ് 3688654/-

ചെലവ് : 178323/-(ബിൽ നം.21/19-20 തീയതി.21.01.2020 )

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിലെ 13ാം വാർഡി ലെ വലിയ കലവൂർ ടെമ്പിൾ - വലിയ കലവൂർ ബണ്ട് റോഡ് സ്ട്രീറ്റ്മെയിൻ വലിക്കുന്നതിനായി 178323/- രൂപ കെ.എസ്.ഇ.ബി ചേർത്തല സെക്ഷന് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട് ( എസ്റ്റിമേറ്റ് സാങ്ഷൻ ഓർഡർ നം. DB/SL-AS-15/19-20/ Dtd.25.11.2019). 18% ജി.എസ്.റ്റി 26973.22/- രൂപ ഉൾപ്പടെയുള്ള തുകയാണ് കെ.എസ്.ഇ.ബി യ്ക്ക് നൽകിയത്.

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243ജി പ്രകാരം ത്രിതല പഞ്ചായത്തുകൾ ലഭ്യമാക്കുന്ന സേവനങ്ങൾക്ക് ജി.എസ്.ടി ബാധകമല്ലാത്തതാണ്. ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽപ്പെട്ട പ്രധാന സേവനങ്ങളാണ് കുടിവെള്ള വിതരണം, തെരുവ് വിളക്കുകൾ ലഭ്യമാക്കുക എന്നിവ. ആയതിനാൽ പ്രസ്തുത വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം 16 /14.02.2022) പ്രസ്തുത തുക തിരികെ പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്കും കെ.എസ്.ഇ.ബി യ്ക്കും 15.02.2022ൽ കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭിച്ചു. തുക (20000+ 26973) തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

## 3-14 ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് മരണശേഷവും തുക ക്രഡിറ്റാകുന്നു - നഷ്ടം 38900/-

സാമൂഹ്യ സുരക്ഷ പെൻഷനുകൾ പെൻഷനറുടെ മരണാനന്തരവും സസ്പെന്റ് ചെയ്യപ്പെടാതെ ആക്റ്റീവായി തുടർന്നതിനാൽ ബാങ്ക് മുഖാന്തിരം പെൻഷൻ ലഭിച്ചുപോരുന്ന പെൻഷനറുടെ അക്കൌണ്ടിലേക്ക് മരണശേഷവും തുക ക്രഡിറ്റാകുന്നു.

ഗ്രാമപഞ്ചായത്തിലെ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറും ഗ്രാമപഞ്ചായത്തിലെ 2019- 2020 വർഷം രജിസ്റ്റർ ചെയ്യപ്പെട്ട മരണ റിപ്പോർട്ടും ഒത്തുനോക്കിയപ്പോൾ ഗുണഭോക്താക്കൾക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി ബാങ്കുകൾക്ക് തുക അനുവദിച്ചതായും, ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേക്ക് നേരിട്ട് തുക ലഭിച്ചതായും ശ്രദ്ധയിൽ പെട്ടു. ഇപ്രകാരം തുക ട്രാൻസ്ഫർ ചെയ്ത ഇടപാടുകളിൽ - തിരിച്ചുവരുന്ന തുകയുടെ കൃത്യത, കൈപ്പറ്റാത്ത തുക പൂർണ്ണമായും തിരിച്ച് അടയ്ക്കപ്പെടുന്നുണ്ടോ എന്നിവ പരിശോധിക്കപ്പെടുന്നില്ല.

ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണ നായി നൽകിയ തുക |
|---|---|---|---|---|---|
| 1 | വിദ്യാധരൻ | 104450203027 | 02.05.2019 | 05/19-01/22 | 05/19-07/19-4500 അക്കൗണ്ടിൽ നിക്ഷേപിച്ചു 08/19-01/22- 42200/- തടഞ്ഞുവച്ചിരിക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | | 10.02.2022ൽ പെൻഷൻ സസ്പെന്റ് ചെയ്തു<br>A/C 120101000011584 (IOBA0001201) |
| 2 | ശാരദ | 104450200272 | 09.02.2020 | 02/20-01/22 | 02/20-01 /22-34400/-<br>തുക അക്കൗണ്ടിൽ നിക്ഷേപിച്ചു<br>A/C 31301614465 (SBIN0008622) |
| | ആകെ | | | | 38900/- |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 28 /16.02.2022) അനർഹമായ കാലയളവിൽ നൽകിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയ 38900/- രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം 0നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക:മുന്നിരിപ്പ് ഉൾപ്പെടെ | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 194030 | ലൈഫ് ഭവന നിർമ്മാണം(എസ്.സി) | 180000 | 14030 |
| | | 494030 | ലൈഫ് ഭവന നിർമ്മാണം(ജനറൽ) | 494030 | 0 |
| | | 1970000 | ലൈഫ് ഭവന നിർമ്മാണം(ജനറൽ) | 1970000 | 0 |
| | | 1340765 | ലൈഫ് ഭവന നിർമ്മാണം(ജനറൽ) | 1340765 | 0 |
| | | 100000 | അംഗൻവാടി അനുപൂരക പോഷകാഹാരം | 95615 | 4385 |
| | | 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 400000 | 0 |
| | | 1400000 | പാലിന് സബ്സിഡി | 1400000 | 0 |
| ജില്ലാ പഞ്ചായത്ത് | | 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | | 430000 | പാലിന് സബ്സിഡി | 430000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 9395 | നെൽകൃഷിക്ക് കൂലിച്ചെലവ് | 9395 | 0 |

## 4-2 ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21901768/03.12.2019 | 178323 | 0 | 178323 |
| കേരളാ വാട്ടർ അതോറിറ്റി | 4,5 വാർഡുകളിലെ പൈപ്പ്ലൈൻ ഇന്റർകണക്ഷൻ ജി.എസ്.റ്റി .അധിക വിഹിതം | 21900805/19.10.2019 | 20000 | 0 | 20000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ .

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| Life Mission | GO(ms) No.2278/LSGD /Dtd.18.08.2018 | 71040420 | 71040420 | 5867058 | | 74913362 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 20000000 |
| ആകെ | 20000000 |
| തന്നാണ്ടിൽ പിൻവലിച്ചതുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 20000000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2013-14 | 2(3)1 | 300 | തങ്കച്ചൻ സി.പി | വൗച്ചർ നം.119010101453/22.06.2019 |
| 2013-14 | 2(3)1 | 300 | ശങ്കരൻ | വൗച്ചർ നം.119010101517/25.06.2019 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-3 | 2015-16 | | പി.എച്ച്.സി. കലവൂർ എന്ന സ്ഥാപനത്തിലെ ജീവനക്കാരനായ ശ്രീ. ഗോപാലകൃഷ്ണന്റെ ആദ്യപകുതിയിലെ ശമ്പളം 125934/-രൂപയാണ്. ഇതനുസരിച്ച് ടിയാനിൽ നിന്നും 1250/രൂപയാണ് ഈടാക്കേണ്ടിയിരുന്നത്. എന്നാൽ ഈടാക്കിയ നികുതി 1000/-ആണ്. ശേഷിച്ച 250/-രൂപ ഈ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടതാണ്. | 24.06.2017 തീയതിയിലെ 117010100811 നമ്പർ രസീത് പ്രകാരം ശേഷിച്ച250/- രൂപ അടവാക്കിയിട്ടുണ്ട് |
| | | | | ഫെഡറൽ ബാങ്ക് മണ്ണഞ്ചേരി - സ്ഥാപന നികുതി ഒടുക്കിയിട്ടില്ല | ഫെഡറൽ ബാങ്ക് മണ്ണഞ്ചേരി 16-11-2016 – ലെ 11605400015 രസീത് പ്രകാരം 2500/-രൂപ അടവാക്കിയിട്ടുണ്ട്. |
| | | | | കേരള ഗ്രാമീൺബാങ്ക് മണ്ണഞ്ചേരി - സ്ഥാപന നികുതി ഒടുക്കിയിട്ടില്ല | കേരള ഗ്രാമീൺബാങ്ക്<br><br>15-16 സാമ്പത്തിക വർഷം രണ്ടാം അർദ്ധവർഷം മുതലാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ആയത് ഈടാക്കുന്നതിനായി കത്ത് നൽകിയിരുന്നെങ്കിലും |

| | | | | | |
|---|---|---|---|---|---|
| | | | | | ഇതുവരെ അടവാക്കിയിട്ടില്ല. |
| | | | | എസ്.ബി.ഐ.കലവൂർ - സ്ഥാപന നികുതി ഒടുക്കിയിട്ടില്ല. . | എസ്.ബി.ഐ. കലവൂർ 22-12-2016 - ലെ 11605104902 രസീത് പ്രകാരം 2500/-രൂപ അടവാക്കിയിട്ടുണ്ട് |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 133591835 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 151816809 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 56612 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 203970 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1208117 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 9915 | | ജോജോസ് ബൈജു, സെക്രട്ടറി |
| 2-2 | 33943 | | ഇ.ക്ലീറ്റസ്, സെക്രട്ടറി |
| 2-3 | 12754 | | ജോജോസ് ബൈജു, സെക്രട്ടറി |
| 3-1 | | 25341 | അജിത് കുമാർ വൈ, അസിസിറ്റന്റ് എഞ്ചിനിയർ |
| 3-2 | | 24820 | അജിത് കുമാർ വൈ, അസിസിറ്റന്റ് എഞ്ചിനിയർ |
| 3-3 | | 37543 | അജിത് കുമാർ വൈ, അസിസിറ്റന്റ് എഞ്ചിനിയർ |
| 3-6 | | 28600 | 10400/-ഇ.ക്ലീറ്റസ് , സെക്രട്ടറി<br><br>18200/-ജോജോസ് ബൈജു, |

| | | | |
|---|---|---|---|
| | | | സെക്രട്ടറി - |
| 3-7 | | 11867 | അജിത് കുമാർ വൈ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-8 | | 3286 | അജിത് കുമാർ വൈ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-9(1)<br>(2)<br>(3) | | 1842<br>599<br>6869 | അജിത് കുമാർ വൈ, അസിസ്റ്റന്റ് എഞ്ചിനിയർ -(ആകെ- 9310) |
| 3-10 | | 5193 | അജിത് കുമാർ വൈ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-11 | | 1965 | ജോജോസ് ബൈജു, സെക്രട്ടറി |
| 3-12 | | 9072 | ജോജോസ് ബൈജു, സെക്രട്ടറി |
| 3-13 | | 46973 | ജോജോസ് ബൈജു, സെക്രട്ടറി |
| ആകെ | 56612 | 203970 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 178323 | ജോജോസ് ബൈജു, സെക്രട്ടറി |
| 1-32 | 27840 | രജി ജി.വി, കൃഷി ഓഫീസർ |
| 1-34 | 54454 | ഡോ.മാർട്ടിൻ കുഞ്ചറിയ, മെഡിക്കൽ ഓഫീസർ, മണ്ണഞ്ചേരി |
| 1-37 | 200000 | ജോജോസ് ബൈജു, സെക്രട്ടറി |
| 1-38 | 582500 | ഡോ.രാജു,വെറ്ററിനറി സർജൻ |
| 1-53 | 165000 | ഡോ.മാർട്ടിൻ കുഞ്ചറിയ, മെഡിക്കൽ ഓഫീസർ, മണ്ണഞ്ചേരി |
| ആകെ | 1208117 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|

| | |
|---|---|
| 3-2 | 400 |
| 3-3(3) | 1541 |
| 3-4 | 14572 |
| 3-5 | 11515 |
| 3-14 | 38900 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-31

3-9

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇ.ക്ലീറ്റസ്, സെക്രട്ടറി | സെക്രട്ടറി, കാവാലം ഗ്രാമപഞ്ചായത്ത് | ചിറ്റേത്ത്, കാട്ടൂർ പി.ഒ, ആലപ്പുഴ |
| ജോജോസ് ബൈജു, സെക്രട്ടറി | വിരമിച്ചു | അപ്പത്തറ ഹൗസ്, പാതിരപ്പള്ളി പി.ഒ,ആലപ്പുഴ 688521 |
| അജിത് കുമാർ വൈ, അസിസിറ്റന്റ് എഞ്ചിനിയർ | അസിസിറ്റന്റ് എഞ്ചിനിയർ, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | അരേശ്ശേരിൽ, അവലൂക്കുന്ന് പി.ഒ, കൊറ്റംകുളങ്ങര, ആലപ്പുഴ |
| ഡോ.രാജു, വെറ്ററിനറി സർജൻ | വിരമിച്ചു | കാർത്തിക, മുഹമ്മ പി.ഒ. |
| രജി ജി.വി, കൃഷി ഓഫീസർ | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ചേർത്തല | മുളയ്ക്കൽ, പള്ളിപ്പുറം പി.ഒ, ചേർത്തല |
| രഞ്ജിനി എ.എസ്, അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | അക്രഡിറ്റഡ് എഞ്ജിനിയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | വടക്കേക്കര, നോർത്ത് ആര്യാട് പി.ഒ, ആലപ്പുഴ |
| മനീഷ പി,ഓവർസീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | അക്രഡിറ്റഡ് എഞ്ജിനിയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | കണ്ടത്തിൽ പറമ്പ്, കലവൂർ പി.ഒ, ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ.5-1832/11/30.01.2012 |
| 2006-07 | എൽ.എഫ്.ജി.എ.16-292/10/20.08.10/30.10.2010 |

| | |
|---|---|
| 2007-08 | എൽ.എഫ്.ജി.എ.16-293/10/20.08.10/30.10.2010 |
| 2008-09 | എൽ.എഫ്.ജി.എ.പി.9-1220/11/16.04.12/09.07.2012 |
| 2009-10 | എൽ.എഫ്.ജി.എ.പി.9-1221/11/16.04.12/09.07.2012 |
| 2010-11 | എൽ.എഫ്.ജി.എ.പി.9-1066/12/11.12.2012 |
| 2011-12 | എൽ.എഫ്.ജി.എ.പി.9-340/14/29.04.14/12.06.2014 |
| 2012-13,<br>2013-14 | കെ.എസ്.എ-എ.പി.ഇസഡ്-പി.9/1037/15/01.09.2015 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി13-781/16/15.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി3-1331/16/17.11.2016<br>/20.12.2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി 13-1049/17/05.08.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി.-പി13-89/2019/24.01.2019 |
| 2018-19 | കെ.എസ്.എ.എ.എൽ.പി.-പി9/139/2020/10.02.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്